# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 1, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

193/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

I ഗവർണറുടെ സന്ദേശം ...1

II പ്രത്യേക പരാമർശം

രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത സംഭവം ...1

III അടിയന്തരപ്രമേയം

എൻഡോസൾഫാൻ ദുരിതബാധിതർ

(അവതരണാനുമതി നിഷേധിച്ചു) ...2

IV ശ്രദ്ധ ക്ഷണിക്കൽ

കരിമണൽ ഖനനം—

ശ്രീ. ആർ. രാമചന്ദ്രൻ ...20

V ക്രമപ്രശ്നം

മകരവിളക്ക് തെളിയിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ...25

റൂളിംഗ്

മകരവിളക്ക് തെളിയിക്കുന്നതിനുള്ള അവകാശം—

ശ്രീ. ഒ. രാജഗോപാൽ ...26

VI സബ്മിഷൻ

1. കെട്ടിടങ്ങളുടെ പാട്ടവും അടിസ്ഥാന വാടകയും—

ശ്രീ. വി. കെ. സി. മമ്മത് കോയ ...27

2. താലൂക്കാശുപത്രി വികസനം—

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ— ...29

3. ലൈഫ് പദ്ധതി

ശ്രീ. എം. സ്വരാജ് ...30

*പേജ്*

**VII നിയമനിർമ്മാണകാര്യം**

2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിന്റെ
അവതരണവും സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന പ്രമേയവും ...31

**VIII ക്രമപ്രശ്നം**

കേരള ബാങ്ക് രൂപീകരണം—

ശ്രീ. വി.ഡി. സതീശൻ ...32

**റൂളിംഗ്**

മി. സ്പീക്കർ

**നിയമനിർമ്മാണകാര്യം (തുടർച്ച)**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2019 ഫെബ്രുവരി 1, വെള്ളി*

| വാല്യം 175] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 5 |
| --- | --- | --- |

നിയമസഭ 2019 ഫെബ്രുവരി മാസം 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

## I ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 8-ാം ഉപചട്ട പ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

" I thank the fourteenth Kerala Legislative Assembly for the Motion of Thanks adopted on 30th January, 2019 by its fourteenth Session on my address to the Assembly on 25th January, 2019."

## II പ്രത്യേക പരാമർശം

രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രാഷ്ട്രപിതാവ് മഹാത്മജിയുടെ ചിത്രത്തിനുനേരെ പ്രതീകാത്മകമായി നിറയൊഴിക്കുകയും ഗാന്ധിജിയുടെ ഘാതകനായ നാഥുറാം വിനായക് ഗോഡ്സെയെ പ്രകീർത്തിക്കുകയും ചെയ്ത ഹിന്ദു മഹാസഭാ നേതാവ് പൂജാ ശകുൻ പാണ്ഡെയുടെ നടപടി രാജ്യത്തിനുതന്നെ അപമാനമായി മാറിയിട്ടുണ്ട്. ഗാന്ധിനിന്ദ ബി.ജെ.പി.യുടെയും ആർ.എസ്.എസ്.-ന്റെയും സ്ഥിരം അജണ്ടയായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ഈ സംഭവമുണ്ടായത്. രാജ്യത്തെ മുഴുവൻ ഞെട്ടിച്ച ഒരു സംഭവമാണിത്. ഇതിനെ സഭ ശക്തമായി അപലപിക്കുകയും ഇവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

193/2021

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മഹാത്മാഗാന്ധിയെ പ്രതീകാത്മകമായി വീണ്ടും കൊല്ലുകയും ഗോഡ്സെയെ മഹാനായി വാഴ്ത്തുകയും ചെയ്ത ഹിന്ദുമഹാസഭയുടെ നടപടി നീചവും പ്രാകൃതവുമാണെന്നും ഇതിനെ ശക്തമായി അപലപിക്കേണ്ടതാണെന്നുമുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഈ സഭയ്ക്ക് ഐകകണ്ഠ്യേന അത്തരമൊരു നിലപാട് സ്വീകരിക്കാവുന്നതാണ്. ഗാന്ധിജിയുടെ രക്തസാക്ഷിദിനം രാജ്യം ആചരിക്കുന്ന വേളയിലാണ് ഹിന്ദു മഹാസഭാ സെക്രട്ടറി, പൂജാ ശകുൻ പാണ്ഡെയുടെ നേതൃത്വത്തിൽ ഗാന്ധി ചിത്രത്തിലേക്ക് തോക്കുപയോഗിച്ച് വെടിയുതിർക്കുകയും ചോര ഒഴുക്കുകയും ചെയ്തത്. ഗാന്ധിജിയെ നിന്ദിക്കുകയും നാഥുറാം വിനായക് ഗോഡ്സെയെ മഹാത്മാവായി സ്തുതിക്കുകയും ചെയ്ത ഈ സംഭവം രാജ്യദ്രോഹമാണ്. കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദിയും ഉത്തർപ്രദേശിൽ ശ്രീ. യോഗി ആദിത്യനാഥും ഭരിക്കുന്നതിന്റെ ബലത്തിലാണ് ഗാന്ധിജിയുടെ 71-ാം രക്തസാക്ഷി ദിനത്തിൽ പ്രാകൃതമായ ഈ നടപടിയുണ്ടായത്. ഇക്കാര്യത്തിൽ സഭ അപലപിക്കുകയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്താവുന്നതുമാണ്.

മി. സ്പീക്കർ: രാഷ്ട്രപിതാവിന്റെ ചിത്രത്തിൽ വെടിയുതിർത്ത് രക്തപ്രവാഹം വരുത്തി നാഥുറാം വിനായക് ഗോഡ്സെക്ക് ജയ് വിളിച്ച പ്രവൃത്തി അധമം എന്ന വാക്കിനെപ്പോലും ലജ്ജിപ്പിക്കുന്നതാണ്. ഭയപ്പെടുത്തുന്ന ഈ രീതി മൃഗീയതയുടെ പാരമ്യമാണ്. ഏത് പ്രത്യയശാസ്ത്രത്തിന്റെ പേരിലായാലും ഈ നികൃഷ്ടപ്രവൃത്തി അംഗീകരിക്കാനാകില്ല. ഈ നികൃഷ്ടപ്രവൃത്തിക്കെതിരെയുള്ള വികാരം സഭ ശക്തമായി പ്രതിഫലിപ്പിക്കുന്നു. അത് രാജ്യത്തിന് മുമ്പാകെ സന്ദേശമായി അയയ്ക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം പ്രമാണിച്ച് ഒരു ദിവസം മറ്റ് സഭാനടപടികൾ ഒഴിവാക്കി ഇക്കാര്യം ചർച്ച ചെയ്യണം.

മി. സ്പീക്കർ: അക്കാര്യം ബി.എ.സി. ചർച്ച ചെയ്യുന്നതാണ്.

## III അടിയന്തരപ്രമേയം

### എൻഡോസൾഫാൻ ദുരിതബാധിതർ

മി. സ്പീക്കർ: ഇന്ന് അടിയന്തരപ്രമേയം പരിഗണനയ്ക്കെടുക്കുമ്പോൾ സമയത്തെ സംബന്ധിച്ചുള്ള ധാരണയുണ്ടാകണം. 6 മിനിട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയം അവതരിപ്പിച്ച് അവസാനിപ്പിക്കണം.

എൻഡോസൾഫാൻ ഇരകളും അമ്മമാരും സെക്രട്ടേറിയറ്റ് നടയിൽ നടത്തി വരുന്ന പട്ടിണിസമരത്തോട് ഗവൺമെന്റ് അവഗണന കാണിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, സണ്ണി ജോസഫ്, സി. എഫ്. തോമസ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങളിൽ നമുക്കെല്ലാവർക്കും ഒരേ വികാരം തന്നെയാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിയ പരിരക്ഷയും ആശ്വാസവും അവർ അനുഭവിക്കുന്ന ദുരിതത്തെ ഒരളവുവരെയെങ്കിലും കുറയ്ക്കാൻ കഴിഞ്ഞുവെന്നതാണ് വസ്തുത. ആ വസ്തുതകൾ ശരിയാംവിധം മനസ്സിലാക്കിയാണോ ഈ പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളതെന്ന സംശയം എനിക്കുണ്ട്.

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രശ്നങ്ങൾ റവന്യൂ, ആരോഗ്യം, സാമൂഹ്യനീതി, ഭക്ഷ്യ-പൊതുവിതരണം, വിദ്യാഭ്യാസം മുതലായ വകുപ്പുകൾ മുഖാന്തരമാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രി അദ്ധ്യക്ഷനും ജില്ലാ കളക്ടർ കൺവീനറുമായ ഒരു സെൽ പ്രവർത്തിച്ചുവരുന്നു. എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിന് എല്ലാ സർക്കാരിന്റെ ഭരണകാലത്തും നിലനിൽക്കുന്ന ചില മാനദണ്ഡങ്ങളുണ്ട്. 2013 മുതൽ ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിച്ചാണ് ദുരിതബാധിതരെ കണ്ടെത്താൻ ജില്ലാ ഭരണകൂടവും ആരോഗ്യ വകുപ്പും പ്രവർത്തിച്ചു വരുന്നത്. അതനുസരിച്ച് വിവിധ മെഡിക്കൽ കോളേജുകളിലെ 11 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ ഒരു പാനൽ രോഗാവസ്ഥയിലുള്ളവരെ പരിശോധിച്ച് എൻഡോസൾഫാനുമായി ബന്ധപ്പെടുത്താവുന്ന രോഗാവസ്ഥയാണെന്ന് കണ്ടെത്തുന്നവരുടെ പട്ടിക തയ്യാറാക്കുന്നുണ്ട്. അതേത്തുടർന്ന് ആകാശമാർഗ്ഗേണ എൻഡോസൾഫാൻ തളിച്ച 1978-2000 കാലഘട്ടത്തിൽ പ്ലാന്റേഷൻ തോട്ടങ്ങളിലോ പരിസരത്തോ ജോലി നോക്കിയിരുന്നോ എന്നും മറ്റുവിധത്തിൽ രോഗം പിടിപെടാൻ ഇടയുള്ള സാഹചര്യം ഉണ്ടായിരുന്നോ എന്നുമുള്ള കാര്യം ഫീൽഡ് ലെവലിൽ ശേഖരിക്കുന്ന റിപ്പോർട്ട് സഹിതം അർഹതാനിർണ്ണയം നടത്തുന്നു. ഒരു പ്രത്യേക മെഡിക്കൽ സംഘം റിപ്പോർട്ടുകൾ സൂക്ഷ്മപരിശോധന നടത്തിയശേഷമാണ് അർഹരുടെ പട്ടിക തയ്യാറാക്കുന്നത്. ആ ലിസ്റ്റിൽ ഉൾപ്പെടാത്ത മുഴുവൻ കേസ്സുകളും വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കുകയും ആവശ്യമെങ്കിൽ കൂട്ടിച്ചേർക്കൽ വരുത്തുകയുമാണ് നിലവിലെ രീതി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017 ഏപ്രിൽ മാസം നടത്തിയ പ്രത്യേക ക്യാമ്പിനെ തുടർന്ന് 287 പേരെ പുതുതായി ഉൾപ്പെടുത്തി. അതുസംബന്ധിച്ച് ഇരകളുടെ അമ്മമാർ നൽകിയ പരാതികൾ പരിശോധിച്ച് ജില്ലാതല സെല്ലിന്റെ തീരുമാനപ്രകാരം രോഗാവസ്ഥയിലുള്ള 76 പേരെക്കൂടി

ഉൾപ്പെടുത്തി 363 പേരുടെ പട്ടിക അംഗീകരിച്ചു. പരാതികളെത്തുടർന്ന് പുനഃപരിശോധനയ്ക്കുശേഷം പിന്നീട് 11 പേരെക്കൂടി ഉൾപ്പെടുത്തി. നിലവിൽ ആകെ 6212 പേരാണ് ദുരിതബാധിതരായി അംഗീകരിച്ച പട്ടികപ്രകാരം നിലവിലുള്ളത്. ഈ ക്യാമ്പിൽനിന്നും കണ്ടെത്തിയ ദുരിതബാധിത പട്ടികയിൽ ഉൾപ്പെടാത്ത 657 പേർക്ക് സൗജന്യ ചികിത്സാ സൗകര്യം അനുവദിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നത് നിയമവിധേയമല്ല.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശിപാർശകൾ നടപ്പിലാക്കണമെന്നുള്ള കോടതിയുടെ ഉത്തരവുപ്രകാരം പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം രൂപ, മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപ, മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ, എൻഡോസൾഫാൻ തളിച്ചുതുടങ്ങിയശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ എന്നിങ്ങനെയാണ് നഷ്ടപരിഹാരം നൽകുന്നത്. ഈ ശിപാർശകൾ പലതും പ്രാവർത്തികമാക്കാൻവേണ്ട കേന്ദ്ര സഹായം ഇനിയും ലഭിച്ചിട്ടില്ല എന്നുള്ളത് ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനത്തിന് തടസ്സമാകുന്നു എന്നത് വസ്തുതയാണ്. എന്നാൽ, സംസ്ഥാന സർക്കാർ അതുകൂടികണ്ടുള്ള സഹായമാണ് ഇതിനകം അർഹതപ്പെട്ടവർക്ക് നൽകിയിട്ടുള്ളത്. 2017 ജനുവരി 10-ലെ സുപ്രീംകോടതി വിധിപ്രകാരം നഷ്ടപരിഹാരത്തിന്റെ മൂന്നാം ഗഡു അനുവദിക്കുന്നതിനായി 20-4-2017-ൽ 56,76,00,000 രൂപ സർക്കാർ അനുവദിച്ചു നൽകുകയും ചെയ്തു. നഷ്ടപരിഹാരം നൽകാനായി ആകെ 161,65,00,000 രൂപയാണ് 2012 മുതൽ 2017 വരെയുള്ള കാലയളവിൽ വിവിധ സന്ദർഭങ്ങളിലായി അനുവദിച്ചുനൽകിയത്. 2017-ൽ അനുവദിച്ച മൂന്നാം ഗഡു നഷ്ടപരിഹാര തുകയിൽ നിന്ന് 3526 പേർക്ക് 51,34,00,000 രൂപ വിതരണം ചെയ്തുകഴിഞ്ഞു. ഇതിനുപുറമെ, പ്രത്യേക ധനസഹായത്തിനായി നൽകിയ തുകയിൽ 10 കോടി രൂപ ദുരിതബാധിതർക്കുള്ള സമഗ്ര ആരോഗ്യ പദ്ധതിയായ 'തേജസ്വിനി'-യിലേക്ക് വകയിരുത്തി നൽകിയിട്ടുണ്ട്. 2017-ൽ രോഗം പുതുതായി കണ്ടെത്തിയവർക്ക് സാമ്പത്തികസഹായം വിതരണം ചെയ്യുന്നതിന് ആദ്യഘട്ടമായി 8,35,00,000 രൂപ കളക്ടർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ദീർഘകാല ചികിത്സയാവശ്യമുള്ളവരും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാത്തവരുമായ ദുരിതബാധിതർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന പെൻഷനുപുറമേ 1,700 രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപയും മറ്റുള്ളവർക്ക് 1,200 രൂപയും പ്രതിമാസം നൽകിവരുന്നു. നിലവിൽ 4896 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 2016-17-ൽ 9,76,00,000 രൂപയും 2017-18-ൽ 9,68,00,000 രൂപയും 2018-19 ജനുവരി 15 വരെ 7,48,00,000 രൂപയുമാണ് ഇതിനായി ചെലവായിട്ടുള്ളത്.

ദുരിതബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്ക് 2,000 രൂപ വീതവും ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 2,000 രൂപ വീതവും എട്ടുമുതൽ പത്തുവരെയുള്ളവർക്ക് 3,000 രൂപ വീതവും പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകാർക്ക് 4,000 രൂപ വീതവും ഒറ്റത്തവണ സഹായം നൽകുന്ന പദ്ധതിയാണിത്. കഴിഞ്ഞ അദ്ധ്യയനവർഷം 1213 കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. ദുരിതബാധിതരിൽ പരസഹായം കൂടാതെ ജീവിക്കാൻ കഴിയാത്ത 790 പേരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി പരിചരിക്കുന്ന വ്യക്തിക്ക് പ്രതിമാസം 700 രൂപ വീതം നൽകിവരുന്നു.

കാസർഗോഡ് ജില്ലയിൽ വിവിധ ആരോഗ്യ മേഖലകളിലായി ദുരിതബാധിതർക്ക് സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. ഇതിനായി കേരളത്തിലും കർണ്ണാടകത്തിലുമായി 17 ആശുപത്രികൾ എംപാനൽ ചെയ്യപ്പെട്ടിട്ടുണ്ട്. കിടപ്പിലായ രോഗികൾക്ക് ചികിത്സ വീട്ടിലെത്തി നൽകുന്നതിനായി പ്രത്യേക മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്, അതോടൊപ്പം സാന്ത്വന ചികിത്സയാവശ്യമുള്ളവർക്ക് ലഭ്യമാക്കുന്നതിനായി ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. വൃക്കരോഗ ബാധിതരിൽ ഹീമോഡയാലിസിസ് ആവശ്യമായി വരുന്ന രോഗികൾക്കുവേണ്ടി കാസർഗോഡ് ജനറൽ ആശുപത്രിയിൽ 8 ഡയാലിസിസ് മെഷീനുകൾ പ്രത്യേകം സജ്ജീകരിച്ചിട്ടുണ്ട്. രോഗികളെ ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തിക്കുന്നതിനും ഇതര ആവശ്യങ്ങൾക്കുമായി 9 പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്നതിനാവശ്യമായ തുക ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ഇതിനുപുറമെ ദുരിതബാധിതരെ ആശുപത്രിയിൽ എത്തിക്കാൻ 11 പഞ്ചായത്തുകളിലും കരാറിടിസ്ഥാനത്തിൽ വാഹനങ്ങൾ ഏർപ്പാട് ചെയ്തിട്ടുണ്ട്. ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഫിസിയോ തെറാപ്പിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. ഇവർ കിടപ്പിലായ രോഗികളുടെ വീടുകളിലെത്തി സൗജന്യസേവനം നൽകിവരുന്നു. ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും സുസജ്ജമായ ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ആശുപത്രികളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കെട്ടിടങ്ങൾ നിർമ്മിച്ചുവരികയാണ്. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 4 പീഡിയാട്രിക് ഐ.സി.യു.-കൾ സജ്ജീകരിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിലവിലുള്ള തസ്തികകൾക്കുപുറമേ അധികമായി നിയമിച്ചിട്ടുമുണ്ട്. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്ത, മരണപ്പെട്ടുപോയ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയിട്ടുള്ളവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായവും അനുവദിച്ചുവരുന്നു.

ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി ബാങ്ക് അധികൃതരിൽനിന്നും റിപ്പോർട്ടുകൾ ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ  വിവിധ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള ദുരിതബാധിതരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് 2,17,00,000 രൂപ അനുവദിച്ചു. 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ എഴുതിത്തള്ളുന്നതിന് 4,63,00,000 രൂപ അനുവദിക്കുകയും ദുരിത ബാധിതരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇതിനകം നൽകുകയും ചെയ്തിട്ടുണ്ട്.  2018 ഒക്ടോബർ 25 മുതൽ ആറ് മാസക്കാലത്തേക്ക് ദുരിതബാധിതരുടെ എല്ലാ കടബാധ്യതകൾക്കുമുള്ള മൊറട്ടോറിയം ആറുമാസത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.  കൂടാതെ എല്ലാ ജപ്തിനടപടികളും നിർത്തിവച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദുരിതബാധിതർക്കുവേണ്ടി മാതൃകാപരമായ പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഇത്തരത്തിലുള്ള സേവനത്തെ ബഹുമാനപ്പെട്ട ഹൈക്കോടതി പ്രശംസിച്ചിട്ടുണ്ട്. കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012-ൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനസഹായമൊന്നും ലഭ്യമായിട്ടില്ല. ദുരിതബാധിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പരിഗണിച്ച് കേന്ദ്രസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വീണ്ടും കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് പരമാവധി സഹായമാണ് സർക്കാർ നൽകിയിട്ടുള്ളത്. അത് എല്ലാവരിലും എത്തിക്കുന്നതിലുള്ള കുറവുകൾ പരിഹരിച്ച് സമാശ്വാസ പ്രവർത്തനങ്ങൾ സർക്കാർ തുടരുകതന്നെ ചെയ്യും. അതോടൊപ്പം സമരരംഗത്തുള്ള വരുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയുടെ അറിയിപ്പ് പോയിട്ടുണ്ട്. ഇന്ന് കൂടുന്ന യോഗത്തിൽ അവരുമായി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് റവന്യൂ, ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.  ആ ചർച്ചയിൽനിന്ന് പ്രശ്നങ്ങൾക്ക് അനുഭാവപൂർവ്വമായ പരിഹാരമുണ്ടാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സർക്കാർ ചെയ്ത കാര്യങ്ങൾ അറിയാതെയാണ് ഞാൻ അടിയന്തരപ്രമേയം കൊണ്ടുവന്നതെന്നാണ്  ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെ പറഞ്ഞതിൽ എനിക്കൊരു ബേജാറുമില്ല, ഒരുപക്ഷേ അത് എനിക്കുനേരെയുള്ള അദ്ദേഹത്തിന്റെ പരിഹാസമായിരിക്കാം. എന്തായാലും നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിയായതുകൊണ്ട് എനിക്കതിൽ ഒരു ബേജാറുമില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ സർക്കാരും ഇപ്പോഴത്തെ സർക്കാരും ചെയ്തിട്ടുള്ള കാര്യങ്ങൾ അദ്ദേഹം ഇവിടെ പറഞ്ഞു.  കഴിഞ്ഞ സർക്കാർ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; ഈ സർക്കാർ ഒരു കാര്യവും ചെയ്തിട്ടില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

കാരണം എൻഡോസൾഫാൻ പ്രശ്നത്തെ രാഷ്ട്രീയ വിഷയമാക്കി മാറ്റാൻ എനിക്കൊട്ടും താല്പര്യമില്ല. മനുഷ്യാവകാശ പ്രവർത്തകയും സാമൂഹ്യ പ്രവർത്തകയുമായ ശ്രീമതി ദയാബായി അടക്കമുള്ളവർ സെക്രട്ടേറിയറ്റിനുമുന്നിൽ പട്ടിണിസമരം നടത്തുന്നത് ഒരു കാര്യവുമില്ലാതെയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കേട്ടാൽ തോന്നും. നമ്മുടെ പ്രിയപ്പെട്ട സഹോദരി ദയാബായിയെപ്പോലെയുള്ളവർ സെക്രട്ടേറിയറ്റിനുമുന്നിൽവന്ന് പട്ടിണി സമരം കിടക്കണമെങ്കിൽ അതിൽ ഒരു കാര്യവുമില്ലെന്ന് പറയാൻ ആർക്കും സാധിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ഈ സഭയിൽ എനിക്ക് തന്ന മറുപടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ചെയ്ത കാര്യങ്ങളും കഴിഞ്ഞ സർക്കാർ അധികാരത്തിലുണ്ടായിരുന്നപ്പോൾ എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യവും പറഞ്ഞിട്ടുണ്ട്. അതൊന്നും ഒരു ത്രാസിലിട്ട് തൂക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കാസർഗോഡ് ജില്ലയെ കുറേക്കാലമായി വേട്ടയാടിക്കൊണ്ടിരിക്കുന്ന ഒരു ദുരന്തമാണ് എൻഡോസൾഫാൻ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എൻഡോസൾഫാനെ കുറിച്ച് എല്ലാവർക്കും വ്യത്യസ്ത കാഴ്ചപ്പാടുകളും അഭിപ്രായവുമാണുള്ളത്. തെറ്റിദ്ധാരണകൾ ചില ആളുകൾക്കുണ്ട്. കാസർഗോഡ് ജില്ലയിലെ സഹോദരീസഹോദരന്മാർ അനുഭവിക്കുന്ന ദുരിതം എൻഡോസൾഫാൻ മൂലമാണോ എന്ന കാര്യത്തിൽ ആശങ്കകളും സംശയങ്ങളും ചില ആളുകൾക്കുണ്ട്. അക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്, കേരളത്തിലെ വടക്കേ അറ്റത്തുള്ള കാസർഗോഡ് ജില്ല ഹിരോഷിമ പോലെ ഒരു ദുരന്തമായി മാറിയത് പ്ലാന്റേഷൻ കോർപ്പറേഷന്റെ പോരായ്മകൊണ്ടാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല എന്നാണ്.

അയ്യായിരത്തോളം ഹെക്ടർ കശുമാവിൻ തോട്ടങ്ങളിൽ കാൽ നൂറ്റാണ്ടുകാലം എൻഡോസൾഫാൻ തളിച്ചതിന്റെ ദുരന്തഫലമാണ് കാസർഗോഡ് ജില്ല ഇന്ന് അനുഭവിക്കുന്നത്. വിഷം തളിക്കുന്നത് നിർത്തിയിട്ട് ഒന്നര പതിറ്റാണ്ടിലധികമായെങ്കിലും രോഗികളുടെ എണ്ണം ഇപ്പോഴും ഭയാനകമായി ഉയരുകയാണ്. അന്യഗ്രഹങ്ങളിലെ വിചിത്രജീവികളെപ്പോലെ അംഗവൈകല്യമുള്ള കുഞ്ഞുങ്ങൾ മരിച്ചതിനൊപ്പം ജീവിക്കുന്നു. അമ്മമാരുടെ നിലവിളികൾ അവസാനിക്കുന്നില്ല. കുഞ്ഞുങ്ങളെ നെഞ്ചോടുചേർത്തു പിടിച്ച് അമ്മമാർ നൽകുന്നത് മുലപ്പാലല്ല, വിഷമാണെന്ന് അവർപോലും അറിയുന്നില്ല.

1963-ലാണ് കേരളത്തിന്റെ കൃഷി വകുപ്പ് 'എൻമകജെ' പഞ്ചായത്തിലെ 'പെഡ്രു' യിലും മറ്റ് സ്ഥലങ്ങളിലും കശുമാവിൻ തൈകൾ നടാൻ തുടങ്ങിയത്. 1978-ൽ ഈ തോട്ടം കേരള സർക്കാരിന്റെ കീഴിലുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ഏറ്റെടുത്തു. 1977-ലാണ് കീടനാശിനി തളിക്കാൻ തുടങ്ങിയത്. ആദ്യത്തെ രണ്ടു വർഷം എൻഡ്രിൻ (Endrin) എന്ന കീടനാശിനി ഹാൻഡ് പൈപ്പ്

ഉപയോഗിച്ചാണ് തളിച്ചിരുന്നത്. ടീ മൊസ്കിറ്റോ എന്നറിയപ്പെടുന്ന കീടത്തെ തുരത്താനാണ് ഇത് ചെയ്തത്. പ്ലാന്റേഷൻ കോർപ്പറേഷൻ 1979-ൽ ഹെലികോപ്റ്റർ ഉപയോഗിച്ച് ആകാശമാർഗ്ഗേന എൻഡോസൾഫാൻ തളിക്കാൻ തുടങ്ങി. അതോടെയാണ് നാടാകെ ദുരന്തഭൂമിയായി മാറാൻ തുടങ്ങിയത്. തിയോഡാൻ (Thiodan) എന്ന പേരിൽ അറിയപ്പെടുന്ന എൻഡോസൾഫാൻ ഒരു രാസ കീടനാശിനിയാണ്. 1950-കളിലാണ് ഇതാദ്യമായി ഉപയോഗത്തിൽ വരുന്നത്. AgrEvo എന്ന മൾട്ടി നാഷണൽ കമ്പനിയാണ് ഇതിന്റെ പ്രധാന ഉത്പാദകർ. ഓർഗാനോ ക്ലോറിൻ വിഭാഗത്തിൽപ്പെടുന്ന കീടനാശിനിയാണ് എൻഡോസൾഫാൻ. സ്ഥാവര കാർബണിക സംയുക്തങ്ങളുടെ അതായത് 'POPs' (Persistent Organic Pollutants) കൂട്ടത്തിൽ ഏറ്റവും പ്രധാനിയാണ് ഓർഗാനോ ക്ലോറിനുകൾ. കാൻസർ, ഹോർമോൺ വ്യവസ്ഥയിലെ തകരാറുകൾ, പ്രതിരോധശേഷിയെ അപകടപ്പെടുത്തൽ, പ്രത്യുത്പാദന വ്യവസ്ഥകളുടെ താളംതെറ്റൽ തുടങ്ങിയ സൂക്ഷ്മമായ മാറ്റങ്ങൾക്ക് കാരണമാകുന്നതുകൊണ്ട് POPs രാസവസ്തുക്കൾ ലോകവ്യാപകമായിത്തന്നെ നിരോധിച്ചിട്ടുണ്ട്. 1990-1993 കാലയളവിൽ ഇൻഡൊനേഷ്യയിലെ തെക്കൻ സുലാവേസി പ്രദേശത്ത് കീടനാശിനി വിഷബാധയിൽ 132 ആളുകൾ മരിച്ചത് എൻഡോസൾഫാൻമൂലമായിരുന്നു. 1990-ൽ ഫിലിപ്പൈൻസിലെ നാഷണൽ പോയിസൺ കൺട്രോൾ ഇൻഫർമേഷൻ സെന്റർ 278-ഓളം വിഷബാധ രേഖപ്പെടുത്തിയതിൽ 85 മരണങ്ങളും എൻഡോസൾഫാൻ കാരണമായിരുന്നു. 1991-ൽ സുഡാനിൽ പക്ഷികളെ കൊല്ലുന്നതിനായി എൻഡോസൾഫാനിൽ പൊതിഞ്ഞുവച്ച വിത്തുകൾ വിതറി. ഒടുവിൽ 31 പേരുടെ മരണത്തിന് അതിടയാക്കി. ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ 1994-ൽ ഇന്ത്യയും ഇക്വഡോർ, മൗറീഷ്യസ്, പരാഗ്വേ എന്നീ രാജ്യങ്ങളും എൻഡോസൾഫാനെ മുൻകരുതലുകൾ വേണ്ട കീടനാശിനികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. അമേരിക്കയിൽ 1966-1982-നുമിടയിൽ ചുരുങ്ങിയത് 113 കേസുകളിൽ എൻഡോസൾഫാൻ പ്രതിക്കൂട്ടിലുണ്ടായിരുന്നു. പലതും മരണത്തിൽ കലാശിച്ച വിഷബാധകളായിരുന്നു. വിവിധ കീടനാശിനികൾ തളിച്ചിട്ടും എൻഡോസൾഫാന്റെ മാത്രം അവശിഷ്ടം വിളസസ്യങ്ങളിൽ മറ്റുള്ളവയെക്കാൾ കാണുകയുണ്ടായി. മറ്റൊരു പഠനത്തിൽ എൻഡോസൾഫാൻ തളിച്ചുകഴിഞ്ഞ് 20 ദിവസത്തിനുശേഷം ഭൂഗർഭ ജലത്തിൽ ഇവയുടെ സാന്നിധ്യം ലിറ്ററിന് 9.053 മൈക്രോഗ്രാം എന്ന തോതിൽ കണ്ടെത്തുകയുണ്ടായി.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് 6 മിനിട്ടെടുത്തു. അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങൾ സംസാരിക്കൂ... എൻഡോസൾഫാന്റെ വിഷാംശത്തെ കുറിച്ച് നമുക്കിടയിൽ തർക്കമില്ലല്ലോ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ മറ്റ് ജില്ലകളിലുള്ള ആളുകളുടെ സംശയം ദൂരീകരിക്കുക എന്നതാണ് എന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം.

<u>മി. സ്പീക്കർ</u>: അതിന് ധാരാളം പുസ്തകങ്ങൾ ഉണ്ടല്ലോ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഏതായാലും അങ്ങേയ്ക്ക് നൽകിയ ഉറപ്പ് പാലിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനകീയ പ്രക്ഷോഭം ഇപ്പോൾ ശക്തമായിരിക്കുകയാണെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. കുറേ കാര്യങ്ങൾ അദ്ദേഹമിവിടെ പറഞ്ഞു. അത് ഈ സർക്കാരും കഴിഞ്ഞ സർക്കാരും ചെയ്ത കാര്യങ്ങളാണെന്നതിൽ സംശയമില്ല. ഇന്ന് പട്ടിണി സമരത്തിന്റെ മൂന്നാം ദിവസമാണ്. ഒരു മാസം മുമ്പ് എൻഡോസൾഫാൻ സെല്ലിന്റെ ഒരു യോഗം കാസർഗോഡ് കളക്ടറേറ്റിൽവച്ച് ചേർന്നിരുന്നു. എൻഡോസൾഫാൻ സെല്ലിന്റെ ചുമതലയുള്ള റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ആ യോഗത്തിൽ പങ്കെടുത്ത് കുട്ടികളെയൊന്നും തെരുവിൽ പ്രദർശിപ്പിക്കാൻ പാടില്ലെന്ന് പറഞ്ഞിരുന്നു. പ്രിയപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, ഇതിന് മുൻകാല പ്രാബല്യമുണ്ടോ എന്നാണ്. കാരണം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കുട്ടികളെയൊക്കെ തട്ടിക്കൊണ്ടുവന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ വസതിക്കുമുമ്പിൽ കഞ്ഞിവച്ച് വിളമ്പാൻ ആരൊക്കെ നേതൃത്വം നൽകിയിരുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്.

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഒരുകാര്യം കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. 13-7-2012-ൽ അങ്ങ് സഭയിൽ കൊണ്ടുവന്ന പ്രൈവറ്റ് ബില്ലാണ് ഇപ്പോൾ എന്റെ കയ്യിലുള്ളത് (ബിൽ ഉയർത്തിക്കാട്ടി). എൻഡോസൾഫാൻ കീടനാശിനി ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ലഭ്യമാക്കുന്നതിനായി പ്രത്യേക ട്രിബ്യൂണൽ വേണമെന്നാണ് അങ്ങ് ഈ ബില്ലിൽ ആവശ്യപ്പെട്ടിട്ടുള്ളത്. അങ്ങ് ഇപ്പോഴും ഇക്കാര്യത്തിൽ ഉറച്ചുനിൽക്കുന്നുണ്ടോ എന്നാണ് എനിക്ക് അറിയേണ്ടത്. വളരെ ബഹുമാനത്തോടുകൂടി മുഖ്യമന്ത്രിയോടും മറ്റുള്ള മന്ത്രിമാരോടും പറയാനുള്ളത്, മനുഷ്യന്റെ പ്രശ്നങ്ങൾ ഈ ഭാഗത്തുനിന്നും ആ ഭാഗത്തിരിക്കുമ്പോൾ അല്ലെങ്കിൽ ആ ഭാഗത്തിരുന്നയാളുകൾ ഈ ഭാഗത്തിരിക്കുമ്പോൾ മാറുന്നതല്ല. ആ പ്രശ്നങ്ങളും പ്രയാസങ്ങളും എപ്പോഴും ഒന്നുതന്നെയായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർക്കുന്നുണ്ടാകുമെന്ന് എനിക്കറിയാം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് അദ്ദേഹമൊരു കേരളയാത്ര നടത്തിയിരുന്നു. ആ സമയത്ത് കാസർഗോഡ് വന്ന് ജനങ്ങൾക്ക് നൽകിയ ഉറപ്പ് എല്ലാവർക്കുമറിയാം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ഇരകൾക്ക് ഒരു പ്രശ്നവും ഉണ്ടാകുകയില്ലെന്നാണ് അദ്ദേഹം കാസർഗോഡുവച്ച് പറഞ്ഞത്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: അങ്ങ് ദീർഘിപ്പിച്ച് കഴിഞ്ഞു.... പ്ലീസ്.... കൺക്ലൂഡ്.. ഇനിയും നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എൻഡോസൾഫാൻ ബാധിതരുടെ ലിസ്റ്റും അവരുടെ അംഗസംഖ്യയുമൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. പക്ഷേ മുഴുവനാളുകളും അതിൽ ഉൾപ്പെട്ടിട്ടില്ല. 2017-ൽ നടത്തിയ പ്രത്യേക മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തിയ 1905 ആളുകൾ അടക്കമുള്ള മുഴുവൻ ദുരിതബാധിതരെയും പട്ടികയിലുൾപ്പെടുത്തി സൗജന്യ ചികിത്സയും മറ്റ് സഹായങ്ങളും അനുവദിക്കുക എന്നതാണ് ഇപ്പോൾ പട്ടിണി സമരം നടത്തുന്നവരുടെ പ്രധാന ആവശ്യം. മറ്റൊന്നുള്ളത്, സുപ്രീംകോടതി വിധി സംബന്ധിച്ചാണ്. 2017 ജനുവരി 10-ന് ഇന്ത്യയിലെ പരമോന്നത നിതിപീഠം മുഴുവൻ ദുരിതബാധിതർക്കും 5 ലക്ഷം രൂപവീതം ധനസഹായം നൽകണമെന്ന വിധി പ്രഖ്യാപിച്ചിരുന്നു. സുപ്രീംകോടതിയിൽ ഇതുമായി ചെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിയുടെ യുവജനസംഘടനയായ ഡിവൈ.എഫ്.ഐ. ആണെന്നതും ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ആ ഹർജിയെത്തുടർന്നാണ് സുപ്രീംകോടതി 5 ലക്ഷം രൂപവീതം എല്ലാവർക്കും നൽകണമെന്ന് വിധിച്ചത്.

മി. സ്പീക്കർ: അങ്ങ് സാധാരണ എടുക്കുന്നതിനേക്കാൾ കൂടുതൽ സമയമെടുത്തു. ഇത് ശരിയായ കാര്യമല്ല, ഇതു പറ്റില്ല. ... പ്ലീസ് കൺക്ലൂഡ്...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ആ സുപ്രീംകോടതി വിധി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ചില കാര്യങ്ങളിൽ സുപ്രീംകോടതി വിധി നടപ്പിലാക്കാൻ നമുക്ക് വല്ലാത്ത ധൃതിയാണ്. ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് സുപ്രീംകോടതിവിധി നടപ്പിലാക്കാത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രതിപക്ഷം നടത്തുന്ന പല സമരങ്ങളോടുമുള്ള നിലപാട് എന്താണെന്ന് നമുക്കെല്ലാമറിയാം. ഇവിടെ എം.എൽ.എ.-മാർ സമരം നടത്തിയപ്പോൾ, "ധർണ്ണയിരിക്കുന്ന എം.എൽ.എ.-മാർക്കറിയാം അത് അവസാനിപ്പിക്കാൻ" എന്നാണ് അങ്ങ് പറഞ്ഞത്.

മി. സ്പീക്കർ: അങ്ങ് അതിലേയ്ക്കൊന്നും പോകേണ്ട. കൺക്ലൂഡ് ചെയ്യൂ. സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണെങ്കിൽ അത് ആവശ്യപ്പെടൂ...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ആ നിലപാട് ഈ കുഞ്ഞുങ്ങളോടും അമ്മമാരോടും അങ്ങ് സ്വീകരിക്കാൻ പാടില്ല. ഈ പ്രശ്നത്തിൽ ഇടപെടണമെന്നാണ് വളരെ താഴ്മയോടെ ഇരുകൈകളും നീട്ടി എനിക്ക് അങ്ങയോട് അപേക്ഷിക്കാനുള്ളത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.. അങ്ങ് അവസാനിപ്പിക്കൂ . ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് നിന്നുവരുന്ന ഒരു ജനപ്രതിനിധി എന്ന നിലയിൽ പട്ടിണിസമരം അവസാനിപ്പിക്കാൻ വേണമെങ്കിൽ അങ്ങയുടെ കാല് പിടിക്കാനും ഞാൻ തയ്യാറാണ്. അങ്ങനെ കാല് പിടിച്ചാൽ

എന്റെ അന്തസ്സും അഭിമാനവും തകരുകയില്ല. ആ അമ്മമാർക്കുവേണ്ടി എന്റെ അന്തസ്സും അഭിമാനവും തകർന്നാലും ഒരു പ്രശ്നവുമില്ലെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും അങ്ങ് ഇടപെട്ട് ഈ സമരം അവസാനിപ്പിക്കണമെന്നും ഇരുകയ്യും നീട്ടി ഞാൻ പ്രിയപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ വികാരം എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. എല്ലാവർക്കും ഇക്കാര്യത്തിൽ വികാരമുണ്ടെങ്കിലും അവിടത്തെ ജനപ്രതിനിധിയെന്ന നിലയിൽ ഇത്തരം പ്രശ്നങ്ങൾ കാണുന്നതുകൊണ്ട് അദ്ദേഹത്തിന് സ്വാഭാവികമായും വികാരം കൂടും. അദ്ദേഹം ഇവിടെ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചാൽ സർക്കാർ ഏറെക്കുറെ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. അതുമായി ബന്ധപ്പെട്ട് വലിയ പരാതി അദ്ദേഹത്തിനില്ല. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, നമ്മുടെ സഭയിൽ ആർക്കെങ്കിലും എൻഡോസൾഫാന്റെ ആപത്തിനെക്കുറിച്ച് വേണ്ടത്ര വ്യക്തതയില്ലായിരുന്നുവെങ്കിൽ അതിന് അദ്ദേഹത്തിന്റെ അവതരണം നല്ലതുപോലെ ഉപകരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ സംഭവിച്ച ദുരന്തം, എൻഡോസൾഫാൻ എത്രമാത്രം മാരകമാണ് എന്നിവയെല്ലാം നല്ല രീതിയിൽ തന്നെ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു വിയോജിപ്പുമില്ല. എൻഡോസൾഫാൻ മാരകവിഷം തന്നെയാണ്. ഇവിടെ സർക്കാർ ചെയ്ത കാര്യങ്ങൾ അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. അറിയാതെ എന്ന് പറയുമ്പോൾ അറിഞ്ഞിട്ടും അറിയില്ലെന്ന് നടിക്കാമല്ലോ; അതാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ഇത്തരമൊരു പ്രമേയം വന്നിട്ടുള്ളതെന്ന് തോന്നുന്നു. അദ്ദേഹം പറഞ്ഞ ഒരു കാര്യം സ്വാഗതാർഹമാണ്. കാരണം, ഇതൊരു രാഷ്ട്രീയ വിഷയമാക്കി മാറ്റാൻ ആഗ്രഹമില്ലെന്ന് പറഞ്ഞു. അത് ശരിയാണ്. ഇത് രാഷ്ട്രീയ വിഷയമായി കാണേണ്ട കാര്യമില്ല. ഇത് മനുഷ്യരുടെ പ്രശ്നമാണ്, നമുക്കെല്ലാവർക്കും ഇക്കാര്യത്തിൽ ഒരേ വികാരമാണ്. ആ വികാരത്തോടെ പ്രശ്നം പരിഹരിക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ശ്രീമതി ദയാബായി യെപ്പോലെ മാന്യയായ ഒരു സാമൂഹ്യ പ്രവർത്തക ഇത്തരം ഒരു സമരം ഏറ്റെടുത്ത് നടത്തുന്നത് ഗൗരവമായിത്തന്നെയാണ് സർക്കാർ കാണുന്നത്. മിനിഞ്ഞാന്നാണ് സമരം തുടങ്ങിയത്. ഇന്നലെ സർക്കാർ ഇടപെട്ടതുകൊണ്ടുതന്നെയാണ് റവന്യൂ വകുപ്പുമന്ത്രി ഇന്ന് ചർച്ച വച്ചിട്ടുള്ളത്. അവരോട് ഒരു തരത്തിലുള്ള അനാദരവും സർക്കാരിനില്ല. ഈ പ്രശ്നം ഉന്നയിക്കുന്നതിനെ ഏതെങ്കിലും തരത്തിൽ പ്രതികാരപരമായി കാണുന്ന സമീപനവും സർക്കാരിനില്ല. ഒരു പ്രശ്നം ഗൗരവമായി അവർ ഉന്നയിക്കുന്നു, അത് ചർച്ച ചെയ്യണം എന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ

സർക്കാരും ഇപ്പോഴുള്ള സർക്കാരും ചെയ്ത കാര്യങ്ങൾ ത്രാസിന്റെ രണ്ട് തട്ടിലിട്ട് തുലനം ചെയ്യാനൊന്നുമില്ലെന്ന് ഇവിടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞു. അതെല്ലാം നല്ലകാര്യമാണ്. ഇതൊക്കെ തുടർച്ചയാണ്. പക്ഷേ, തുലനം ചെയ്യുന്നതിനും സർക്കാരിനെ സംബന്ധിച്ചിടത്തോളം വേറെ വിഷമങ്ങളൊന്നുമില്ല. കാരണം, സർക്കാർ ചെയ്യേണ്ട കാര്യങ്ങളൊക്കെ കൃത്യമായി ചെയ്യുന്നുണ്ടെന്ന ബോധ്യമുണ്ട്. പക്ഷെ, ഓരോ ഘട്ടത്തിലും ആവശ്യമായ കാര്യങ്ങൾ ചെയ്യുകയാണ് വേണ്ടത്. അക്കാര്യങ്ങൾ നിർവ്വഹിക്കേണ്ട ബാധ്യത നമ്മുടെ സമൂഹത്തിനുണ്ട്. ആ ബാധ്യതയാണ് സർക്കാർ നിർവ്വഹിക്കേണ്ടത്. ഏത് സർക്കാർ അധികാരത്തിലുണ്ടായാലും ആ ബാധ്യത നിറവേറ്റേണ്ടതുണ്ട്. എൻഡോസൾഫാന്റെ കാര്യത്തിൽ നമ്മുടെ ഇടയിൽ വ്യത്യസ്ത അഭിപ്രായമില്ല. എല്ലാവർക്കും ഒരേ അഭിപ്രായമാണ്, അതാണ് ഈ സ്ഥിതിവിശേഷം ഉണ്ടാക്കിയിരിക്കുന്നത്. പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവിന് ഹെലികോപ്റ്റർവഴി വിഷം തളിച്ച കാര്യങ്ങളൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നില്ല. അദ്ദേഹം പറഞ്ഞത് പൂർണ്ണമായും ശരിയായ കാര്യമാണ്. ഇവിടെ എൻഡോസൾഫാൻ സെൽ ഇടയ്ക്കിടയ്ക്ക് യോഗം ചേരാറുണ്ട്. അതിന്റെ ഭാഗമായി കഴിഞ്ഞ തവണ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി യോഗം വിളിച്ച് വിശദമായി ചർച്ച ചെയ്തിട്ടുമുണ്ട്. സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതബാധിതരെ പലരും കാണാറുണ്ട്. നേരത്തേയുള്ള യാത്രയുടെ ഘട്ടത്തിൽ ഞാൻ കണ്ടതിനെപ്പറ്റി അദ്ദേഹം പറയുകയുണ്ടായി. അത്തവണ മാത്രമല്ല, പിന്നീടും ഞാൻ കണ്ടിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ അവസ്ഥ ദയനീയമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നാൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ തുടർച്ചയായി കാര്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. അതാണ് ഇവിടെ കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതിവിധി സംബന്ധിച്ച് നേരത്തെ തന്നെ ഞാൻ പറഞ്ഞു, മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഒരു വിധിയുമുണ്ട്. ആ വിധിയുടെ അടിസ്ഥാനത്തിലുള്ള തുക പ്രത്യേകമായി നിശ്ചയിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ ഇന്ന കാറ്റഗറിക്ക്, പിന്നെയുള്ള കാറ്റഗറിക്ക് ഇത്ര തുക എന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. ആ തുകയാണ് എല്ലാവർക്കും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങളിൽ സർക്കാരിന് ക്രിയാത്മക സമീപനം മാത്രമേയുള്ളൂ. ശക്തമായ സമ്മർദ്ദത്തെ തുടർന്നാണ് നേരത്തെ പ്രഖ്യാപിച്ചിരുന്ന പല ആനുകൂല്യങ്ങളും നടപ്പാകാതിരുന്നത് എന്നുള്ളത് മറക്കരുത്. ആ ആനുകൂല്യങ്ങൾ ശരിയായ രീതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിന് 68 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള

പ്രവർത്തനങ്ങൾ അവിടെ തുടങ്ങിയിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിലാണ് പുനരധിവാസ ഗ്രാമം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ ഏല്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ രൂപരേഖ ജില്ലാതല സെൽ യോഗത്തിൽ അവതരിപ്പിക്കുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ സേവന മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 233 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ, ജലവിതരണ പദ്ധതികൾ ഇവയൊക്കെയാണ് ഇതിലുള്ളത്. 197 പദ്ധതികൾ ഇതിനകംതന്നെ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി കാണുന്നതിന്റെ ഭാഗമായാണ് ഇന്നലെ അവതരിപ്പിച്ച ബഡ്ജറ്റിൽ 20 കോടി രൂപ സർക്കാർ നീക്കിവച്ചിട്ടുള്ളത്. ഈ തുകയും ഇവരുടെ ആശ്വാസ പ്രവർത്തനങ്ങൾക്കായി നൽകുമെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ബഹുമാന്യനായ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അത് നിത്യവും കണ്ടുകൊണ്ടിരിക്കുന്ന അംഗമെന്ന നിലയ്ക്കുള്ള വികാരമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. ഈ പ്രശ്നത്തിൽ ആകാവുന്ന കാര്യങ്ങളൊക്കെ ചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതുതന്നെയാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ സമരം ചെയ്യുന്നവരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇന്നത്തെ ചർച്ചയിൽ തീരുമാനം ഉണ്ടാകുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, മാർട്ടിൻ ലൂഥർ കിംഗിന്റെ പ്രശസ്തമായ ഒരു വാചകമുണ്ട്. "Injustice anywhere is a threat to justice everywhere"-എവിടെ നീതിനിഷേധമുണ്ടായാലും അത് എല്ലായിടത്തെയും നീതിക്ക് ഭീഷണിയാണ്. ഹിരോഷിമയിലും നാഗസാക്കിയിലുമുണ്ടായ ദുരന്തം തലമുറകളിലൂടെ ജനങ്ങളിലേയ്ക്ക് ഇപ്പോഴും പടർന്നുകൊണ്ടിരിക്കുകയാണ്. അതുപോലെയാണ് എൻഡോസൾഫാൻ ദുരന്തവും. ഈ ദുരന്തം കാസർഗോഡ് ജില്ലയിലും തലമുറകളിലൂടെ എത്തിക്കൊണ്ടിരിക്കുന്നു എന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റ് ചെയ്ത കാര്യങ്ങളൊക്കെ ഇവിടെ വിശദീകരിച്ചു. ശ്രീമതി

ദയാബായി എന്ന സാമൂഹ്യ പ്രവർത്തകയുടെ നേതൃത്വത്തിൽ ഇതുപോലൊരു പട്ടിണിസമരം ഗാന്ധിജിയുടെ രക്തസാക്ഷി ദിനത്തിൽ നടത്തേണ്ടിവന്നത് എത്ര ഗൗരവമുള്ള ഒരു കാര്യമാണെന്ന് അങ്ങ് ആലോചിക്കണം. സർക്കാരിന്റെ പദ്ധതികളൊക്കെ അങ്ങ് വായിക്കുകയുണ്ടായി. പക്ഷേ, ആ പദ്ധതികളൊന്നും ഇവിടെ നടപ്പാകില്ല അല്ലെങ്കിൽ നടപ്പാക്കുന്നില്ല എന്നതാണ് അവരുടെ പ്രധാനപ്പെട്ട പ്രശ്നം. അവരുടെ നിവേദനത്തിന്റെ ഒരു ഭാഗം ഞാൻ വായിക്കാം - 'എൻഡോസൾഫാൻ ദുരിതബാധിതർ വീണ്ടും പ്രക്ഷോഭം നടത്താൻ നിർബന്ധിതരായിരിക്കുകയാണ്. ജീവൻമരണ പോരാട്ടങ്ങൾ നടത്തി നേടിയെടുത്ത അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ സമരമല്ലാതെ മറ്റൊന്നും അവരുടെ മുമ്പിലില്ല. സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പാക്കാൻ ഔദ്യോഗിക സംവിധാനങ്ങൾ വിമുഖത കാട്ടുമ്പോൾ മറ്റെന്താണ് ചെയ്യേണ്ടത്; ദുരന്ത ജീവിതങ്ങൾക്ക് വേറെ എന്താണ് പോംവഴി? ' സർക്കാർ ധാരാളം പരിപാടികൾ പ്രഖ്യാപിച്ചു. ഈ പദ്ധതികളൊന്നും എൻഡോസൾഫാൻ ഇരകളിൽ എത്തുന്നില്ല എന്നതാണ് അവരുടെ പരാതി. പ്രഖ്യാപനങ്ങൾ ഇല്ലായെന്നതല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും 20 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചുവെന്ന് ഇവിടെ പറഞ്ഞു. കഴിഞ്ഞതവണ 50 കോടി രൂപ അനുവദിച്ചിട്ട് നയാപൈസ കൊടുത്തിട്ടില്ലെന്നതാണ് ഏറ്റവും വിചിത്രമായ മറ്റൊരു കാര്യം. എന്തൊക്കെ ആവശ്യങ്ങൾ അവർ ഉന്നയിക്കുന്നു എന്നതാണ് പ്രധാനകാര്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കഴിഞ്ഞ കൊല്ലം 50 കോടി രൂപ അനുവദിച്ചിട്ട് ഒരു പൈസപോലും കൊടുത്തില്ലെന്ന് പറയുന്നത് ശരിയല്ല. 56 കോടി രൂപയാണ് കഴിഞ്ഞ വർഷം അനുവദിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അവരെന്നോട് പറഞ്ഞ കാര്യമാണിത്. അങ്ങ് അവരോട് സംസാരിക്കുമ്പോൾ പറഞ്ഞാൽ മതി. ഇന്നലെ ഞാൻ അവിടെ ചെന്നപ്പോൾ സമരം ചെയ്യുന്നവർ പറഞ്ഞത്, അവർക്ക് കിട്ടുന്നില്ലെന്നാണ്. അതാണിവിടെ പ്രശ്നം. ഏട്ടിലെ പശു പുല്ല് തിന്നില്ലല്ലോ. എൻഡോസൾഫാൻ ദുരിത ബാധിതർക്കായി പ്രഖ്യാപിച്ചിരുന്ന പാക്കേജ് പൂർണ്ണമായും നടപ്പാക്കുമെന്നാണ് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞത്. നടപ്പാക്കിയോ? ആദ്യ ഗഡുവായി അൻപത് കോടി രൂപ അനുവദിക്കുന്നു, കാസർഗോഡ് പാക്കേജിലെ ഒരു വിഭാഗം പണം ഇതിനായി വിനിയോഗിക്കുന്നു. വിനിയോഗിച്ചോ ? ഇതെല്ലാം അവരെന്നോട് പറഞ്ഞ കാര്യമാണ്. അങ്ങ് ചർച്ച ചെയ്യുമ്പോൾ അവരോട് പറഞ്ഞാൽ മതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് പാക്കേജിൽനിന്ന് അഞ്ച് കോടി രൂപ മൂളിയാറിൽ ഉണ്ടാക്കാൻ പോകുന്ന പുതിയ വില്ലേജിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. അതിന്റെ പ്രവൃത്തികൾക്ക് തുടക്കംകുറിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, അതാണ് പറയുന്നത്, ഏട്ടിലെ പശു പുല്ല് തിന്നില്ല എന്ന്. ഇവിടെ മാറ്റിവച്ചിട്ടുണ്ടെന്നാണ് പറയുന്നത്. അങ്ങ് കാസർഗോഡ് ജില്ലയിലെ മന്ത്രിയല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കാൾ, സെല്ലിന്റെ ചെയർമാൻ കൂടിയായ അങ്ങ് ഇടപെട്ട് കാര്യങ്ങൾ നടപ്പാക്കേണ്ടതല്ലേ? കാസർഗോഡ് പാക്കേജിന് മുൻകൈ എടുത്തയാൾ ഞാനാണ്. അങ്ങേക്കറിയാമല്ലോ, മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയാണ് അത് നടപ്പാക്കിയത്. അത് എത്രമാത്രം മുന്നോട്ടുപോകുന്നുണ്ട്? ഞാൻ സ്നേഹസന്ദേശ യാത്ര നടത്തിയതിനുശേഷം നൽകിയ നിവേദനത്തിന്റെ ഫലമായാണ് ഇത് നടപ്പായത്. എൻഡോസൾഫാൻ ദുരിതബാധിതരിൽ അർഹരായവരെയെല്ലാം ആ പട്ടികയിൽ ഉൾപ്പെടുത്തുക, അവർക്കാവശ്യമായ നഷ്ടപരിഹാരം വിതരണം ചെയ്യുക, ബഹുമാനപ്പെട്ട സുപ്രീംകോടതിവിധി നടപ്പാക്കുക, ദുരിതബാധിതർക്ക് ആവശ്യമായ ചികിത്സ നൽകാൻ തയ്യാറാകുക, ദുരിതബാധിതരുടെ കടങ്ങൾ പൂർണ്ണമായും എഴുതിത്തള്ളാൻ തയ്യാറാകുക, 2010-ലെ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. ഇന്നലെ ഞങ്ങൾ ആ കുട്ടികളെ അവിടെപ്പോയി കണ്ടു. അവർ എൻഡോസൾഫാൻ ദുരിതബാധിതരല്ലെന്ന് ആർക്ക് പറയാൻ കഴിയും? ഇതെല്ലാം നടപ്പാക്കിയെങ്കിൽ പ്രശസ്ത സാമൂഹ്യ പ്രവർത്തകയായ ശ്രീമതി ദയാബായിക്ക് ഗാന്ധിജിയുടെ രക്തസാക്ഷി ദിനത്തിൽ തിരുവനന്തപുരത്തുവന്ന് പട്ടിണി സമരം കിടക്കേണ്ട ആവശ്യമുണ്ടായിരുന്നോ? അതാണിവിടത്തെ പ്രശ്നം. കാഞ്ഞങ്ങാട് എം.എൽ.എ. കൂടിയായ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അവരെ കാസർഗോഡ് വിളിച്ചുവരുത്തി ചർച്ച ചെയ്തിരുന്നെങ്കിൽ ഈ പാവപ്പെട്ട കുട്ടികളെ തിരുവനന്തപുരം വരെ കൊണ്ടുവരേണ്ട ആവശ്യമുണ്ടായിരുന്നോ? അവരെ കണ്ടാൽത്തന്നെ നമുക്ക് സങ്കടം വരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ച ഈ നിർദ്ദേശങ്ങളോ ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളോ എല്ലാം കടലാസിൽ മാത്രമാണെന്നതാണ് അവരുടെ പരാതി. 2018 ജനുവരി 30-ന് ആരംഭിച്ച ഈ സമരത്തെ ഗൗരവമായി എടുക്കുകയും വളരെ സഹാനുഭൂതിയോടുകൂടി കാണുകയും ചെയ്യുക എന്നുള്ളതാണ് ഇന്ന് ഗവൺമെന്റ് ചെയ്യേണ്ടതായിട്ടുള്ളത്.

2017 ഏപ്രിൽ മാസത്തിൽ നടത്തിയ പ്രത്യേക മെഡിക്കൽ ക്യാമ്പിൽ 6800 പേരാണ് അപേക്ഷകരായി ഉണ്ടായിരുന്നതെന്നാണ് കളക്ടറുടെ കത്ത്. ഇതിൽ 3888 പേരെ മെഡിക്കൽ ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയരാക്കി. എന്നാൽ

മെഡിക്കൽ പരിശോധന നടന്ന രണ്ട് ദിവസം ആ പ്രദേശത്ത് ഹർത്താലായിരുന്നു. അതുകൊണ്ടുതന്നെ ആ പ്രദേശത്തെ അപേക്ഷകരായിട്ടുള്ള പലർക്കും ക്യാമ്പിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇതിനായി മറ്റൊരു സംവിധാനം ഏർപ്പെടുത്താനോ മറ്റൊരു ദിവസം നിശ്ചയിക്കാനോ ജില്ലാ ഭരണകൂടത്തിന് കഴിഞ്ഞില്ല. പരിശോധനയ്ക്ക് വിധേയരായ 3888 പേരിൽ എൻഡോസൾഫാനുമായി ബന്ധപ്പെട്ട് ദുരിതബാധിതരായ 1905 പേരുടെ ലിസ്റ്റ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ തയ്യാറാക്കി. പിന്നീട് വ്യക്തമായ കാരണം കൂടാതെ ആ ലിസ്റ്റ് 287 ആയി ചുരുങ്ങി. ഇതാണ് ഇതിന്റെ മൂലകാരണം. അതുകൊണ്ട് ബോധപൂർവ്വം ആളുകളുടെ എണ്ണം കുറച്ചു എന്നുള്ളതാണ് ശ്രീമതി ദയാബായി ഇന്നലെ എന്നോട് പറഞ്ഞത്. മാത്രമല്ല, ഇത്തരത്തിൽ ഒഴിവാക്കപ്പെട്ട ഭൂരിഭാഗവും കുട്ടികളാണ്. ഇതേത്തുടർന്ന് അമ്മമാരുടെ ഭാഗത്തുനിന്ന് ശക്തമായ പ്രതിഷേധം ഉണ്ടായി.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പട്ടിക തയ്യാറാക്കുമ്പോൾ അങ്ങയുടെ ഭരണകാലത്തും ഇങ്ങനെ തന്നെയാണ് സംഭവിച്ചിട്ടുള്ളത്. 2900-ലേറെപ്പേരെ പട്ടികയിൽ ഉൾപ്പെടുത്തിയതിൽ നിന്നാണ് അങ്ങയുടെ ഭരണകാലത്ത് 336 പേരെ തെരഞ്ഞെടുത്തത്. മറ്റേ പട്ടിക പ്രസിദ്ധീകരിച്ചിട്ടുമില്ല. 336 ആളുകളെ തെരഞ്ഞെടുത്തിട്ടാണ് അന്ന് ആനുകൂല്യങ്ങൾ കൊടുത്തിരുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഹർത്താലായിരുന്നതിനാലാണ് പരിശോധനയ്ക്ക് വരാൻ അവർക്ക് കഴിയാതെ പോയത്. പട്ടിക തയ്യാറാക്കിയതിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ തയ്യാറാക്കിയ 1905 പേരുടെ ലിസ്റ്റ് 287 ആയി ചുരുങ്ങി. മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, അതിൽ 77 പേരെ കൂട്ടിച്ചേർത്തുവെന്ന്. അർഹരായ 1532 പേർ ഇപ്പോഴും പട്ടികയ്ക്ക് പുറത്താണ്. അവരുടെ പ്രശ്നം പരിഹരിക്കണമെന്നതാണ് ഇവരുടെ ആവശ്യം. 2017 ജനുവരി 10-ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയിൽ മുഴുവൻ ദുരിതബാധിതർക്കും അഞ്ച് ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്നാണുള്ളത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരമുള്ള സാമ്പത്തികസഹായം ആർക്കും ലഭിച്ചില്ല. തുലാസിലിട്ട് തൂക്കുകയൊന്നും വേണ്ട, ഉമ്മൻ ചാണ്ടി ഗവൺമെന്റാണ് ഇക്കാര്യത്തിൽ ഏറ്റവും ശക്തമായ നടപടി സ്വീകരിച്ചത്. ആ ഗവൺമെന്റിന്റെ ഭരണകാലത്ത് നടപ്പാക്കിയ പദ്ധതികളെക്കുറിച്ചുള്ള കടലാസ്സുകൾ എന്റെ കൈവശമുണ്ട്. പക്ഷെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, ഇത് അതുകൊണ്ട് അവസാനിക്കുന്നില്ല. തുടർന്നുള്ള സഹായങ്ങൾ അവർക്കാവശ്യമാണ്. ഉദാഹരണത്തിന്, ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഇവരുടെയെല്ലാം റേഷൻ കാർഡ് ബി.പി.എൽ. ആക്കി നൽകി. ഇപ്പോൾ എന്താണ് സ്ഥിതി? സാധാരണഗതിയിലുള്ള കാർഡിന്റെ പരിശോധന അനുവദിക്കുന്നതി

നനുസരിച്ച് ആ കാർഡുകൾ മാറ്റി. കഴിഞ്ഞ ഗവൺമെന്റ് അവരെയെല്ലാം ബി.പി.എൽ. ആക്കിയതാണ്. എന്തുകൊണ്ട് അതിപ്പോഴും തുടരുന്നില്ല? ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികളാണ് വേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്. ശാസ്ത്രീയവും പ്രായോഗികവുമായ പുനരധിവാസ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നുള്ള പരാതിയുണ്ട്. അതുകൊണ്ട്, എന്റെ അഭിപ്രായം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ ചർച്ചയിൽ പങ്കെടുക്കണമെന്നാണ്. അങ്ങേയ്ക്ക് ഇക്കാര്യങ്ങളെല്ലാം അറിയാവുന്നതാണ്. അങ്ങയുടെ പ്രസംഗത്തിൽ നിന്ന് എനിക്കത് മനസ്സിലായി. അങ്ങ് എന്തുകൊണ്ട് ഈ സെല്ലിന്റെ യോഗം വിളിക്കുന്നില്ല? കാസർഗോഡുവച്ച് പരിഹരിക്കാത്തതു കൊണ്ടാണ് അവർ തിരുവനന്തപുരത്ത് വന്നത്. വീണ്ടും ആ സെല്ലിന്റെ ചെയർമാൻ തന്നെ യോഗം വിളിച്ചുകൂട്ടിയാൽ എന്തുണ്ടാകാനാണ്? ഒന്നുമുണ്ടാകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ചയ്ക്ക് വിളിക്കണം. ആ പ്രശ്നം പരിഹരിക്കാൻ അങ്ങുതന്നെ മുൻ കയ്യെടുക്കണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ കാസർഗോഡ് വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിച്ച കാര്യങ്ങൾ നടക്കാതെ പോയതുകൊണ്ട് തിരുവനന്തപുരംവരെ വണ്ടി കയറിയെത്തിയ ഈ പാവപ്പെട്ട കുട്ടികളെ കണ്ടാൽ സങ്കടം തോന്നും.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, യോഗം വിളിച്ചുചേർത്തിട്ടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സെല്ലിന്റെ യോഗം കൂടിയില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി യോഗത്തിൽ പങ്കെടുത്തുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ കാസർഗോഡുകാരനാണ്. അദ്ദേഹം ഈ സെല്ലിന്റെ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. അവിടെ പരിഹരിക്കാത്തത് കൊണ്ടല്ലേ ഇവിടെ വന്ന് സമരം ചെയ്യുന്നത്? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം വിളിച്ചാലേ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയുള്ളൂ. ഞങ്ങൾ ഇക്കാര്യത്തിൽ രാഷ്ട്രീയം കാണുന്നില്ല. പക്ഷേ, ഇത്രയും മനുഷ്യത്വപരമായി കാണേണ്ട ഒരു പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട എന്ന് പറയുന്നതിനോട് എനിക്ക് പ്രതിഷേധമുണ്ട്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

<u>ശ്രീ. എം. ഉമ്മർ</u>: സർ, മൂന്ന് ദിവസമായി സ്ത്രീത്വത്തിന്റെ ഏക ഭൂഷണമായ കൈക്കുഞ്ഞുങ്ങളുമായി, അതും മനുഷ്യസൃഷ്ടികൊണ്ട് ഉണ്ടായിത്തീർന്ന വൈകല്യത്തോട് കൂടിയിട്ടുള്ള കൈക്കുഞ്ഞുങ്ങളുമായി പട്ടിണിസമരം നടത്തുകയാണ്.

മി. സ്പീക്കർ: സ്ത്രീത്വത്തിന്റെ ഏക ഭൂഷണമല്ല, ഭൂഷണങ്ങളിലൊന്ന്....

ശ്രീ. എം. ഉമ്മർ: സർ, മാരാരുടെ വാക്കാണ്. സ്ത്രീത്വത്തിന്റെ ഏക ഭൂഷണമെന്നത് ഗംഗാധരൻ മാരാരുടെ വാക്കുകളാണ്. 'ഭാരതപര്യടനം' അങ്ങ് എടുത്ത് വായിച്ചുനോക്കിയാൽ മതി.

മി. സ്പീക്കർ: കുട്ടിക്കൃഷ്ണമാരാർ ആണ്.

ശ്രീ. എം. ഉമ്മർ: സർ, അതെ. കുട്ടികൃഷ്ണമാരാർ. 'ഭാരതപര്യടന'ത്തിൽ കുട്ടികൃഷ്ണമാരാരുടെ ഒരു പ്രയോഗമാണ് 'ഏക ഭൂഷണം' എന്നത്. അതും 'അർജ്ജുന വിഷാദയോഗ'ത്തിൽ പറഞ്ഞതാണ്. എന്റെ പ്രയോഗമല്ല. ഈ പ്രയോഗം കറക്ടാണ്.

മി. സ്പീക്കർ: അതെ, ആയിക്കോട്ടെ. ഭൂഷണങ്ങളിലൊന്നാണെന്നാണ് പറഞ്ഞത്.

ശ്രീ. എം. ഉമ്മർ: സർ, കുട്ടികൃഷ്ണമാരാർ എന്ന് പറയപ്പെടുന്ന കേരള സാഹിത്യത്തിലെ തലയെടുപ്പുള്ള വ്യക്തിയുടെ വാക്കാണ് - "സ്ത്രീത്വത്തിന്റെ ഏക ഭൂഷണമായ കൈക്കുഞ്ഞുമായി ഭാരതപര്യടനത്തിലേക്ക് പോയിട്ടുള്ള..." അതിൽ പറഞ്ഞ വാക്കാണ്.

മി. സ്പീക്കർ: ശരി, അംഗീകരിച്ചു. വേഗം പറഞ്ഞോളൂ.

ശ്രീ. എം. ഉമ്മർ: സർ, കൈക്കുഞ്ഞുങ്ങളുമായി മൂന്ന് ദിവസമായി നമ്മുടെ സഹോദരിമാർ സെക്രട്ടേറിയറ്റിനുമുമ്പിൽ സമരത്തിലാണ്. സമരത്തിലാണെന്ന് മാത്രം പറഞ്ഞാൽ പോര. മാതൃഭൂമി പത്രത്തിന്റെ മുഖപ്രസംഗത്തിൽ എഴുതിയിട്ടുണ്ട്, "പൊള്ളണം കേരളത്തിന് ഈ പട്ടിണിസമരത്തിൽ - നിരാലംബരായ ഒരു വിഭാഗം ജനതയോട് ചെയ്തത് പൊറുക്കാനാകാത്ത നീതികേടാണ്. പൊള്ളണം കേരളത്തിന് ഈ പട്ടിണി സമരത്തിൽ അല്ലെങ്കിൽ നാളെ നമ്മെ ചരിത്രം കുറ്റക്കാരെന്ന് വിധിക്കും". ഇതൊരു പത്രത്തിന്റെ മുഖപ്രസംഗത്തിൽ എഴുതിയ കാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്ത ആനുകൂല്യങ്ങളെ സംബന്ധിച്ച് ധാരാളം പറയുകയുണ്ടായി. കുറച്ചാളുകൾക്ക് കൊടുത്തിട്ടുണ്ടാകാം. ഇതിന്റെ victims ആണെന്ന് കണ്ടെത്തിയ 3547 പേർക്ക് നയാപൈസപോലും ഇതുവരെ കൊടുത്തിട്ടില്ല. മാത്രമല്ല, ദുരിതം അനുഭവിക്കുന്നവർക്ക് അൻപതിനായിരം രൂപയ്ക്കും മൂന്ന് ലക്ഷം രൂപയ്ക്കും ഇടയിലുള്ള കടം എഴുതിത്തള്ളുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ ഒന്നും ചെയ്തിട്ടില്ല. 2018 മാർച്ചിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എടുത്ത തീരുമാനമാണ്. സമരം നടത്തുന്നവരുമായി ചർച്ച നടത്തി അവരുടെ ഗ്രീവൻസ് എന്താണെന്ന് മനസ്സിലാക്കണം. അവർക്കുള്ള നീതി നിഷേധിക്കപ്പെട്ടിട്ടുണ്ടോ

എന്നുള്ള കാര്യങ്ങൾ മനസ്സിലാക്കണം. അതല്ലാതെ കുറേ കണക്ക് പറഞ്ഞ് കണ്ണിൽച്ചോരയില്ലാത്ത വർത്തമാനം പറയുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഇത്തരം അടിയന്തര പ്രാധാന്യമുള്ള, നമ്മുടെ രാജ്യത്തെ നടുക്കിയ, നമ്മുടേതായ ഗവൺമെന്റുകളുടെ, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പിടിപ്പുകേടുകൊണ്ട് നിരാലംബരായിത്തീർന്ന ഇവരുടെ ദുഃഖം കാണാൻ കഴിയാതെ പോകുന്നത്, അവരുടെ സങ്കടം തീർക്കാൻ കഴിയാതെ പോകുന്നത് കടുത്ത അനീതിയാണ്. ഇക്കാര്യം ഇവിടെ ചർച്ച ചെയ്യാൻ കൂട്ടാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എം. ഉമ്മറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. സി. എഫ്. തോമസ്: സർ, ഒരു രാഷ്ട്രീയവുമില്ല എന്ന് പ്രമേയാവതാരകനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിനോട് യോജിച്ചു. എന്നാൽ ഈ സാഹചര്യത്തിൽ അടിയന്തര പ്രമേയത്തിന് ചർച്ച അനുവദിച്ചുകൊണ്ട് ദുരന്തത്തിനിരയായവരെ സഹായിക്കാൻ ഒന്നിച്ചുനിന്ന് നമ്മുടെ നാടിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നുള്ള ഒരു ചർച്ച ഇവിടെ നടക്കുമെന്നായിരുന്നു എനിക്ക് തോന്നിയത്. ഇതിനെ രാഷ്ട്രീയമായി കാണരുത്. പിന്നെ ഏത് അടിയന്തരപ്രമേയത്തിലാണ് ഇതിന് സാഹചര്യമൊരുക്കുന്നത്? നമ്മുടെ നാട്ടിൽ ഈയൊരു പ്രവണതയേ ശരിയല്ല. ഏത് വിഷയമാണെങ്കിലും ജനാധിപത്യത്തിൽ സമരം ചെയ്താലേ തീർക്കാൻ സാധിക്കൂ എന്നൊരു നിലപാട് ശരിയല്ല. സാധാരണയായി സമരം വരും, പക്ഷേ ഇത്രയേറെ മനുഷ്യത്വവും മനുഷ്യസ്നേഹവും അടിസ്ഥാനമാക്കിയിട്ടുള്ള ഒരു പ്രശ്നം സമരത്തിലൂടെയേ തീർക്കുകയുള്ളൂ എന്നുപറയുന്നത് ശരിയാണോ?

ഇപ്പോൾ റേഷൻ കാർഡ് പുതുക്കുന്ന സമയമല്ലേ; ബി.പി.എൽ. ലിസ്റ്റ് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മാറാരോഗങ്ങളുള്ളവർക്ക് മുൻഗണനാ കാർഡ് കൊടുക്കുന്നു. ഇങ്ങനെയുള്ള കുടുംബങ്ങൾക്ക് നൽകിയ ബി.പി.എൽ/ മുൻഗണനാ കാർഡ് നിഷേധിക്കുന്നു എന്ന് പറയുന്നത് ശരിയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു 'ഒന്നും ചെയ്യാൻ സാധിക്കാത്തവരെ പരിചരിക്കാൻ നിൽക്കുന്നവർക്ക് 700 രൂപ മാസം കൊടുക്കുന്നു' എന്ന്. ഞാൻ കേട്ടത് ശരിയായിരിക്കും, നിങ്ങളും കേട്ടതാണ്. ഒരു ദിവസം 900 രൂപ ലഭിക്കുന്നിടത്ത് ഒരു മാസം 700 രൂപ കൊടുത്താൽ ആര് നിൽക്കും? നടക്കാൻ സാധിക്കാത്തവരെയും ജോലിക്ക് പോകാൻ സാധിക്കാത്തവരെയും പരിചരിക്കാൻ നിൽക്കുന്നവർക്ക് ഒരു മാസം 700 രൂപ കൊടുത്താൽ ഈ പാവപ്പെട്ട ശാരീരികശേഷിയില്ലാത്ത ആളുകൾ എങ്ങനെ

സംരക്ഷിക്കപ്പെടും? തീർച്ചയായും ഇക്കാര്യം ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് സന്നദ്ധത കാണിക്കാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... ശ്രദ്ധ ക്ഷണിക്കൽ രണ്ട് മൂന്ന് മിനിറ്റ് കൊണ്ട് അവതരിപ്പിക്കണം. മന്ത്രിമാർ മറുപടി മേശപ്പുറത്തുവച്ചാൽ മതി. പ്രത്യേകമായി പറയേണ്ടതുണ്ടെങ്കിൽ ഒന്നോ രണ്ടോ വാചകങ്ങളിൽ പറയാവുന്നതാണ്.

### (1) കരിമണൽ ഖനനം

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഇന്നത്തെ സമയപരിമിതി എനിക്ക് ബോധ്യമാണ്. എന്നാൽ ഞാൻ അവതരിപ്പിക്കുന്ന ശ്രദ്ധ ക്ഷണിക്കൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. എന്റെ മണ്ഡലത്തിൽപ്പെട്ട ആലപ്പാട് ഗ്രാമ പഞ്ചായത്ത് 16-17 കിലോ മീറ്റർ നീളത്തിൽ ടി.എസ്. കനാലിനും അറബിക്കടലിനും മധ്യേ സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ്. അമൂല്യമായ ധാതുസമ്പത്തുകൊണ്ട് നിറഞ്ഞ ഒരു പഞ്ചായത്താണത്. ഏതാണ്ട് കൊല്ലവർഷം 1110 മുതലാണ് ആ പ്രദേശത്തെ ധാതുസമ്പത്ത് ഖനനം ആരംഭിച്ചത്. അന്ന് സ്വീകരിച്ച ഖനനരീതി സീ വാഷിംഗിലൂടെ മണ്ണെടുത്ത് മാറ്റുക എന്നതായിരുന്നു. അടുത്ത നാളുകൾവരെ ആ രീതി മാത്രമാണ് അവിടെ അവലംബിക്കപ്പെട്ടത്. അടുത്ത നാളുകളിൽ ഒരു ഡീപ് മൈനിംഗിന്റെ സാധ്യത പരീക്ഷിച്ചുതുടങ്ങിയിട്ടുണ്ട്. അപ്പോഴും സീ വാഷിംഗ് തുടരുകയായിരുന്നു. നിരന്തരമായ കടലാക്രമണങ്ങളും സുനാമി പോലെയുള്ള മഹാദുരന്തങ്ങളുംകൂടി ഏറ്റെടുക്കേണ്ടിവന്ന ഒരു പ്രദേശമെന്ന നിലയിൽ ആ പ്രദേശത്തിന്റെ വിസ്തൃതി വളരെയധികം നഷ്ടപ്പെട്ടു. ഇന്ന് കടലും ടി.എസ്. കനാലും തമ്മിൽ 100 മീറ്റർ മാത്രം അകലമാണ് അവശേഷിക്കുന്നത്. അവിടെനിന്ന് ഏകദേശം അയ്യായിരത്തോളം കുടുംബങ്ങൾ മാറിത്താമസിക്കേണ്ട സ്ഥിതി ഇതിനകമുണ്ടായിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമി സംരക്ഷിക്കപ്പെടാനും അവിടത്തെ ജനങ്ങളുടെ ഭീതിക്കും ഉത്കണ്ഠയ്ക്കും പരിഹാരമുണ്ടാക്കാനും കഴിയാതെവരുന്ന ഒരു പശ്ചാത്തലത്തിലാണ് ഇന്ന് നവമാധ്യമങ്ങളിലൂടെയും മറ്റ് വാർത്താമാധ്യമങ്ങളിലൂടെയും ലോകത്തിന്റെതന്നെ ശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ അവിടെ ഒരു സമരത്തിന് തുടക്കംകുറിക്കാൻ ഇടയായിട്ടുള്ളത്. നവംബർ ഒന്നിന് തുടങ്ങിയ "Save Alappad" എന്ന മുദ്രാവാക്യം

ഉയർത്തിക്കൊണ്ടുള്ള സമരം ഇപ്പോഴും തുടരുകയാണ്. ആ സമരം അവസാനിപ്പിക്കാൻ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വ്യവസായ വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഉന്നതലയോഗവും ജനപ്രതിനിധികളുടെ യോഗവും വിളിക്കുകയും ചില ധാരണകളുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തു. തുടർന്ന് വ്യവസായ വകുപ്പുമന്ത്രി സമരസമിതിയുമായി നേരിട്ട് ചർച്ച നടത്തുകയുമുണ്ടായി. ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമൊക്കെ അവിടെ രേഖപ്പെടുത്തിയില്ലെന്ന അഭിപ്രായം എനിക്കില്ല. തീർച്ചയായും ആരോഗ്യകരമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടുണ്ട് എന്നത് ഓർത്തുകൊണ്ടുതന്നെയാണ് ഞാൻ ഈ വിഷയം വീണ്ടും അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. പക്ഷെ, സമരസമിതിക്ക് ആ വിഷയങ്ങളിൽ ഒരു പൊരുത്തമുണ്ടായില്ല. അതുകൊണ്ടുതന്നെ പരിഹാരമില്ലാതെ ആ സമരം തുടരുകയാണ്. കൊല്ലവർഷം 1110-ൽ തുടങ്ങിയ ഈ ഖനന സംരംഭം ഇപ്പോഴും അഭംഗുരം തുടരുകയാണ്. അന്ന് സ്വകാര്യ മേഖലയിലായിരുന്ന ഖനനം 1962-ഓടുകൂടി പൊതുമേഖലയിലേക്ക് മാറുകയും ഇന്ന് ഐ.ആർ.ഇ., കെ.എം.എം.എൽ. എന്നീ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ അവിടെ ഖനനം നടത്തുകയും ചെയ്യുകയാണ്. അതുമായി ബന്ധപ്പെട്ട് നൂറുകണക്കിന് തൊഴിലാളികളുടെ ജീവിതപ്രശ്നം ഉണ്ടെന്നുള്ളത് നമുക്ക് വിസ്മരിക്കാൻ കഴിയുന്ന കാര്യമല്ല. കടലാക്രമണത്തിൽനിന്ന് കരയെ സംരക്ഷിക്കാൻ 1972-1975 കാലഘട്ടത്തിൽ അവിടെ നിർമ്മിച്ച കടൽഭിത്തി ഇന്ന് തകർന്ന് വലിയ പ്രതിസന്ധിയിലെത്തിനിൽക്കുകയാണ്. പുലിമുട്ടുകളുടെ നിർമ്മാണം വേണ്ടത്രയുണ്ടായിട്ടില്ല. നിലവിലുള്ള പുലിമുട്ടുകൾതന്നെ സുരക്ഷിതമല്ല. അത് സംരക്ഷിക്കപ്പെടാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഫലമായി കടലാക്രമണത്തിന്റെ പ്രത്യാഘാതങ്ങൾ ആ പ്രദേശം ഏറ്റുവാങ്ങുകയാണ്. കാലോചിതമായ രീതിയിൽ ഭൂമിയുടെ നഷ്ടപരിഹാരം നൽകാൻ മാനേജ്മെന്റ് തയ്യാറാകാത്തതിന്റെ അസംതൃപ്തിയും പ്രതിഷേധവും അവിടെ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ ആ നാട്ടിൽ ഇനി അവശേഷിക്കുന്ന സ്ഥലം പൂർണ്ണമായും സംരക്ഷിക്കപ്പെടണം. ജനങ്ങളുടെ ഭീതി അകറ്റണം. ജനങ്ങളുടെ ക്ഷേമത്തിനാവശ്യമായ നടപടികളുണ്ടാകണം. കടൽഭിത്തിയുടെ പുനർനിർമ്മാണവും പുലിമുട്ടുകളുടെ നിർമ്മാണവും യുദ്ധകാലാടിസ്ഥാനത്തിൽ നടത്താനുള്ള സമീപനം സ്വീകരിച്ച് സമരം എത്രയുംവേഗം അവസാനിപ്പിക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ആ സ്ഥലം സന്ദർശിച്ച് വസ്തുതകൾ നേരിട്ട് ബോധ്യപ്പെടാനുള്ള അവസരമുണ്ടാക്കണം. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, മിനറൽ സാൻഡ് അഥവാ കരിമണൽ എന്നറിയപ്പെടുന്നത് കേരളത്തിന് പ്രകൃതിദത്തമായി ലഭിക്കുന്ന വലിയൊരു ധാതുസമ്പത്താണ്. ഇത് ഏതാണ്ട് നീണ്ടകര മുതൽ കായംകുളം വരെയുള്ള 22 1/2 കിലോമീറ്റർ നീളത്തിൽ കടൽ അടിച്ചുകൊണ്ടുവരുന്ന ഒരു നിധിയാണ്. അറബ് രാജ്യങ്ങളിലൊക്കെ പെട്രോൾ ലഭിക്കുന്നതുപോലെ കേരളത്തിന് ലഭിക്കുന്ന വിലപിടിപ്പുള്ള ഒരു ധാതുവാണിത്. തിരുവിതാംകൂർ രാജഭരണ കാലഘട്ടം മുതൽ മൈനിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവിടെ ഉയർന്നുവന്നിട്ടുള്ള പ്രശ്നം സംബന്ധിച്ച് വളരെ വിശദമായിത്തന്നെ ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. 22 1/2 കിലോമീറ്റർ നീളമുള്ള നീണ്ടകര-കായംകുളം പ്രദേശത്ത് ആലപ്പാട് വരുന്നത് 16 1/2 കിലോമീറ്ററാണ്. ആ 16 1/2 കിലോമീറ്ററിൽ 16 കിലോമീറ്ററിലും നല്ല കൽഭിത്തിയുണ്ട്. അര കിലോമീറ്ററിലാണ് ഈ കരിമണൽ ശേഖരിക്കുന്നത്. ഈ കരിമണൽ അടിച്ചുകൊണ്ടുവന്നാൽ അതിപ്പോൾ ശേഖരിക്കുകയല്ല, അതാണ് സീ വാഷിംഗ്. പിന്നീട് അത് കരയിൽനിന്ന് കുഴിച്ചെടുക്കുന്നതാണ് ഇൻലാൻഡിംഗ് സംവിധാനം. സീവാഷിംഗും ഇൻലാൻഡിംഗും നിർത്തണമെന്ന് പറയുന്നത് ഏറ്റവും തെറ്റായിട്ടുള്ളതും കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതും നമുക്ക് പ്രകൃതി തരുന്ന സമ്പത്ത് ഉപയോഗിക്കുന്നതിനെതിരായുമുള്ള വാദഗതികളാണ്. ഇതുസംബന്ധിച്ച് പരിശോധിച്ച ഘട്ടത്തിൽ കേന്ദ്രഗവൺമെന്റ് സ്ഥാപനമായ IRE.L (Indian Rare Earths Limited)-ഉമായി ചർച്ച ചെയ്തു. കരിമണൽ സീ വാഷിംഗ് നടത്തിയെടുക്കുമ്പോൾ 25% മാത്രമേ കരിമണൽ ധാതു ലഭിക്കുകയുള്ളൂ. വാഷിംഗ് നടത്തിക്കഴിഞ്ഞാൽ ബാക്കി വരുന്ന 75% ഉപയോഗിച്ച് ഇത് സംഭരിക്കുന്ന സ്ഥലത്തുള്ള കുഴികൾ നികത്തുകയാണ്. അങ്ങനെ നികത്തിയെടുക്കുന്നതാണ് അവിടത്തെ സ്ഥിതി. കരിമണൽ ശേഖരിക്കുന്ന ഭൂമി അതിന്റെ ഉടമകളിൽനിന്നും ഏറ്റവും കൂടുതൽ വിലകൊടുത്ത് ലീസിനെടുത്താണ് ഖനനം ചെയ്തുകൊണ്ടിരിക്കുന്നത്. കരിമണൽ എടുത്തുകഴിഞ്ഞാൽ കുഴികൾ നികത്തി അവർക്കുതന്നെ തിരിച്ചുകൊടുക്കുകയാണ്. ആലപ്പാട് പ്രദേശത്തെ സംബന്ധിച്ച് വന്നിട്ടുള്ള ഒരാക്ഷേപം കരയടിച്ച് കൊണ്ടുപോകുന്നു എന്നുള്ളതാണ്. സാധാരണ കടൽ ചില ഭാഗങ്ങളിൽ കരയടിച്ചുതരും; ചിലപ്പോൾ അടിച്ചുകൊണ്ടുപോകുകയും ചെയ്യും. ആലപ്പാട് വില്ലേജിന്റെ ആകെ വിസ്തീർണ്ണം 681.97 ഹെക്ടറാണ്. അതിൽ 9.95 ഹെക്ടർ സ്ഥലമാണ് കുറവ് വന്നുവെന്ന് പറയുന്നത്. അതായത് 691.93 ഹെക്ടറാണ് മുമ്പ് സർവ്വേയിലുണ്ടായിരുന്നത്. ഈ പറയുന്ന 9.95 ഹെക്ടർ നഷ്ടപ്പെട്ടത് കരിമണൽ ശേഖരിച്ചിട്ടല്ല. സുനാമി ദുരന്തം ഏറ്റവും കൂടുതൽ ബാധിച്ചത് ആലപ്പാട് പ്രദേശത്താണ്. യഥാർത്ഥത്തിൽ നാം കരിമണൽ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് ഐ.ആർ.ഇ.എൽ. പ്രവർത്തിക്കുന്നത്.

10.00 A.M]

കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ. കരിമണൽ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ഐ.ആർ.ഇ.എൽ. ആ ധാതുമണൽ സംസ്കരിച്ച് കെ.എം.എം.എൽ-ന് കൊടുക്കുന്നു, കെ.എം.എം.എൽ. അതിനെ വാല്യൂ ആഡഡ് പ്രോഡക്ടായി മാറ്റി മാർക്കറ്റ് ചെയ്യുന്നു. വൻവിലയുള്ള സമ്പത്താണത്. ഈ സമ്പത്ത് പൂർണ്ണമായി കേരളത്തിന് ഉപയോഗിക്കാൻ സാധിക്കണം. ഇങ്ങനെ സംഭരിക്കുമ്പോൾ ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ പ്രദേശവാസികൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിൽ അത് പരിഹരിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥരാണ്. ഈ രണ്ട് സ്ഥാപനങ്ങളും അതിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്യും.

മി. സ്പീക്കർ : നല്ലൊരു പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചുകൂടേ?

ശ്രീ. ഇ. പി. ജയരാജൻ: സർ, അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. 2019 ജനുവരി മാസം 16-ാം തീയതി ചാനലുകളിലൂടെയാണ് അവിടെ ഇങ്ങനെയൊരു പ്രശ്നമുണ്ടെന്നുള്ളത് ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നത്. അറിഞ്ഞപ്പോൾ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ യോഗം വിളിച്ചു. ആ യോഗത്തിൽ ബന്ധപ്പെട്ട കളക്ടറേയും ആ പ്രദേശത്തുള്ള ജനപ്രതി നിധികളെയും ഉൾക്കൊള്ളിച്ച് വിശദമായ പരിശോധന നടത്തി. തൊട്ടടുത്ത ദിവസംതന്നെ ഞാൻ മുൻകൈ എടുത്ത് അവിടെ സമരം നടത്തുന്നവരെ വിളിച്ചുവരുത്തി ചർച്ചയും നടത്തി. സമരം നടത്തുന്നത് ആരാണെന്നതുപോലും അറിഞ്ഞുകൂടായെന്നത് അപ്പോഴാണ് മനസ്സിലായത്. യഥാർത്ഥത്തിൽ പരിശോധിച്ചാൽ ആലപ്പാട് നിവാസികൾ വളരെ കുറവാണ്. പുറത്തുനിന്നും വന്ന് പലരും അവിടെ പ്രശ്നമുണ്ടാക്കുകയാണ്. അതുകൊണ്ട് ആലപ്പാട് ദേശവാസികൾക്ക് ഒരു തരത്തിലുള്ള പ്രയാസവും ഉണ്ടാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അവിടത്തെ കുഴികളെല്ലാം നികത്തി അവർക്ക് സുരക്ഷിതത്വം കൊടുക്കും.

മറ്റൊരു പ്രശ്നം കരിമണൽ സ്വകാര്യമായി ശേഖരിച്ച് തമിഴ്നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകുന്നു എന്നതാണ്. പൊന്നിനേക്കാൾ വിലയുള്ള ഈ ധാതു കടത്തിക്കൊണ്ടുപോകുന്നതിന് ഇവിടെ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ജലമാർഗ്ഗവും കരമാർഗ്ഗവും നടത്തുന്ന ഈ കടത്ത് കർശനമായി തടഞ്ഞ് മുഴുവൻ ധാതുവും സംഭരിക്കാൻ കഴിഞ്ഞാൽ അത് വലിയ സമ്പത്തായിരിക്കും. ആലപ്പാട് ദേശവാസികൾ ഇതിനെ സഹർഷം സ്വാഗതം ചെയ്യുന്നുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അവർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതുമായി

ബന്ധപ്പെട്ട് ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നിവരുമായി യാതൊരു പ്രശ്നവും ഉണ്ടായിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ തീർച്ചയായും പരിശോധിച്ച് ആവശ്യമായ എല്ലാ സുരക്ഷാ നടപടികളും സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗവും ഞാനും അവിടെ പോയി ജനങ്ങളുമായി ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തും; ജനങ്ങൾക്കാവശ്യമുള്ള സഹായങ്ങൾ നൽകും; ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. കരിമണൽ എടുത്തുകഴിഞ്ഞുള്ള ഭൂമി നികത്തി അവർക്കുതന്നെ തിരിച്ചുകൊടുക്കും. അതാണ് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. ആ നിലപാട് തന്നെയാണ് ഇവിടെയും സ്വീകരിക്കുക. ഈ പ്രശ്നം പ്രത്യേകിച്ച് ഗൗരവമായിട്ടുള്ളതല്ല. ബോധപൂർവ്വം നമ്മുടെ സമ്പത്ത് ലഭ്യമാകാതിരിക്കാൻ ചില ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന നടപടിയും ഇതിന്റെ ഭാഗമായുണ്ട്. പരിസ്ഥിതിയുടെ പേരുപറഞ്ഞ് നമ്മുടെ നാടിന്റെ നന്മയെ തുരങ്കം വയ്ക്കാൻ, പുരോഗതിയെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്ന ചില ശക്തികൾ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ള കാര്യവും നാം മനസ്സിലാക്കണം. ബഹുമാന്യനായി എം.എൽ.എ. പറഞ്ഞ നിർദ്ദേശങ്ങളൊക്കെ തീർച്ചയായും പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞ കാര്യത്തെ സംബന്ധിച്ച് എനിക്ക് വളരെ സന്തോഷമുണ്ട്. എത്രയും വേഗത്തിൽത്തന്നെ അവിടെ സന്ദർശിക്കാനുള്ള സാഹചര്യമുണ്ടാകണം. ഒപ്പം ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശംകൂടി പരിഗണനയ്ക്ക് വിധേയമാക്കണമെന്നുള്ള അഭിപ്രായം കൂടിയുണ്ട്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പുനരധിവാസം ഒരു പാക്കേജ് തന്നെയാണ്. അവിടെയുള്ള ആളുകളെ മാറ്റി പാർപ്പിക്കാനും വീട് നിർമ്മിച്ചുകൊടുക്കാനുമുള്ള പ്രത്യേക പദ്ധതികളുണ്ട്. അതനുസരിച്ച് അവിടെ പ്രവർത്തനം നടക്കുന്നുണ്ട്. ഭൂമി നഷ്ടപ്പെടുന്നവർക്ക് തുല്യ ഭൂമി; ഈ പ്രദേശത്ത് അങ്ങനെ വീടൊന്നും നഷ്ടപ്പെട്ടിട്ടില്ല, ഇനി അങ്ങനെ ഉണ്ടാകുന്നുണ്ടെങ്കിൽ അത് തീർച്ചയായും പരിഗണിക്കും. കെ.എം.എം.എൽ. ഐ.ആർ.ഇ.എൽ. എന്നിവയുടെ മൈനിംഗ് രംഗത്ത് എന്തെങ്കിലും പ്രശ്നമുണ്ടാകുന്നുണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റ് അത് പരിഹരിക്കും. അടിയന്തരമായി ഞാനും ബഹുമാനപ്പെട്ട എം.എൽ.എ-യും അവിടെ പോയി ജനങ്ങളുമായി കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

# V ക്രമപ്രശ്നം

## മകരവിളക്ക് തെളിയിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ വളരെ ഗൗരവമായി പരിശോധിക്കേണ്ട ഒരു ഭാഗം ഇതിലുണ്ട്. 'ശബരിമലയിൽ മകരവിളക്ക് തെളിയിക്കുന്നതിന് മലയരയർക്ക് നഷ്ടപ്പെട്ട അവകാശം പുന:സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ഒ. രാജഗോപാൽ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്. ഇതിൽ ഒരു പ്രശ്നമുള്ളത്, ഇതുവരെ നമ്മൾ മനസ്സിലാക്കി വന്നതിൽനിന്ന് കടകവിരുദ്ധമായിട്ടുള്ള ഒരു കാര്യത്തിലേക്ക് കടക്കുകയാണ്. ആദ്യമായാണ് ഔപചാരികമായി മകരവിളക്ക് ആരാണ് തെളിയിക്കുന്നത് എന്നത് ഈ സഭയിൽ വരുന്നത്. ഇതിന്റെ അപകടം ബഹുമാനപ്പെട്ട സ്പീക്കർ മനസ്സിലാക്കി യിട്ടാണോ ഈ ശ്രദ്ധ ക്ഷണിക്കൽ അനുവദിക്കുന്നത് എന്നുള്ളതാണ് എന്റെ സംശയം. ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. മലയരയന്മാരുടെ പ്രശ്നമല്ല, ഇതുവരെ നമ്മളെല്ലാം കാത്തുസൂക്ഷിച്ച ഒരു രഹസ്യമുണ്ട്, വസ്തുത എന്തോ ആയിക്കോട്ടെ. അത് ശ്രദ്ധ ക്ഷണിക്കലിലൂടെ ഔപചാരികമായി വെളിപ്പെടുത്താൻ പോവുകയാണ്.

### റൂളിംഗ്

മി. സ്പീക്കർ: ഇതിൽ അപകടമില്ല എന്നുള്ളതുമാത്രമല്ല ഇത് ചരിത്രപരമായ ഒരു നാഴികക്കല്ലാണ് എന്നതാണ് ചെയറിന്റെ അഭിപ്രായം. കാരണം, ശബരിമലയിൽ തെളിയിക്കുന്ന മകരവിളക്കിന്റെ ദർശനത്തിനുവേണ്ടിയുള്ള തിക്കിലും തിരക്കിലുംപെട്ട് ആളുകൾ മരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്ന് ശ്രീമതി സുഗതകുമാരി ഉൾപ്പെടെയുള്ള ആളുകൾ നേരത്തെ ആവശ്യപ്പെടുകയും സത്യാവസ്ഥ പലരും എഴുതുകയും ചെയ്തിരുന്നു. അതുകൊണ്ട് അദ്ദേഹം അതിന് സ്വീകരിച്ച സമീപനത്തെ ചെയർ അഭിനന്ദിക്കുകയാണ്. അദ്ദേഹം പറയട്ടെ, അതിനിടയിൽ ഡിബേറ്റ് ഒന്നുമില്ല. ....(ബഹളം).... ക്രമപ്രശ്നത്തിന്റെ മുകളിൽ ഒരു ക്രമപ്രശ്നമുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, മകരവിളക്കുമായി ബന്ധപ്പെട്ട് ഉണ്ടെന്ന് പറയപ്പെടുന്ന രഹസ്യം കാത്തുസൂക്ഷിക്കണമെന്നാണോ അതോ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതിനോട് യോജിക്കുകയാണോ ബഹുമാനപ്പെട്ട മന്ത്രി?

മി. സ്പീക്കർ: അത് പിന്നെ തീരുമാനിക്കാം. ഇപ്പോൾ അങ്ങ് അവതരിപ്പിച്ചോളൂ.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതിനോട് ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. അത് വെളിപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ചോദിച്ചത്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ് .... പ്ലീസ്.... അങ്ങ് അവതരിപ്പിക്കൂ.

മകരവിളക്ക് തെളിയിക്കുന്നതിനുള്ള അവകാശം

ശ്രീ. ഒ. രാജഗോപാൽ: സർ, ഇതുമായി ബന്ധപ്പെട്ട് ഒരു അനാവശ്യ വിവാദമുണ്ടാക്കാൻ ശ്രമിക്കുകയാണ്. ശബരിമലയിൽ മകരവിളക്ക് എന്നുള്ള ഒരു ഉത്സവ പരിപാടിയുണ്ട്. അതിന്റെ പ്രധാനപ്പെട്ട ചടങ്ങ് വിളക്ക് തെളിയിക്കുക എന്നുള്ളതാണ്. അതിനെപ്പറ്റി സങ്കൽപ്പങ്ങളിൽ പലർക്കും പലതും ഉണ്ടാകുമായിരിക്കാം. പക്ഷേ, നടക്കുന്ന കാര്യമെന്തെന്നാൽ ചില ആൾക്കാർ അത് കൊളുത്തുന്നു എന്നുള്ളതാണ്. അത് വസ്തുതയുമാണ്. സത്യം സത്യമായി കണ്ടുകൊണ്ട് നമ്മൾ വിലയിരുത്താൻ തയ്യാറാകണം. നിർഭാഗ്യവശാൽ സംഭവിച്ചിട്ടുള്ള കാര്യമെന്നത് അവിടെ പരമ്പരാഗതമായി വനങ്ങളിൽ താമസിക്കുന്ന ആൾക്കാരാണ് ഇത് ചെയ്തു കൊണ്ടിരുന്നത്. അത് വളരെക്കാലമായി ചെയ്യുന്നു, അതിൽ അത്ഭുതമൊന്നുമില്ല. ഇപ്പോൾ സർക്കാരും ദേവസ്വവുമെല്ലാം ഇടപെട്ട് അതൊരു ഔദ്യോഗിക പരിപാടിയായി ചില ഉദ്യോഗസ്ഥരെയെല്ലാം കൊണ്ടുപോയി ചെയ്യുന്നതായിട്ടുള്ള ഒരു സാഹചര്യം വന്നിരിക്കുന്നു. നാട്ടുകാർക്ക് പരമ്പരാഗതമായി ചെയ്യുന്ന ആ അവകാശം ലഭ്യമാകണം എന്നതാണ് പ്രധാനം. ഇത് ആദിവാസി വിഭാഗത്തിന്റെ വളരെ ന്യായമായ ഒരാവശ്യമാണ്. അതുകൊണ്ട് അവർക്കത് അനുവദിച്ചുകൊടുക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, അതിപുരാതനകാലം മുതൽ ശബരിമല ഉൾപ്പെടെയുള്ള പതിനെട്ട് മലകളിലും അധിവസിച്ചിരുന്ന ഗോത്രവിഭാഗക്കാരാണ് മലയരയർ. മകരസംക്രാന്തിനാളിൽ പൊന്നമ്പലമേട്ടിൽ ആചാരപരമായി നടത്തിവന്നിരുന്ന മകരവിളക്ക് തെളിയിക്കൽ, മണ്ഡലകാലത്ത് ശബരിമല ക്ഷേത്രത്തിലെ ശ്രീഅയ്യപ്പ പ്രതിഷ്ഠയിൽ തേനഭിഷേകം എന്നിവ മലയരയ സമുദായത്തിലെ പൂജാരിമാരാണ് നടത്തിയിരുന്നത്. ഐക്യമലയരയ മഹാസഭയും മലയരയ ആത്മീയപ്രസ്ഥാനമായ ശ്രീഅയ്യപ്പധർമ്മ സംഘവും ചേർന്ന് നൽകിയ നിവേദനത്തിലും അഖില തിരുവിതാംകൂർ മലയരയ മഹാസഭയുടെ നിവേദനത്തിലും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. പിന്നീട് വന്ന പരിഷ്കാരങ്ങളുടെ പേരിൽ ഈ ആചാരങ്ങൾ ഒഴിവാക്കപ്പെട്ടു. മലയരയരുടെ

പൂർവ്വികർ ആചാരപരമായി നിർവ്വഹിച്ചുവന്നിരുന്ന മകരവിളക്ക് തെളിയിക്കൽ അവർക്ക് തിരികെ നൽകണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മകരവിളക്ക് തെളിയിക്കലിന് മലയരയർക്കുള്ള അവകാശം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ ശ്രീനി പട്ടത്താനവും പ്രൊഫ. കെ. ഡി. സുധാകരനും ഫയൽ ചെയ്ത WP(C) 2361/2011-ാം നമ്പർ കേസ്സിൽ 25-4-2011-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ പൊന്നമ്പലമേട്ടിലെ ക്ഷേത്രാവശിഷ്ടങ്ങളിൽനിന്നും പുരാതനകാലത്ത് ഇവിടെ ദിവസേന പൂജയുണ്ടായിരുന്നതായും ക്ഷേത്രം ജീർണ്ണിച്ചതിനു ശേഷവും ആ പ്രദേശത്ത് ജീവിച്ചിരുന്ന ആദിവാസികൾ മകരസംക്രാന്തി നാളിലെ ദീപാരാധനയുൾപ്പെടെ പൂജാകർമ്മങ്ങൾ തുടർന്നുവന്നുവെന്നും കാലക്രമേണ ആദിവാസികൾ അവിടെനിന്നും ഒഴിപ്പിക്കപ്പെട്ടുവെന്നും പരാമർശിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് പൊന്നമ്പലമേട്ടിൽ മകരസംക്രാന്തി നാളിലെ ദീപം തെളിയിക്കൽ പോലെയുള്ള പൂജാദികർമ്മങ്ങളിൽ ആദിവാസികളായ മലയരയ വിഭാഗം മുഖ്യപങ്ക് വഹിച്ചിരുന്നു എന്ന് ഇതിൽനിന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷം മകരവിളക്ക് മഹോത്സവനാളിൽ മകരവിളക്ക് തെളിയിക്കൽ കർമ്മമടക്കമുള്ള ചടങ്ങുകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ മലയരയ വിഭാഗത്തിന്റെ പ്രാതിനിധ്യം സംബന്ധിച്ച് ഉചിതമായൊരു തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

മി. സ്പീക്കർ: അങ്ങ് എഴുന്നേറ്റ് നിൽക്കുന്നത് എന്തിനാണ്?

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ വിശ്വാസപരമായി ഒരു തെറ്റിദ്ധാരണയുണ്ടായി. മകരജ്യോതിയും മകരവിളക്കും രണ്ടാണ്. മകരവിളക്കിന്റെ കാര്യമാണ് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ പറഞ്ഞത്. അതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. മകരജ്യോതിയെന്ന് പറയുന്നത് നക്ഷത്രമാണ്. അതാണ് വിശ്വാസപരമായ കാര്യം. മകരവിളക്ക് ദീപം തെളിയിക്കുന്നതാണെന്ന് എല്ലാവർക്കുമറിയാം. 1930-വരെ പാവപ്പെട്ട ആദിവാസി ജനവിഭാഗങ്ങളാണ് അത് ചെയ്തിരുന്നത്.

മി. സ്പീക്കർ: അതിന്റെ സൈദ്ധാന്തിക തർക്കത്തിലേക്ക് പോകേണ്ട.

## VI സബ്മിഷൻ

### (1) കെട്ടിടങ്ങളുടെ പാട്ടവും അടിസ്ഥാന വാടകയും

ശ്രീ. വി. കെ.സി. മമ്മത് കോയ: സർ, കേരളത്തിലെ വ്യാപാരികളിൽ ബഹുഭൂരിപക്ഷവും വ്യാപാരം നടത്തുന്നത് വാടക കെട്ടിടങ്ങളിലാണ്. ഇവരിൽ പലരും അനിയന്ത്രിതമായ ഒഴിപ്പിക്കൽ നടപടികളും അമിത വാടക വർദ്ധനവും നേരിടുകയാണ്. അതുപോലെ ചില വാടകക്കാർ തങ്ങൾക്ക് കിട്ടിയ കെട്ടിടങ്ങൾ

മേൽവാടകയ്ക്ക് മറിച്ചുനൽകി അതിന്റെ ഗുണം യഥാർത്ഥ ഉടമയ്ക്ക് ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഈ അവസ്ഥ മാറ്റുന്നതിന് ഉചിതമായ നിയമനിർമ്മാണം ഉണ്ടാകേണ്ടതുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 2013-ൽ തയ്യാറാക്കിയ കെട്ടിടങ്ങൾ പാട്ടവും അടിസ്ഥാനവാടകയും നിയമം, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചെറുകിട ഇടത്തരം കച്ചവടക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ പര്യാപ്തമല്ല. അതുകൊണ്ട് വാടക കെട്ടിടത്തിൽ വ്യാപാരം നടത്തുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വാണിജ്യാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക നിയമമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനത്ത് നിലവിലുള്ള 1965-ലെ കെട്ടിടവാടക നിയന്ത്രണ നിയമത്തിലെ അഞ്ച്, ആറ്, എട്ട് എന്നീ വകുപ്പുകൾ ഭരണഘടനാപരമായി നിലനിൽക്കപ്പെടുന്നില്ലായെന്നും ആയതിനാൽ അവ റദ്ദ് ചെയ്യണമെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്തെ സാമൂഹ്യവ്യവസ്ഥയിലും സാമ്പത്തിക ചുറ്റുപാടുകളിലുമുണ്ടായ മാറ്റം കാരണം നിലവിലുള്ള നിയമത്തിലെ പല വ്യവസ്ഥകൾ വാടകക്കാരനെയും കെട്ടിടമുടമയെയും ദോഷകരമായി ബാധിക്കുന്ന തലത്തിലുള്ളവയാണ്. സംസ്ഥാനത്തെ ഇന്നത്തെ പരിതസ്ഥിതിക്ക് അനുയോജ്യമായതും നീതിപൂർവ്വവുമായ പുതിയ നിയമം കൊണ്ടുവരണമെന്നത് പൊതുവായ ആവശ്യമായി ഉയർന്നുവന്നിരിക്കുന്നു. അതിനെത്തുടർന്ന് വാടകക്കാരുടെയും കെട്ടിടമുടമയുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുന്നത് സംബന്ധിച്ച് പുതിയ നിയമം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു. തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടമുടമകളുടെ സംഘടനകളെയും വാടകക്കാരുടെ സംഘടനകളെയും ഉൾപ്പെടുത്തി വിവിധതലത്തിൽ ചർച്ച ചെയ്ത് അവരുടെ അഭിപ്രായംകൂടി ഉൾക്കൊണ്ട് നിലവിലെ നിയമം റദ്ദ് ചെയ്തുകൊണ്ട് പുതിയ നിയമം നടപ്പാക്കുന്നതിനായി 2014-ലെ കേരള കെട്ടിടങ്ങൾ പാട്ടവും അടിസ്ഥാന വാടകയും മറ്റ് സൗകര്യങ്ങളും ബില്ലിന്റെ കരട് തയ്യാറാക്കുകയുണ്ടായി. കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് പതിമൂന്നാം കേരള നിയമസഭയുടെ 294-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ചട്ടങ്ങളിലെ 76-ാം ചട്ടപ്രകാരം ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന പ്രമേയം അവതരിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുൻ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ഉദ്ദേശിക്കുന്ന വിവരം 17-10-2014-ൽ

നിയമസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നുവെങ്കിലും പതിമൂന്നാം നിയമസഭ പിരിച്ചുവിട്ടുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള തിനാൽ പ്രസ്തുത ബിൽ ഭരണഘടനയുടെ 196-ാം അനുച്ഛേദം 5-ാം ഖണ്ഡിക പ്രകാരം ലാപ്സായി. അതിനാൽ പ്രസ്തുത വിഷയത്തിന്മേലുള്ള നിയമനിർമ്മാണം സംബന്ധിച്ച നയപരമായ പുതിയ തീരുമാനം കൈക്കൊള്ളുവാൻ തീരുമാനിക്കുകയും ചെയ്തു. 14-2-2017-ൽ വ്യാപാരി വ്യവസായി സംഘടനകളുടെയും കെട്ടിടമുടമകളുടെയും ഒരു യോഗം ചേരുകയും കരട് ബില്ലിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതാണെന്ന് ചർച്ച ചെയ്യുകയും പരിഗണിക്കേണ്ടതാണെന്ന് കണ്ട അഞ്ച് ആവശ്യങ്ങൾകൂടി ഉൾപ്പെടുത്തി നേരത്തെ പ്രസിദ്ധീകരിച്ചതും ലാപ്സായതുമായ ബിൽ ഭേദഗതി വരുത്തി പുതുക്കിയ കരട് ബിൽ നിയമ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്തു. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് അധിക ചെലവ് ഉണ്ടാകുന്നതിനാൽ ധനകാര്യ വകുപ്പുമായി ആലോചിച്ച് ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കാൻ നിയമവകുപ്പ് നിർദ്ദേശിച്ചു. ആയതുപ്രകാരം ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കി അംഗീകാരത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. പ്രസ്തുത കരട് നിയമത്തിൽ വാടക കെട്ടിടത്തിൽ വ്യാപാരം നടത്തുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വാണിജ്യ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (2) താലൂക്കാശുപത്രിയുടെ വികസനം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അവിടെ ട്രോമാകെയർ സെന്ററും ഡയാലിസിസ് സെന്ററും പൂർത്തീകരിക്കുന്നതിന് എം.പി./എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ആ മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് ഇന്നലെ ബഡ്ജറ്റ് പ്രഖ്യാപനം നടത്തിയപ്പോൾ 40 ലക്ഷം രൂപ ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും സഹായത്തോടുകൂടി ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ സന്തോഷം ഞാൻ അറിയിക്കുകയാണ്. ട്രോമാകെയർ സെന്ററും ഡയാലിസിസ് സെന്ററും അതിന്റെ മാസ്റ്റർപ്ലാൻ അനുസരിച്ച് പൂർത്തീകരിക്കാനും താലൂക്കാശുപത്രിയുടെ വികസനത്തിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ട്. അവിടെ എം.എൽ.എ./എം.പി. ഫണ്ടുപയോഗിച്ചുള്ള

കെട്ടിടനിർമ്മാണം ഇപ്പോൾ നടക്കുന്നുണ്ട്. കൂടാതെ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവിടെ ഗൈനക്കോളജിയിൽ ജൂനിയർ കൺസൾട്ടന്റ്, മെഡിസിൻ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ്, സ്റ്റാഫ് നഴ്സിന്റെ മൂന്ന് തസ്തികകൾ, ലാബ് ടെക്നീഷ്യൻ, ഹോസ്പിറ്റൽ അറ്റൻഡർ എന്നീ തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങൾ മാസ്റ്റർ പ്ലാൻ ലഭിക്കുന്നമുറയ്ക്ക് ഘട്ടംഘട്ടമായി ചെയ്യാവുന്നതാണ്.

## (3) ലൈഫ് പദ്ധതി

ശ്രീ. എം. സ്വരാജ്: സർ, സംസ്ഥാനത്ത് ലൈഫ് പദ്ധതി മുഖേന ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒട്ടേറെ വ്യക്തികൾക്ക് അർഹത യുണ്ടായിട്ടും നിലവിലുള്ള നടപടികളിലെ ചില സാങ്കേതിക കാരണങ്ങളാൽ ലൈഫ് പദ്ധതിയുടെ ഗുണഫലം ലഭിക്കാതെ വരുന്നു. ലൈഫ് പദ്ധതിയുടെ പരിഗണനാ മാനദണ്ഡങ്ങൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ പേരിലല്ല, മറിച്ച് കുടുംബാംഗങ്ങളുടെ പേരിലാണ് ഭൂമി എന്ന കാരണത്താൽ വീട് നിർമ്മിക്കുന്നതിന് സാധിക്കുന്നില്ല. ഉദാഹരണമായി എന്റെ മണ്ഡലമായ തൃപ്പൂണിത്തുറയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ താമസക്കാരിയായ വിധവയും നിർദ്ധനയുമായ ശ്രീമതി ശശികല മണി എന്നയാളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ അനുവദിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടു. ഇവരുടെ ഭർത്താവ് വാഹനാപകടത്തിൽ മരണപ്പെടുന്നതിനു മുമ്പുതന്നെ ഇവർ പരേതനായ ഭർതൃപിതാവിന്റെ പേരിലുള്ള ഭൂമിയിലെ ചെറിയ കുടിലിലാണ് താമസിച്ചുവരുന്നത്. നിലവിലെ നിർദ്ധനാവസ്ഥയിൽ പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ഇവരുടെ പേരിലേക്ക് മാറ്റുന്നതിന് യാതൊരുവിധ നിർവാഹവുമില്ല. വളരെയധികം പരിഗണന അർഹിക്കുന്ന ഇവരുടെ സാഹചര്യം പരിഗണിച്ച് ലൈഫ് പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്ററുടെ നിർദ്ദേശപ്രകാരം പ്രസ്തുത ഭൂമിയുടെ മറ്റവകാശികൾ ഇവർക്ക് ഭൂമി കൈമാറ്റം ചെയ്യുന്നതായുള്ള സമ്മതപത്രം മുദ്രപ്പത്രത്തിൽ എഴുതി നൽകുകയുണ്ടായി. എന്നാൽ കൈവശാവകാശ രേഖയില്ല എന്ന കാരണത്താൽ വീടിന്റെ പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് കഴിയുന്നില്ല. അംഗീകൃത പ്ലാൻ ഉണ്ടെങ്കിൽ മാത്രമേ പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുകയുള്ളൂ. ഇതൊരു പ്രത്യേക കേസ്സായി ചൂണ്ടിക്കാണിച്ചെങ്കിലും സംസ്ഥാനത്ത് ഇത്തരത്തിലുള്ള ആയിരക്കണക്കിന് അപേക്ഷകരുടെ പ്രയാസങ്ങളുണ്ടെന്നാണ് മനസ്സിലാകുന്നത്. ഈ മഹത്തായ പദ്ധതിയുടെ ഗുണഫലം അർഹരായവർക്ക് നിഷേധിക്കപ്പെടുന്ന തരത്തിലുള്ള നടപടിക്രമങ്ങളിലെ സാങ്കേതികത്വം ഒഴിവാക്കുന്നതിനും ഈ പദ്ധതിയിലുൾപ്പെട്ടവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം സ്വന്തം പേരിലേക്ക് മാറ്റുന്നതിനായി നിലവിലുള്ള ഫീസുകളും മറ്റ് ചാർജ്ജുകളും ഒഴിവാക്കി നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അതിലൂടെ അർഹതപ്പെട്ടവർക്കെല്ലാം ഈ പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഗൃഹനാഥയുടെ പേരിലാണ് വീട് അനുവദിക്കുന്നത്. ഭാര്യാഭർത്താക്കന്മാരുടെ പേരിൽ സംയുക്തമായും വീട് അനുവദിക്കുന്നുണ്ട്. ഗുണഭോക്താവ് മരണപ്പെട്ടാൽ നിയമാനുസൃതമായ അവകാശിയുടെ പേരിൽ വീട് അനുവദിക്കുന്നതാണ്. അതിനോടൊപ്പം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഈ സ്ഥാപനങ്ങളിൽനിന്നുള്ള നിർമ്മാണാനുമതി ആവശ്യമില്ല. ആ രീതിയിലുള്ള ലഘൂകരണം വരുത്തിയിട്ടുണ്ട്. അതുപോലെ, ഗുണഭോക്താവിന് ഉടമസ്ഥാവകാശമോ, കൈവശ രേഖയോ, കരമടച്ച രസീതോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിരതാമസക്കാരാണെന്നുള്ള വില്ലേജ് ഓഫീസറുടെയോ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടേയോ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് ലഘൂകരിച്ചിട്ടുണ്ട്. ഈ പ്രത്യേക കേസ്സിൽ എന്താണ് സംഭവിച്ചിട്ടുള്ളതെന്ന് പരിശോധിക്കാം. മറ്റ് കാര്യങ്ങളിലൊക്കെ ലഘൂകരിച്ചിട്ടുണ്ട്. പക്ഷേ, ഭൂമിയുടെ പേരിലുള്ള സ്വത്ത് തർക്കത്തിൽപ്പെട്ട കാര്യങ്ങളിലാണ് നമുക്ക് തീരുമാനമെടുക്കാൻ കഴിയാത്തത്. കുടുംബാംഗങ്ങളുടെ പേരിലുള്ള വസ്തുവിൽ വീട് നിർമ്മിക്കുന്നതിന് മുദ്രപ്പത്രത്തിൽ കുടുംബാംഗങ്ങളുടെ സമ്മതപത്രം മാത്രമുണ്ടായാൽ മതിയെന്ന് തീരുമാനിക്കുകയും ഇത്തരത്തിൽ നടപടികളിൽ ലഘൂകരണം വരുത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ രീതിയിൽ ഇങ്ങനെ വന്ന കേസുകളിൽ എന്താണ് ചെയ്യാൻ കഴിയുകയെന്നത് പ്രത്യേകം പരിശോധിക്കുന്നതാണ്.

## VII നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു. ശ്രീ. വി. ഡി. സതീശൻ, അങ്ങേയ്ക്ക് ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ്.

# VIII ക്രമപ്രശ്നം

## കേരള ബാങ്ക് രൂപീകരണം

ശ്രീ. വി. ഡി. സതീശൻ: സർ, ഇതൊരു ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ടുവരുന്ന ബില്ലാണ്. സഹകരണ നിയമത്തിൽ 14 (എ) എന്നുള്ള പുതിയൊരു വകുപ്പ് ബില്ലിൽ കൂട്ടിച്ചേർക്കുകയാണ്. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. കേരള ബാങ്ക് രൂപീകരിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകി റിസർവ് ബാങ്ക് 19 വ്യവസ്ഥകളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ, സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ സമർപ്പിക്കണമെന്നും മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടി ലയനത്തിനായുള്ള പ്രമേയം മേൽപ്പറഞ്ഞ ബാങ്കുകളുടെ ജനറൽബോഡി മുമ്പാകെ അവതരിപ്പിച്ച് പാസ്സാക്കണമെന്നുമാണ്. 1969-ലെ സഹകരണ സംഘം ആക്ടിലെ 14-ാം വകുപ്പ് പ്രകാരം രണ്ടോ അതിലധികമോ സഹകരണ സംഘങ്ങൾ കൂട്ടിച്ചേർക്കുന്നതിനുവേണ്ടി ആസ്തിയും ബാധ്യതകളും കൈമാറ്റം ചെയ്യപ്പെടുന്നതിന് അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമുണ്ട്. യഥാർത്ഥത്തിൽ നിയമത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്. കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള അമാൽഗമേഷനുവേണ്ടി റിസർവ് ബാങ്ക് പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട 19 വ്യവസ്ഥകളിൽ ഒരു വ്യവസ്ഥ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നുള്ളതാണ്. റിസർവ് ബാങ്കിന്റെ ആ നിർദ്ദേശത്തെ മറികടക്കുന്നതിനും അതിൽ വെള്ളം ചേർക്കുന്നതിനുമാണ് ഈ പ്രൊവിഷൻ കൊണ്ടുവന്നിരിക്കുന്നതെന്ന് വ്യക്തമാണ്. എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട പോയിന്റ്, ഇന്ത്യയിൽ മൂന്ന് സംസ്ഥാനങ്ങളാണ് അമാൽഗമേഷനുവേണ്ടി നിൽക്കുന്നത്. അതിൽ ഒരു സംസ്ഥാനം ഛത്തീസ്ഗഡും മറ്റൊന്ന് പഞ്ചാബുമാണ്. ഛത്തീസ്ഗഡിന്റെ സഹകരണ നിയമത്തിൽ ഇപ്പോൾ കേവല ഭൂരിപക്ഷം മാത്രം മതി. നമ്മൾ അമെന്റ്മെന്റ് കൊണ്ട് ചെയ്യാൻ പോകുന്ന കാര്യങ്ങൾക്ക് അവിടത്തെ നിയമത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ഇല്ല. അവരോടും റിസർവ് ബാങ്ക് ആവശ്യപ്പെട്ടിരിക്കുന്നത് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നാണ്. അതുകൊണ്ട് ഭേദഗതി കൊണ്ടുവന്ന് റിസർവ് ബാങ്കിന്റെ വ്യവസ്ഥകളെ മറികടക്കാമെന്ന് വിചാരിച്ചാൽ ഒരു കാരണവശാലും സാധ്യമല്ല. നേരത്തെതന്നെ ഈ നിയമമുള്ള ഛത്തീസ്ഗഡിൽ പോലും റിസർവ് ബാങ്ക് ആവശ്യപ്പെട്ടിരിക്കുന്നത് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നാണ്. ഇതൊരു futile exercise ആണ്. ഇത് സഭാനടപടികളെ ദുർബലപ്പെടുത്താനും അതിന്റെ ഗൗരവം ചോർത്തിക്കളയാനുംവേണ്ടി വൃഥാ എടുക്കുന്ന ഒരു നടപടിയായി മാറും.

ഈ വിഷയം പറയുന്നതോടൊപ്പംതന്നെ അങ്ങയോട് ഒരു കാര്യംകൂടി പറയാനാഗ്രഹിക്കുന്നു. ERRATA ഇന്നലെ കവറിൽ ഞങ്ങൾക്ക് ലഭിച്ചിരുന്നു. സാധാരണ അത് പതിവില്ലാത്തതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുമ്പോൾ ചെയ്യേണ്ട കാര്യങ്ങളാണ്. അത് വായിച്ചുകഴിഞ്ഞാൽ എത്ര നിസ്സാരമായാണ് ഈ ബിൽ ചെയ്തിരിക്കുന്നതെന്ന് മനസ്സിലാകും. ഒരു ഗൗരവവുമില്ലാതെ ഇതുപോലൊരു ബിൽ തയ്യാറാക്കുകയെന്നത് വളരെ സങ്കടകരമായ കാര്യമാണ്. സാധാരണഗതിയിൽ ഇങ്ങനെ ERRATA പബ്ലിഷ് ചെയ്യുന്ന കീഴ്‌വഴക്കമില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻകൂടി ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇത് ഞാൻ എഴുതിത്തന്ന ഒരു കാര്യമല്ല. ഇങ്ങനെയാണോ ബിൽ തയ്യാറാക്കുന്നത്? അതിലെ തെറ്റുകൾ വായിച്ചുനോക്കണം. സഭയിൽ സർക്കുലേറ്റ് ചെയ്ത ബില്ലിലെ തെറ്റുകൾ വായിച്ചുനോക്കിയാൽ വളരെ പരിതാപകരമാണെന്നുകൂടി സൂചിപ്പിക്കുന്നു. ഓർഡിനൻസ് റീപ്ലേസ് ചെയ്ത് ബിൽ കൊണ്ടുവന്നതുകൊണ്ട് യാതൊരു പ്രയോജനവും കേരളാ ബാങ്ക് രൂപീകരണത്തിന് ഉണ്ടാകാൻ പോകുന്നില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭരണഘടനയുടെ ഏഴാം പട്ടികയിൽ 32-ാം എൻട്രിയായി സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയമാണ് സഹകരണ സംഘങ്ങൾ. അതുപ്രകാരം സംസ്ഥാനത്ത് സഹകരണ നിയമം രൂപീകരിക്കാനുള്ള സമ്പൂർണ്ണ അധികാരം സംസ്ഥാന നിയമസഭകൾക്ക് തന്നെയാണ്. ഗവൺമെന്റ് 2017 സെപ്റ്റംബർ 2-ാം തീയതി നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് സമർപ്പിച്ച അപേക്ഷ അന്നത്തെ നിയമത്തിനുള്ളിൽ നിന്നുകൊണ്ടായിരുന്നു. എന്നാൽ വിവിധ പരിശോധനകൾക്കുശേഷം നിലവിലെ ത്രിതല ഹ്രസ്വകാല സഹകരണ വായ്പാഘടന ദ്വിതലമായി മാറ്റുന്നതിനും ഇതിനായി ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ കൂട്ടിച്ചേർക്കുന്നതിനും 2018 ഒക്ടോബർ 3-ന് റിസർവ് ബാങ്ക് തത്വത്തിൽ അനുമതി നൽകുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ 19 വ്യവസ്ഥകളോടെയാണ് തത്വത്തിലുള്ള അനുമതി നൽകിയത്. അതിലെ ഒന്നാമത്തെ വ്യവസ്ഥ തന്നെ; (i) " The due process as required under the provisions of the State Co-operative Societies Act and the State Co-operative Societies Rules as adopted by the Kerala Government shall be followed. At every stage the provisions of the Kerala Co-operative Societies Act must be complied with." എന്നാണ്. അതിനുള്ളിലാണ് യഥാർത്ഥത്തിൽ ഈ നാലാമത്തെ ക്ലാസായ മൂന്നിൽ രണ്ട് ഭൂരിപക്ഷമെന്നുള്ളത്

വരുന്നത്. ഒന്നാമത്തെ വ്യവസ്ഥയിൽ റിസർവ് ബാങ്ക് ഉയർത്തിപ്പിടിച്ചിട്ടുള്ളതും അംഗീകരിച്ചിട്ടുള്ളതും സഹകരണ നിയമം രൂപീകരിക്കുന്നതിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരമാണ്. ജില്ലാ ബാങ്കുകളുടെ ആസ്തി ബാധ്യതകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് സംസ്ഥാന സഹകരണ നിയമവും ചട്ടവും സമ്പൂർണ്ണമായും പാലിക്കണമെന്നുമാത്രമേ റിസർവ് ബാങ്ക് ഒന്നാമത്തെ വ്യവസ്ഥയിൽ പറയുന്നുള്ളൂ. സംസ്ഥാന ഗവൺമെന്റ് ജില്ല/സംസ്ഥാന സഹകരണ ബാങ്കുകളുടെ സംയോജനത്തിനുള്ള അപേക്ഷ നൽകിയ സമയത്ത് കേരള സഹകരണ നിയമം വകുപ്പ് 14 അനുസരിച്ച് സംഘങ്ങളുടെ കൂട്ടിച്ചേർക്കൽ എന്ന പ്രക്രിയയ്ക്ക് സംഘങ്ങളുടെ ജനറൽബോഡി വിളിച്ചുചേർത്ത് അതിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ കൂട്ടിച്ചേർക്കലിന് അനുകൂലമായ തീരുമാനം കൈക്കൊള്ളണമെന്ന വ്യവസ്ഥ റിസർവ് ബാങ്ക് അംഗീകാരത്തിന് തത്വത്തിൽ നാലാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ സഹകരണ നിയമനിർമ്മാണത്തിനുള്ള അധികാരം ഉപയോഗിച്ച് മൂന്നിൽ രണ്ട് ഭൂരിപക്ഷമെന്നത് കേവല ഭൂരിപക്ഷമെന്നാക്കി ഭേദഗതി ചെയ്ത് 2018 ജനുവരി 8-ന് ഓർഡിനൻസായി പുറത്തിറക്കിയിട്ടുണ്ട്. ഈ ഓർഡിനൻസിലെ വ്യവസ്ഥകൾകൂടി ഉൾക്കൊള്ളുന്ന ബില്ലാണ് ഇന്ന് അവതരിപ്പിക്കുന്നത്. നിയമനിർമ്മാണ സഭകളായ സംസ്ഥാന അസംബ്ലി, പാർലമെന്റ് എന്നിവയിലേക്ക് നടക്കുന്ന ജനാധിപത്യപരമായിട്ടുള്ള തെരഞ്ഞെടുപ്പിലും നിയമനിർമ്മാണ സഭകൾക്കകത്ത് നടക്കുന്ന വോട്ടിംഗിലുമെല്ലാം കേവല ഭൂരിപക്ഷം വിജയത്തിന്റെ മാനദണ്ഡമാകുമ്പോൾ സഹകരണ നിയമത്തിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷമെന്നതിന് പകരം കേവല ഭൂരിപക്ഷമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിൽ യാതൊരു സാങ്കേതിക തടസ്സമോ അനൗചിത്യമോ ഉള്ളതായി ഗവൺമെന്റ് കരുതുന്നില്ല. റിസർവ് ബാങ്കിൽ നിന്ന് തത്വത്തിൽ അംഗീകാരത്തിന്റെയൊരു ബുദ്ധിമുട്ടും ഇക്കാര്യത്തിലുണ്ടാകില്ല. റിസർവ് ബാങ്കിനെ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്താൻ സാധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. നിലവിലുള്ള ഭേദഗതി ഓർഡിനൻസിന്റെ വ്യവസ്ഥപ്രകാരം കേവല ഭൂരിപക്ഷത്തോടുകൂടി ലയനത്തിനായുള്ള പ്രമേയം പസ്സാക്കിയാൽ മതിയാകുന്നതാണ്. അതുകൊണ്ട് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിബന്ധനയ്ക്ക് ഇപ്പോൾ യാതൊരു പ്രസക്തിയുമില്ലായെന്ന കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: സഭയിൽ സർക്കുലേറ്റ് ചെയ്യുന്ന ബില്ലുകൾ യഥാർത്ഥത്തിൽ തെറ്റുകൾ ഇല്ലാതെ തയ്യാറാക്കി സമർപ്പിക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതുതന്നെയാണ്. അത് ചൂണ്ടിക്കാണിച്ചതിന്റെ പ്രാധാന്യം ചെയർ ഉൾക്കൊള്ളുന്നു. അത് നിർബന്ധമായും പരിഹരിക്കേണ്ടതാണ്. എന്നാൽ, സർക്കുലേറ്റ് ചെയ്യപ്പെട്ട ധനകാര്യ ബില്ലുകൾ

ഉൾപ്പെടെ നിരവധി ബില്ലുകളിൽ മുമ്പും ERRATA പ്രസിദ്ധീകരിക്കാറുണ്ട്. തെറ്റുകൾ കണ്ടെത്തിയാൽ അതല്ലാതെ നിർവ്വാഹമില്ല. ഏതെങ്കിലും സാഹചര്യത്തിൽ തെറ്റ് ശ്രദ്ധയിൽപ്പെട്ടാൽ അത് ശുദ്ധിപത്രത്തിലൂടെ തിരുത്തുക മാത്രമേ നിർവ്വാഹമുള്ളൂ. അതാണ് സംഭവിച്ചത്. ഏതായാലും, സർക്കുലേറ്റ് ചെയ്യുന്ന ബില്ലുകളിൽ തെറ്റുകളില്ലാതിരിക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണെന്ന അംഗത്തിന്റെ വികാരം ശരിയാണെന്ന് അംഗീകരിക്കുന്നു. അത് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ഇങ്ങനെയൊരു ബിൽ നിയമമായാൽ റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുവാൻ സാധ്യതയില്ലായെന്ന ആശങ്കയാണ് ബഹുമാനപ്പെട്ട അംഗം സഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ ക്രമപ്രശ്നത്തിനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി നൽകുകയും ചെയ്തു. സാധാരണഗതിയിൽ ബില്ലിന്റെ അവതരണവേളയിൽ ക്രമപ്രശ്നം പ്രസ്തുത ബില്ലിന്റെ ഭരണഘടനാ സാധുത സംബന്ധിച്ചോ, ബിൽ നിയമമാക്കുവാനുള്ള സഭയുടെ ലെജിസ്ലേറ്റീവ് കോമ്പിറ്റൻസി സംബന്ധിച്ചോ, ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട സഭയുടെ ചട്ടങ്ങളുടെ ലംഘനത്തെ സംബന്ധിച്ചോ ആണ് വരാറുള്ളത്. ഇവിടെ നിയമ നിർമ്മാണത്തിന് പിന്നിലുള്ള ലെജിസ്ലേറ്റീവ് ഇന്റൻഷനെ സംബന്ധിക്കുന്ന കാര്യംകൂടി അംഗം ഉന്നയിച്ചിട്ടുണ്ട്. അത് പ്രഥമദൃഷ്ട്യാ ശരിയാണെന്ന് തോന്നുമെങ്കിലും ഇക്കാര്യത്തിൽ ചെയറിന് ബോധ്യപ്പെട്ട ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയാണ്. കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് റിസർവ് ബാങ്ക് മുന്നോട്ടുവച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഒന്ന്, സഹകരണ സംഘം നിയമത്തിലെ സെക്ഷൻ 14-ലെ വ്യവസ്ഥ പാലിക്കണമെന്നാണ്. സെക്ഷൻ 14-ലെ വ്യവസ്ഥ ബാങ്കുകളുടെ ലയനത്തിന് ജനറൽബോഡിയിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം തീരുമാനമെടുക്കണം എന്നാണ്. പ്രസ്തുത വ്യവസ്ഥ കേവല ഭൂരിപക്ഷം മതിയെന്ന് ഈ ബില്ലിലൂടെ ഭേദഗതി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ, സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസിലൂടെ പ്രസ്തുത വ്യവസ്ഥ ഇതിനകംതന്നെ ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥ ഭേദഗതി ചെയ്യപ്പെട്ട് കഴിഞ്ഞതോടെ ആർ.ബി.ഐ.-യുടെ മാനദണ്ഡവും അതിനനുസൃതമായി മാറ്റപ്പെടുമെന്നുമുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം. അത് വസ്തുതാപരമായി കാണേണ്ടിവരും.

ശ്രീ. വി. ഡി. സതീശൻ: സർ, മാറ്റാത്ത സാഹചര്യം വന്നാൽ .........

മി. സ്പീക്കർ: മാറ്റാത്ത സാഹചര്യം വന്നാൽ അപ്പോൾ പരിഗണിക്കും. അതുംകൂടി തിരുത്തുകയാണ്. ബിൽ നിയമമായാൽ അതനുസരിച്ച് രൂപീകൃതമാകുന്ന ബാങ്കിന് അംഗീകാരം ലഭിക്കുവാൻ സാധ്യതയില്ല എന്നുള്ള ആശങ്ക ബിൽ നിയമമാകാനുള്ള സഭയുടെ അധികാരാവകാശങ്ങളെ ഒരു തരത്തിലും തടസ്സപ്പെടുത്തുന്നതല്ലായെന്നാണ്

ചെയറിന് തോന്നുന്നത്. ബിൽ നിയമമാക്കാനുള്ള അധികാരം റിസർവ് ബാങ്കിന്റെ നിബന്ധനയുമായി ബന്ധപ്പെട്ടൊരു കാര്യമല്ല. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുകയാണ്.

## നിയമനിർമ്മാണകാര്യം - തുടർച്ച

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ അഞ്ച് പേരാണ് സംസാരിക്കാനുള്ളത്. പത്ത്-പതിനഞ്ച് മിനിട്ടിനുള്ളിൽ സംസാരിച്ചാൽ എല്ലാവർക്കും അവസരം ലഭിക്കും. എല്ലാ അംഗങ്ങളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ വളരെ കുറച്ച് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തമായിട്ടാണ് ഞാനിതിനെ കാണുന്നത്. കേരളത്തിലെ ത്രിതല ഹ്രസ്വകാല കാർഷിക വായ്പാ സംവിധാനം സംസ്ഥാന സഹകരണ ബാങ്ക്, പതിനാല് ജില്ലാ സഹകരണ ബാങ്കുകൾ, 1600-ലധികം വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ എന്നിവ കൂടിച്ചേർന്ന ഫെഡറൽ സംവിധാനമാണ്. രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തെക്കാളും മുൻപന്തിയിൽ നിൽക്കുന്ന വാണിജ്യ ബാങ്കുകളോട് കിടപിടിക്കാവുന്ന ശക്തിയും ജനകീയാടിത്തറയുമുള്ള ഈ പ്രസ്ഥാനത്തെ എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കുവാനും വർത്തമാനകാലത്തിനനുസൃതമായി വികസനോന്മുഖമാക്കുവാനും കഴിയുമെന്ന ആലോചനയിൽ നിന്നുമാണ് ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുകയെന്ന ആശയം ഉടലെടുക്കുന്നത്. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിന് വളരെ മുമ്പുതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇത്തരത്തിലൊരു രാഷ്ട്രീയ തീരുമാനം കൈക്കൊള്ളുകയും തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഈ ആശയം ജനസമക്ഷം അവതരിപ്പിക്കുകയും ചെയ്തു. ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തെരഞ്ഞെടുത്ത് അധികാരമേൽപ്പിച്ചു. ജനങ്ങളുടെ അംഗീകാരം നേടിയ 'കേരള ബാങ്ക്' എന്ന ആശയം സാക്ഷാത്കരിക്കുകയെന്നത് സർക്കാരിന്റെ പ്രധാന അജണ്ടകളിലൊന്നായി മാറി. സർക്കാർ 2016

മേയ് മാസം അധികാരമേറ്റതിനുശേഷം പ്രാരംഭദിശയിൽ തന്നെ കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള തീരുമാനങ്ങളും നടപടികളുമായി മുന്നോട്ടുവന്നു. ഘടനാപരമായ മാറ്റത്തിന്റെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2016 സെപ്റ്റംബർ 28-ന് ബാംഗ്ലൂർ ഐ.ഐ.എം. (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്) പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി അഞ്ചംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. കമ്മിറ്റി 2017 ഏപ്രിൽ 28-ന് വിശദമായ പഠന റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സംസ്ഥാന ഗവൺമെന്റ് ചില മാറ്റങ്ങൾക്ക് വിധേയമായി ശ്രീറാം കമ്മിറ്റി പറഞ്ഞ എല്ലാ കാര്യങ്ങളും അന്ന് അംഗീകരിച്ചില്ല. ബ്രാഞ്ചുകളുടെ എണ്ണം കുറയ്ക്കുക, ജീവനക്കാരെ കുറച്ചുകൊണ്ടുവരിക തുടങ്ങിയ നമുക്ക് യോജിക്കുവാൻ കഴിയാത്ത ചില നിർദ്ദേശങ്ങളും ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ടിനകത്തുണ്ടായിരുന്നു. അതൊഴിവാക്കി റിപ്പോർട്ട് പൊതുവെ അംഗീകരിക്കുകയാണ് ഗവൺമെന്റ് ചെയ്തത്. റിപ്പോർട്ടിന്മേൽ തുടർനടപടികൾക്കായി നബാർഡിൽ നിന്നും റിട്ടയർ ചെയ്ത ചീഫ് ജനറൽ മാനേജർ ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായുള്ള ടാസ്ക് ഫോഴ്സിനെ നിയോഗിച്ചു. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ പ്രായോഗിക തലത്തിലുള്ള സംയോജനത്തിന് പദ്ധതി തയ്യാറാക്കി ആയതിന് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനായി 2017 സെപ്റ്റംബർ 2-ന് സംസ്ഥാന ചീഫ് സെക്രട്ടറി മുഖാന്തരം നബാർഡിനും റിസർവ് ബാങ്കിനും സമർപ്പിച്ചു. വിവിധ തലങ്ങളിലുള്ള പരിശോധനകൾക്കും സംസ്ഥാന സർക്കാർ നൽകിയ വിശദീകരണങ്ങൾക്കുംശേഷം 2018 ഒക്ടോബർ 3-ന് റിസർവ് ബാങ്കിൽനിന്നും കേരളത്തിലെ ത്രിതല കാർഷിക വായ്പാ സംവിധാനം ദ്വിതലമാക്കുന്നതിനും ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി സംയോജിപ്പിക്കുന്നതിനും 19 വ്യവസ്ഥകളോടെ തത്വത്തിലുള്ള അനുമതി ലഭിച്ചു. വ്യവസ്ഥകൾ പാലിച്ച് 2019 മാർച്ച് 31-ന് മുമ്പായി നബാർഡ് മുഖാന്തരം റിസർവ് ബാങ്കിന് അപേക്ഷ സമർപ്പിച്ചതിനുശേഷമായിരിക്കും സംയോജനത്തിനുള്ള അന്തിമ അനുമതി ലഭിക്കുക. ഈ പശ്ചാത്തലത്തിൽ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ കൂട്ടിയോജിപ്പിക്കുന്നതിന് അനുയോജ്യമായ നിയമനിർമ്മാണം അനിവാര്യമായതിനാലാണ് ഒരു ബില്ലിലൂടെ പ്രസ്തുത നിയമ ഭേദഗതി സഭാസമക്ഷം കൊണ്ടുവരാൻ തീരുമാനിച്ചത്. ഘടനാപരമായി കേരളം പോലുള്ള ചെറിയ സംസ്ഥാനങ്ങൾക്ക് ഇണങ്ങുന്നത് ദ്വിതല കാർഷിക വായ്പാ സമ്പ്രദായം ആയിരിക്കുമെന്ന അഭിപ്രായം രൂപപ്പെടുന്നത് 1970-കളിലാണ്. ഇക്കാര്യത്തിൽ 1974-1979-ലെ അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്തെ സഹകരണമേഖല വർക്കിംഗ് ഗ്രൂപ്പ് ശിപാർശ താഴെ പറയും പ്രകാരമാണ്:

" While the existing three-tier structure of Co-operative credit institutions may be continued in the large states it would be desirable to try a two tier structure in smaller states. The Central Co-operative Banks which now form the middle tier could in such cases be amalgamated with the State Co-operative Banks and converted into its branches."

അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്തുതന്നെ കേരളം, ഹരിയാന, ആസാം തുടങ്ങിയ സംസ്ഥാനങ്ങളിൽ ദ്വിതല സമ്പ്രദായം നടപ്പാക്കണമെന്ന് വർക്കിംഗ് ഗ്രൂപ്പ് ശിപാർശ ചെയ്തിരുന്നു. 1972-ൽ റിസർവ് ബാങ്ക് നിയോഗിച്ച പഠന സംഘവും കേരളത്തിൽ ദ്വിതല സംവിധാനമായിരിക്കും അഭികാമ്യമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് നബാർഡ് ചെയർമാൻ ശ്രീ. പ്രകാശ് ബക്ഷിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി വസ്തുതകളെ ഒഴിവാക്കി ദ്വിതല സംവിധാനം നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്തുവെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ജനങ്ങളുമായി നേരിട്ട് ഇടപെടുന്ന ജനാധിപത്യ സംവിധാനം ഇല്ലായ്മ ചെയ്യുന്നതിനോട് നമുക്കൊരിക്കലും യോജിക്കാനാകാത്തതുകൊണ്ട് നാം ആ നിർദ്ദേശത്തെ അംഗീകരിച്ചില്ല. ഇടതുമുന്നണിയുടെ എക്കാലത്തെയും നയം പ്രാഥമിക കാർഷികവായ്പാ സംഘങ്ങളുടെ സംരക്ഷണവും സുരക്ഷിതത്വവുമാണ്. ഈ സർക്കാർ കേരള ബാങ്ക് രൂപീകരണം പ്രഖ്യാപിച്ച് നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചപ്പോൾ മുതൽ പ്രതിപക്ഷം ബാലിശമായ തടസ്സവാദങ്ങളുന്നയിച്ചുവരികയാണ്. കേരള ബാങ്ക് രൂപീകരണം എന്ത് വിലകൊടുത്തും തടയുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ പ്രഖ്യാപിക്കുന്ന സ്ഥിതിയുണ്ടായി. അദ്ദേഹം ഇക്കാര്യമുന്നയിച്ച് റിസർവ് ബാങ്ക് ഗവർണർക്ക് കത്തയയ്ക്കുകയും ചെയ്തു. വ്യാജ കത്തുകളും കേസ്സുകളും വളരെയേറെയുണ്ടായി. സർക്കാരിന്റെ നിശ്ചയദാർഢ്യം അതിനെയെല്ലാം അതിജീവിച്ചു. നമുക്ക് റിസർവ് ബാങ്കിൽനിന്നും തത്വത്തിൽ അനുമതി ലഭിച്ചു. പൂർണ്ണ അനുമതി ലഭിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അത്രയും ആത്മാർത്ഥമായും സുതാര്യവുമായാണ് നടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ കേരള ബാങ്ക് ഒരു നാഴികക്കല്ലായി മാറുകതന്നെ ചെയ്യും. ഈ തീരുമാനം ഭാവിയിൽ തങ്കലിപികളിൽ കേരള ജനത രേഖപ്പെടുത്തുമെന്നുള്ള കാര്യത്തിലും സംശയമില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പ്രതിപക്ഷമടക്കമുള്ള നിയമസഭാംഗങ്ങൾ പൊതുവെ ഒരു കാര്യം ഉൾക്കൊള്ളണം. നമ്മുടെ രാജ്യം കേരള ബാങ്ക് രൂപീകരിക്കുന്ന മാതൃക പിന്തുടരുന്ന കാഴ്ചയാണ് നമുക്ക് മുന്നിലുള്ളത്. പഞ്ചാബിൽനിന്നും കോൺഗ്രസ് പ്രതിനിധികൾ ഇവിടെ

വന്ന് തിരിച്ചുപോയതിനുശേഷം ഞങ്ങൾ കേരള മാതൃക പിൻതുടരുമെന്നാണ് അവർ പ്രഖ്യാപിച്ചത്. പഞ്ചാബിലെ 20 ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കാൻ അവർ തീരുമാനിച്ചു. അതുപോലെ ബി.ജെ.പി. ഭരിക്കുന്ന ഉത്തർപ്രദേശിൽ ശ്രീ. യോഗി ആദിത്യനാഥ് സർക്കാർ 50 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുന്നതിനായി പഠനറിപ്പോർട്ട് സമർപ്പിക്കാൻ ഐ.എ.എം. അഹമ്മദാബാദ് പ്രൊഫസറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. മഹാരാഷ്ട്രയിൽ നബാർഡ് മുൻ ചെയർമാൻ Dr. Yashwant Thorat അദ്ധ്യക്ഷനായുള്ള സമിതി രൂപീകരിച്ചു. ഝാർഖണ്ഡിലും ഛത്തീസ്ഗഢിലും ലയനത്തിനുള്ള നടപടികൾ ആരംഭിച്ചു. Telangana Rashtra Samithi (TRS) ഭരിക്കുന്ന തെലങ്കാനയിൽ ഹ്രസ്വകാല വായ്പാ സംവിധാനം ദ്വിതല ഘടനയിലേക്ക് മാറ്റുന്നതിനുള്ള ഗൗരവതരമായ ആലോചനകൾ നടന്നുവരികയാണ്. ഇങ്ങനെ രാജ്യത്തെ ചെറുതും വലുതുമായ വിവിധ രാഷ്ട്രീയ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ കേരളത്തിന്റെ പാത പിൻതുടരുമ്പോൾ എന്നെങ്കിലും ലഭിച്ചേക്കാവുന്ന ജില്ലാ ബാങ്ക് ഡയറക്ടർ ബോർഡ് അംഗത്വമെന്ന അപ്പക്കഷണത്തിനുവേണ്ടിയുള്ള ദുർവാശി പ്രതിപക്ഷം വെടിയണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇടതു ഭരണത്തിൻ കീഴിൽ 14 ജില്ലാ ബാങ്കുകളിൽ 13 എണ്ണത്തിലും ഇടതുഭരണം വരുമായിരുന്നു. ഞങ്ങളുടെ സഖാക്കളും സഹപ്രവർത്തകരും വിവിധ അധികാര പദവികളിലെത്തുമായിരുന്നു. എന്നാൽ, കേരളത്തിന്റെ ശോഭനമായ ഭാവിക്കനുയോജ്യം സംയോജിച്ച് ശക്തിപ്പെട്ട ഒരു ബാങ്കായിരിക്കും നല്ലതെന്ന സുചിന്തിതമായ തീരുമാനം, നഷ്ടപ്പെടുന്ന സ്ഥാനമാനങ്ങളെക്കാൾ വലുതാണെന്ന കാഴ്ചപ്പാടാണ് ഞങ്ങൾ സ്വീകരിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതേ വാചകമാണ് ശ്രീ. നരേന്ദ്ര മോദിയും പറയുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശക്തിപ്പെടുത്താനും ഇന്ത്യയിലെ പ്രൈം ബാങ്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയെ മാറ്റാനും വേണ്ടിയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനീർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഗുജറാത്ത് എന്നിവയെ ഏകോപിപ്പിക്കുന്നത്. ഇത് മനസ്സിലാക്കാതെ അങ്ങ് പ്രതിപക്ഷത്തെ നിരന്തരമായി കുറ്റപ്പെടുത്തുകയാണ്. ശ്രീ. നരേന്ദ്ര മോദി പറയുന്ന അതേ വാചകമാണ് ശ്രീ. കടകംപള്ളി സുരേന്ദ്രനും ശ്രീ. പിണറായി വിജയനും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്ന് വികേന്ദ്രീകരണത്തിന്റെ കാലമാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉൾപ്പെടെയുള്ള ബാങ്കുകളെ ലയിപ്പിച്ചതിനെതിരെ പ്രമേയം പാസ്സാക്കിയ സഭയാണിത്. ഡി-സെൻട്രലൈസേഷനാണ് ഇന്നാവശ്യം, അല്ലാതെ ഏകീകരണമല്ല. നിങ്ങൾ ഇത് ഏകീകരിച്ചുകൊണ്ട് സഹകരണ ജനാധിപത്യത്തെ തകർക്കാനാണ് നോക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യത്തെ സംബന്ധിച്ച് അങ്ങ് നേരത്തെതന്നെ റിസർവ് ബാങ്കിന് ഒരു കത്തെഴുതിയത് ഞാൻ ഓർക്കുന്നു. ആ സന്ദർഭത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടായിരുന്നു. SBT, SBI ലയനത്തെ ഒരു ഭാഗത്ത് എതിർക്കുമ്പോൾ KCB, DCB ലയനം നടപ്പാക്കുമോ എന്നുള്ളതായിരുന്നു അങ്ങ് ആ കത്തിലും ഉന്നയിച്ച പ്രധാനപ്പെട്ട ആക്ഷേപം. SBT, SBI സംയോജനത്തെ എതിർത്തതിന് വ്യക്തമായ കാരണങ്ങളുണ്ടായിരുന്നുവെന്ന് മറ്റാരെക്കാളും നന്നായി അങ്ങേക്കറിയാമെന്നാണ് എന്റെ വിശ്വാസം. ഇപ്പോൾ അവ അനുഭവവേദ്യമായിരിക്കുകയാണ്. കേരളത്തിലെ നെൽകർഷകർക്ക് നെല്ലിന് വില കൊടുക്കുന്ന കാര്യവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ ബോധ്യപ്പെട്ടത് എസ്.ബി.ഐ. നെൽകർഷകരെ സഹായിക്കുന്നതിന് തയ്യാറായി മുന്നോട്ടുവരുന്നില്ലെന്നതാണ്. മറ്റ് ബാങ്കുകൾ മുന്നോട്ടുവന്നെങ്കിലും SBI കൃഷിക്കാരിൽനിന്നും പാടെ അകന്നുപോകുന്ന സമീപനം സ്വീകരിക്കുന്നതായി മനസ്സിലായി. ആ സന്ദർഭത്തിൽ നെല്ലെടുത്തതിന് കേരളത്തിലെ സഹകരണ ബാങ്കുകൾ നെൽകൃഷിക്കാർക്ക് 306 കോടി രൂപ കൊടുത്തതായും വെളിവാക്കപ്പെടുന്ന സാഹചര്യമുണ്ടായി. SBT-യെ SBI-ൽ ലയിപ്പിച്ചതിലൂടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ട കാര്യങ്ങളൊന്നും ഞാൻ അങ്ങയോട് പറയേണ്ട കാര്യമില്ല. കേരളത്തിലെ ആളുകൾക്ക് ലഭിക്കേണ്ട ജോലിയും ബാങ്കിന്റെ ശാഖകളും നഷ്ടപ്പെട്ടു. പാവപ്പെട്ടവരുടെ ക്ഷേമപെൻഷൻ അക്കൗണ്ടുകൾവരെ കൊള്ളയടിക്കുന്ന സ്ഥിതിയുണ്ടായി. ഇതെല്ലാം അങ്ങേയ്ക്ക് അറിവുള്ളതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസന പ്രക്രിയയിൽ SBT-യിൽ നിന്ന് ലഭിച്ചിരുന്ന പിന്തുണ SBI-ൽ നിന്നും ലഭിക്കുന്നില്ല. സംസ്ഥാനത്തുനിന്നും ശേഖരിക്കപ്പെടുന്ന വിഭവം മറ്റാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കപ്പെടുന്ന സ്ഥിതിയുണ്ട്. സംസ്ഥാന സഹകരണബാങ്കും ജില്ലാ സഹകരണ ബാങ്കുകളും തമ്മിൽ സംയോജിപ്പിക്കുമ്പോൾ, സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം SBT എത്രമാത്രം ആശ്വാസം നൽകുമായിരുന്നു എന്നുള്ളതിനെക്കാൾ അതിനോട് നമുക്കൊരു ആഭിമുഖ്യമുണ്ടായിരുന്നു. നമ്മുടെ സ്വന്തം ബാങ്ക്, കേരളത്തിന്റെ ബാങ്ക് എന്നുള്ള ചിന്ത പലപ്പോഴും SBT-യെ സംബന്ധിച്ചിടത്തോളം നമുക്കുണ്ടായിരുന്നു. അതില്ലാതായ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള ശേഷി വർദ്ധിക്കുകയായിരിക്കും ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണബാങ്കിൽ ലയിക്കുമ്പോഴുണ്ടാവുക. അതിനെക്കാൾ പ്രധാനമായി കാണേണ്ടത് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശാക്തീകരിക്കുക എന്നുള്ളതാണ്. ബാങ്കിംഗ് മേഖല ഇന്ന് നേരിടുന്ന കടുത്ത മത്സരത്തിന്റെ അവസ്ഥയെ സംബന്ധിച്ച് വിശദീകരിക്കേണ്ട കാര്യമില്ല. ഇതുസംബന്ധിച്ച് ഒരു പഠനം നടത്തുമ്പോൾ 20-നും 40-നും മദ്ധ്യേ പ്രായമുള്ള ഇടപാടുകാരുടെ എണ്ണം സഹകരണ ബാങ്കുകളിൽ കാര്യമായിട്ടില്ല. അത് കേവലം 13 ശതമാനമായി ചുരുങ്ങിയിട്ടുണ്ട്. കേരളത്തിലെ സഹകരണ ബാങ്കുകളിലെ ഇടപാടുകാരിൽ മഹാഭൂരിപക്ഷവും 50 വയസ്സനുമുകളിൽ പ്രായമുള്ളവരാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ ചോദിച്ചതിനുള്ള മറുപടിയല്ല അങ്ങ് പറയുന്നത്. SBT, SBI ലയനത്തെ നാം എതിർത്തതാണ്. ഓരോ സഹകരണ/ ജില്ലാ ബാങ്കുകളും RBI-യുടെ ലൈസൻസുള്ളവയാണ്. ലൈസൻസുള്ള ബാങ്കുകളായതു കൊണ്ട് സ്വതന്ത്രമായ പണമിടപാടുകൾ നടത്താൻ അവർക്ക് കഴിയുന്നു. കഴിഞ്ഞ രണ്ട് വർഷമായി ജില്ലാ സഹകരണ ബാങ്കിലേക്ക് റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഒരാളിനുപോലും നിയമനം നൽകിയിട്ടില്ല. കൂടാതെ, ജില്ലാ സഹകരണ ബാങ്കുകൾ കാര്യക്ഷമമായി നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അവസാനിപ്പിക്കാൻ പോകുകയാണ്. SBT-യുടെ മുഴുവൻ ബ്രാഞ്ചുകളും SBI നിർത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ കേരളാ ബാങ്ക് വരികയാണെങ്കിൽ ജില്ലാ ബാങ്കുകളിൽ ഒരു ശാഖപോലും ഇനി പുതിയതായി ഉണ്ടാകാൻ പോകുന്നില്ല. നിങ്ങൾ ചെയ്യുന്നത് അപകടകരമായ കാര്യമാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ശാഖകൾ ആറായിരത്തിലധികമാണ്. ഈ ആറായിരത്തിലധികം ശാഖകളും ജില്ലാ ബാങ്കുകളുടെ ശാഖകളും സംസ്ഥാന ബാങ്കുമെല്ലാം ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന അത്യപൂർവ്വമായ കാഴ്ചയാണ് കാണാൻ പോകുന്നത്. സംസ്ഥാനത്തെ പുതിയ തലമുറ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലേക്ക് വരുന്നില്ല. എന്തുകൊണ്ട് വരുന്നില്ലെന്നുവച്ചാൽ ആധുനിക സർവ്വീസുകൾ കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല എന്നുള്ളതാണ്. ആധുനിക സർവ്വീസുകൾ കൊടുക്കാൻ സാധിക്കുന്ന, NRI നിക്ഷേപം അടക്കം സ്വീകരിക്കാൻ സാധിക്കുന്ന തരത്തിലേക്ക് സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്ന നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. SBT, SBI ലയനം പോലെയല്ല, അത് രണ്ട് ഭീമൻ ബാങ്കുകളെ ലയിപ്പിച്ച് ഒരു മഹാഭീമൻ ബാങ്കുണ്ടാക്കി രാജ്യത്തെ ഭീമന്മാർക്ക് മാത്രം വായ്പ കൊടുക്കുന്ന നിലപാട് ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും സ്വീകരിക്കുമ്പോൾ സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കും സാമ്പത്തിക വികാസത്തിനും പുരോഗതിക്കും കാർഷികവായ്പാ സംഘങ്ങളുടെ ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനും ന്യൂജനറേഷൻ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളുമായി മത്സരിക്കുന്നതിന് പര്യാപ്തമാകുന്ന തരത്തിലേക്ക് വളർത്തിക്കൊണ്ടുവരുന്നതിനുമെല്ലാം സഹായകരമായ തരത്തിലാണ് ഈ സംവിധാനത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് പറഞ്ഞത് രണ്ട് ഭീമൻ ബാങ്കുകളുടെ ലയനമാണ്. അത് ശരിയാണ്. ഇവിടെ എന്താണ് നടക്കുന്നത്? വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കിലേക്ക് ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിക്കുകയാണ്. ഇത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കിലേക്ക് ലയിപ്പിച്ചുകൊണ്ട് ഇത് നന്നാക്കുമെന്നാണ് പറയുന്നത്. നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ബാങ്കുകളെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കിലേക്ക് ലയിപ്പിക്കുകയാണ് അങ്ങ് ചെയ്യുന്നതെന്ന് അറിയാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാന സഹകരണ ബാങ്ക് നഷ്ടത്തിലല്ല പ്രവർത്തിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, നഷ്ടത്തിലായിരുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അത് ബഹുമാനപ്പെട്ട അംഗത്തിന്റെ തെറ്റിദ്ധാരണയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി അത് ലാഭകരമായി പ്രവർത്തിക്കുന്ന ബാങ്കാണെന്ന് അങ്ങ് മനസ്സിലാക്കണം. അതിന്റെ കണക്കുകൾ നമ്മുടെ മുന്നിലുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് തിരുവനന്തപുരം DCB മാത്രമാണ്. ബാക്കി 13 ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും ലാഭകരമായി പ്രവർത്തിക്കുകയാണ്. പൊതുവേ ഈ ലയനത്തോടുകൂടി ലാഭകരമായി പ്രവർത്തിക്കുകയും കൂടുതൽ സേവനങ്ങൾ ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ കാര്യങ്ങളെ മാറ്റാനും സാധിക്കും. പി.എസ്.സി. മുഖാന്തരം നടത്തേണ്ട എല്ലാ ഒഴിവുകളിലേക്കും നിയമനം നടത്തിയിട്ടുണ്ട്. അതേസമയം പി.എസ്.സി. റാങ്ക് ലിസ്റ്റിലെ എല്ലാവരെയും നിയമിക്കാൻ സാധിച്ചില്ല. അങ്ങനെ സാധിക്കില്ലല്ലോ! നിലവിലുള്ള ജില്ലാ ബാങ്കുകളിലെ ഒഴിവുകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിയമിക്കുന്നതിന് ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിനെ സംബന്ധിച്ചിടത്തോളം ചരിത്രനേട്ടമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. തെറ്റിദ്ധാരണ കൊണ്ട് നിങ്ങൾ സംസാരിക്കുന്നതാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ ഈ സന്ദർഭത്തിൽ കടക്കുന്നില്ല. 2017-18 വർഷത്തെ സാമ്പത്തിക നേട്ടങ്ങളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപം 1331 കോടി രൂപ വർദ്ധിച്ച് 8005 കോടി രൂപയിലെത്തി. ആ നിലയിലേക്ക് നിക്ഷേപം വർദ്ധിച്ചു. ലാഭം വലിയതോതിൽ വർദ്ധിക്കുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. NPA (Non-Performing Asset) വലിയതോതിൽ കുറഞ്ഞു. അങ്ങനെ സംസ്ഥാന സഹകരണ ബാങ്കിന്റെ ചരിത്രത്തിലെ വളർച്ചയുടെ ഏറ്റവും ഉയർന്ന ഘട്ടത്തിൽ നിൽക്കുന്ന സന്ദർഭമാണിതെന്ന് അങ്ങയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, എസ്.ബി.ഐ., എസ്.ബി.റ്റി. ലയനത്തോടുകൂടി എസ്.ബി.റ്റി. നമ്മുടെ സ്വന്തം ബാങ്കെന്നുള്ള ഫീലിംഗ് നമുക്ക് നഷ്ടപ്പെട്ടു. അങ്ങനെയെങ്കിൽ ഇതും 14 ജില്ലകളിലും സ്വന്തം ബാങ്കെന്നുള്ള ഫീലിംഗ് നഷ്ടപ്പെടുകയാണ്. മലപ്പുറം ജില്ലയിലുള്ളവർക്ക് ആ ജില്ല വരെ പോയാൽ മതിയായിരുന്നു. ആ ഫീൽ മലപ്പുറം ജില്ലയിലുള്ളവർക്ക് നഷ്ടപ്പെടുകയാണ്. കാര്യങ്ങളെല്ലാം വികേന്ദ്രീകരിക്കുകയാണ്. മാത്രമല്ല, സംസ്ഥാന ഗവൺമെന്റിന് സാമ്പത്തികമായ പ്രശ്നങ്ങളോ ആവശ്യങ്ങളോ ഉണ്ടായപ്പോഴെല്ലാം നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി എല്ലാ ജില്ലാ ബാങ്കുകളും പ്രത്യേകിച്ച് പ്രളയഘട്ടത്തിൽ എല്ലാ പ്രൈമറി സംഘങ്ങളും സഹായിക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്. അങ്ങനെ സുഗമമായി നടക്കുന്ന ഒരു പ്രസ്ഥാനത്തെ ആവശ്യമില്ലാതെ ഡിസ്റ്റർബ് ചെയ്യേണ്ടതുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും മറ്റംഗങ്ങൾക്കും അറിയാവുന്നതുപോലെ ജില്ലാതലത്തിൽ ജില്ലാ ബാങ്കുകളുടെ ഭരണസാരഥ്യം വഹിക്കുന്ന ഒരുകൂട്ടം നേതാക്കന്മാർക്കാണ് ഡിസ്റ്റർബൻസ് വരുന്നത്. ഞാനത് കുറച്ച് കാണുന്നില്ല. അവർ ഭരണ-പ്രതിപക്ഷ രാഷ്ട്രീയകക്ഷികളിൽ വളരെ ശക്തമായ രാഷ്ട്രീയ തീരുമാനങ്ങളെടുപ്പിക്കാൻ ശേഷിയുള്ളവരാണ്. അങ്ങനെയുള്ള 300-ഓളം ആളുകളുടെ സ്ഥാനം നഷ്ടപ്പെടുന്നുവെന്നത് ഒഴിച്ചാൽ ബഹുമാനപ്പെട്ട എം. ഉമ്മർ പറയുന്നതുപോലെ യാതൊന്നും സംഭവിക്കുന്നില്ല. കേരള ബാങ്കിന്റെ ഭാഗമായി മലപ്പുറം ജില്ലയിലും വളരെ ഭംഗിയായി പ്രവർത്തിക്കും. ചർച്ചകൾക്കുശേഷം വിശദാംശങ്ങൾ പരിശോധിക്കാം. കേരള ബാങ്ക് നിശ്ചയമായും ധാരാളം നേട്ടങ്ങളും സാധ്യതകളും തുറന്നുതരുമെന്ന കാര്യത്തിൽ സംശയമില്ല. പ്രളയത്തിലകപ്പെട്ട ഈ നാടിന്റെ പുനർനിർമ്മിതിക്ക് ആവശ്യമായ വിഭവങ്ങൾ നമ്മുടെ നാട്ടിൽത്തന്നെയുണ്ട്. അത് സഹകരണ മേഖലയിലൂടെ ഏകോപിപ്പിക്കാൻ നമുക്ക് കഴിയും. ഓരോ ജില്ലാ ബാങ്കിന്റെയും വിഭവലഭ്യത വ്യത്യസ്ത തോതിലാണ്. വിഭവങ്ങൾ ഏകോപിപ്പിച്ച് വിനിയോഗിക്കുകയാണെങ്കിൽ ചുരുങ്ങിയത് 25,000 കോടി രൂപയെങ്കിലും അധികമായി വായ്പ നൽകാനാകും. അത്തരത്തിൽ റോഡ്, പാലം, തുറമുഖം, വിമാനത്താവളം തുടങ്ങിയ പദ്ധതികൾക്ക് 1,000 കോടി രൂപ ചെലവാക്കി BOT അടിസ്ഥാനത്തിൽ 5,000 കോടി രൂപ പിരിച്ചെടുക്കുന്ന വൻകിട സ്വകാര്യ കുത്തകകളെ നമുക്ക് ചെറുക്കാനും കൂടുതൽ കാർഷിക വായ്പ നൽകാനും കഴിയും. ഏകോപനത്തിലൂടെ ശക്തമാകുന്ന ബാങ്കിന്റെ ധനസ്ഥിതിയിൽ നബാർഡിൽ നിന്നും കൂടുതൽ പുനർവായ്പ നമുക്ക് ലഭിക്കും. നെല്ല് അളന്ന് അന്നുതന്നെ വിലയിനത്തിൽ 300 കോടി രൂപയിലധികം കർഷകർക്ക് സഹകരണ ബാങ്കുകൾ ഈ വർഷം നൽകി. അടുത്ത വിള മുതൽ സമ്പൂർണ്ണമായും ഈ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. 1,500 കോടി രൂപയോളം യാതൊരു ബുദ്ധിമുട്ടില്ലാതെ കർഷകർക്ക് നൽകാനാണ് സഹകരണ ബാങ്കുകൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ളത്. ഇത് ഉല്പാദനമേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരും. 4.5 ശതമാനം പലിശയ്ക്ക് നബാർഡിൽനിന്ന് ലഭിക്കുന്ന പുനർവായ്പ ജില്ലാ ബാങ്ക് എന്നൊരു തലം ഒഴിവായാൽ കർഷകർക്ക് നിലവിലെ 7 ശതമാനമെന്ന പലിശ നിരക്കിൽനിന്നും കുറച്ച് നൽകാൻ സാധിക്കും. ഒന്നര ലക്ഷം കോടിയിലധികം രൂപയാണ് വിദേശത്ത് ജോലി ചെയ്യുന്ന നമ്മുടെ സഹോദരങ്ങൾ ഓരോ വർഷവും നാട്ടിലേക്കയയ്ക്കുന്നത്. 15 ബാങ്കുകളിലായി നിക്ഷേപിച്ചിരിക്കുന്ന ഈ പണത്തിൽനിന്നും യാതൊരു തുകയും സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ എത്തുന്നില്ല. കാരണം, എൻ.ആർ.ഐ. നിക്ഷേപങ്ങൾ സ്വീകരിക്കാനുള്ള റിസർവ് ബാങ്കിന്റെ സാമ്പത്തിക മാനദണ്ഡങ്ങൾ പാലിക്കാൻ ഈ ബാങ്കുകൾക്ക് ഒറ്റയ്ക്ക് കഴിയില്ല. എന്നാൽ

സംയോജിച്ച് ഏകോപിതമാകുമ്പോൾ ഈ മാനദണ്ഡങ്ങളെല്ലാം പാലിക്കാൻ സാധിക്കുകയും ഈ നിക്ഷേപത്തിന്റെ ഒരു ഭാഗം കേരള ബാങ്കിൽ എത്തുകയും ചെയ്യും. സ്വകാര്യ, ന്യൂജനറേഷൻ, ദേശസാൽകൃത ബാങ്കുകൾ ഉപഭോക്താക്കളെ പിഴിയുന്ന രീതികളെക്കുറിച്ച് നമുക്കറിയാം. സേവന ചാർജ്, പിഴ എന്നീ ഓമനപ്പേരുകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ ആയിരക്കണക്കിന് കോടി രൂപയാണ് അവർ പിഴിഞ്ഞെടുത്തത്. പൊതുമേഖലയിലെ ഏറ്റവും വലിയ ബാങ്കായ എസ്.ബി.ഐ. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അക്കൗണ്ടിൽ മിനിമം ബാലൻസില്ലെന്ന പേരിൽ 1772 കോടി രൂപയാണ് ജനങ്ങളിൽനിന്നും കവർന്നതെന്ന് നാം ഓർക്കണം. ഈ കൊള്ളയ്ക്ക് അറുതിവരുത്താൻ കേരള ബാങ്കിനെക്കൊണ്ട് സാധിക്കും. നമ്മുടെ സഹകരണ ബാങ്കിംഗ് മേഖല അതിനൂതന സാങ്കേതിക മികവിലേക്ക് വന്നാൽ മാത്രമേ, ചെറുപ്പക്കാരായ ഉപഭോക്താക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാനാകുകയുള്ളൂ. നിലവിൽ സഹകരണ ബാങ്കുകളിൽ 50 വയസ്സിന് താഴെ പ്രായമുള്ള കസ്റ്റമേഴ്സ് 23 ശതമാനത്തിനടുത്താണ്. യുവ തലമുറയ്ക്കാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കാൻ ഒറ്റപ്പെട്ട് നിൽക്കുന്ന ബാങ്കുകളെക്കാൾ ഏകോപിതമായ കേരള ബാങ്കിനായിരിക്കും കഴിയുക. മാത്രമല്ല, യുവതലമുറ ആഗ്രഹിക്കുന്ന ബ്രാൻഡ് മൂല്യം ആർജ്ജിക്കുന്നതിനും കേരള ബാങ്കിന് കഴിയും. ജീവനക്കാരുടെ പ്രൊഫഷണലിസം, ആധുനിക ബാങ്കിംഗ് ഉല്പന്നങ്ങളും സേവനങ്ങളും, വിദേശത്തു നിന്നുള്ള ധനവിനിമയം എന്നിങ്ങനെ ധാരാളം മേഖലകളിൽ മത്സരക്ഷമമായ ചുറ്റുപാട് സൃഷ്ടിച്ചെടുക്കാൻ ഈ മാറ്റത്തിലൂടെ നമുക്ക് കഴിയുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ അതിന്റെ ഉടമസ്ഥതയും വോട്ടവകാശവും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും അർബൻ സഹകരണ ബാങ്കുകളിലുമായി നിജപ്പെടുത്താനാണ് സർക്കാർ ആലോചിച്ചിട്ടുള്ളത്. എന്നാൽ വായ്പേതര സംഘങ്ങൾക്ക് നിലവിലെ രീതിയിൽ എല്ലാവിധ വായ്പാ സേവനങ്ങളും നൽകുകയും ചെയ്യും. കാർഷിക വായ്പാ ബാങ്കിംഗ് പ്രവർത്തനത്തെ സംശുദ്ധമായി നിലനിർത്തണമെന്ന കാഴ്ചപ്പാടാണ് ഈ നിലപാടിന് അടിസ്ഥാനം. ഇടതുപക്ഷം എക്കാലത്തും സ്വീകരിച്ചിട്ടുള്ളതും ഈ സമീപനമാണ്. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഏറ്റവും വലിയ ഗുണഭോക്താക്കളാകുന്നത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവരുടെ അംഗങ്ങളുമായിരിക്കും. കേരള ബാങ്ക് നൽകുന്ന സാങ്കേതിക മികവുള്ള സേവനങ്ങൾ അവരിലൂടെ സാധാരണക്കാരായ ഗ്രാമീണ ജനതയിലെത്തിക്കാൻ സാധിക്കുമെന്നാണ് കാണുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അതുകൊണ്ടുതന്നെയാണ് നബാർഡ് ശക്തമായി എതിർത്തത്. നിങ്ങൾ ക്രെഡിറ്റ് സംഘങ്ങളെ മാത്രമെ ഇതിൽ ഉൾപ്പെടുത്തുന്നുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കടലാസ് സംഘങ്ങൾ

എന്നുപറഞ്ഞത് വളരെ തെറ്റായിപ്പോയി. ഈ നാട്ടിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സംഘങ്ങൾ അല്ലാതെയുള്ള സഹകരണ സംഘങ്ങളെ അതിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. അത് തെറ്റായ നടപടിയാണ്. ഇടതുപക്ഷം എന്നും സ്വീകരിച്ച സമീപനമിതാണെന്നാണ് അങ്ങ് പറഞ്ഞത്. നിങ്ങൾ ചെയ്യുന്നത് തെറ്റായ കാര്യമാണ്. സംസ്ഥാനത്ത് നല്ലനിലയിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സംഘങ്ങളല്ലാത്ത പ്രാഥമിക സഹകരണ സംഘങ്ങളുണ്ട്; അവരെവിടെപ്പോകും? ആ നിലയിൽ ചെയ്യുന്നത് തെറ്റാണെന്നാണ് ഒന്നാമതായി പറയാനുള്ളത്. രണ്ട്, റബ്കോ ഉൾപ്പെടെയുള്ളവരുടെ കോടിക്കണക്കിന് രൂപ എഴുതിത്തള്ളുകയാണ്. ആ പണം എഴുതിത്തള്ളാൻ എന്തധികാരമാണുള്ളത്? സൊസൈറ്റി എടുത്തിട്ടുള്ള 300 കോടിയോളം രൂപ ധൂർത്തടിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ കടങ്ങൾ എഴുതിത്തള്ളുകയാണ്. നാട്ടുകാരുടെ പണമുപയോഗിച്ച് റബ്കോ അനധികൃതമായി നടത്തിയ എല്ലാ ഇടപാടുകളും എഴുതിത്തള്ളുകയാണ്. ഒറ്റക്കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ത്യയിലെ എല്ലാ ബാങ്കുകളും ഇന്ന് നഷ്ടത്തിലാണ്. ശ്രീ. അരുൺ ജെയ്റ്റ്ലി 70,000 കോടി രൂപയാണ് ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ Capital Adequacy-ക്കു വേണ്ടി കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇൻജെക്റ്റ് ചെയ്തത്. ഇന്ത്യയിലെ ഒരു ബാങ്കും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. നിങ്ങൾ അപകടകരമായ കാര്യമാണ് ചെയ്യുന്നത്.

കേരളത്തിൽ നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ മുഴുവൻ, പൊതുമേഖലാ ബാങ്കുകളുടെ തകർച്ച നേരിടുന്ന ഒരു കാലഘട്ടത്തിലേക്ക് സഹകരണ വകുപ്പുമന്ത്രി കൊണ്ടുപോകുകയാണ്. ഈ വിഷയം ദയവായി ഒന്നുകൂടി പഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നിലവിലുള്ള സംവിധാനത്തിൽ ജില്ലാ ബാങ്കുകളിൽ അംഗത്വമുള്ളത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കാണ്. അതേസമയം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച ഇതര സംഘങ്ങൾക്ക് നോമിനൽ അംഗത്വമുണ്ട്. അവയ്ക്ക് അവിടെ നിക്ഷേപിക്കുകയും വായ്പയെടുക്കുകയും ചെയ്യുന്നതിന് യാതൊരു തരത്തിലുള്ള അസൗകര്യവുമില്ല. ഈ ബാങ്കിംഗ് സംവിധാനം വരുമ്പോൾ അതിനെന്തെങ്കിലും തടസ്സമുണ്ടാകുമോയെന്ന് അങ്ങ് ധരിക്കുന്നതുപോലെ ഒന്നുമില്ല. നിലവിലുള്ള വ്യവസ്ഥപ്രകാരം ജില്ലാ ബാങ്കുകളിൽ അംഗത്വമുള്ള കാർഷിക വായ്പാ സംഘങ്ങൾക്കും അർബൻ ബാങ്കുകൾക്കും മാത്രമായി പരിമിതപ്പെടുത്തുന്നുവെന്നത് മാത്രമാണ്. കടലാസ് സംഘങ്ങളുണ്ടെന്ന് പറയുന്നത് വാസ്തവമാണ്. അതങ്ങ് മനസ്സിലാക്കേണ്ട കാര്യമാണ്. എല്ലാം അങ്ങനെയല്ല. നന്നായി പ്രവർത്തിക്കുന്നതായ സംഘങ്ങളുമുണ്ട്. എന്നാൽ പല സംഘങ്ങളും കടലാസ് സംഘങ്ങളാണ്. അതുസംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് തരാൻ ഞാൻ തയ്യാറാണ്. സഹകരണ തത്വങ്ങൾക്ക് നിരക്കാത്ത തരത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് റബ്കോയുടെ കാര്യം പറയുകയുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ചുരുക്കിപ്പറയണം. വിശദമായ മറുപടി ചർച്ചയ്ക്കുശേഷം പറയാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. റബ്കോ മാത്രമല്ല, യു.ഡി.എഫ്. ഭരിക്കുന്ന റബ്ബർ മാർക്കും മാർക്കറ്റ് ഫെഡും ഇതിലുണ്ടെന്ന് അങ്ങ് മനസ്സിലാക്കണം. ഇവരുടെ പണം എഴുതിത്തള്ളി അവരെ രക്ഷിക്കാനൊന്നും ഗവൺമെന്റിന് ഉദ്ദേശ്യമില്ല. അവരുടെ മുഴുവൻ സ്വത്തും സർക്കാർ ഏറ്റെടുത്തുകൊണ്ട് വായ്പ നൽകുകയാണ് ചെയ്യുന്നത്. മുഴുവൻ വായ്പയും പലിശസഹിതം തിരിച്ചു പിടിക്കാനുള്ള എല്ലാ നടപടിയും ഗവൺമെന്റ് സ്വീകരിക്കും. റബ്കോ ഭരിക്കുന്നത് ഇടതുപക്ഷമായതുകൊണ്ട് അതുമാത്രമാണ് അങ്ങ് പറഞ്ഞത്. യു.ഡി.എഫ്. ഭരിക്കുന്ന റബ്ബർ മാർക്കിന്റെയും മാർക്കറ്റ് ഫെഡ്ഡിന്റെയും കാര്യംകൂടി പറയേണ്ടതായിരുന്നു. തെറ്റിദ്ധാരണ ഉണ്ടാക്കേണ്ട കാര്യമില്ല. നിശ്ചയമായും സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ മുന്നേറ്റമായിരിക്കും കേരളബാങ്ക് എന്ന കാര്യത്തിൽ സംശയമില്ല. പറഞ്ഞാലൊടുങ്ങാത്ത നേട്ടങ്ങളും സാധ്യതകളും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി മുന്നോട്ടുവച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സ്ഥായിയും സമ്പൂർണ്ണവുമായ വികസനത്തിന് വഴിതെളിയിക്കുക എന്ന വലിയ ദൗത്യമായിരിക്കും കേരളബാങ്ക് സംസ്ഥാനത്ത് നിർവ്വഹിക്കാൻ പോകുന്നത്.

11.00 A.M ]

കണ്ണൂരിൽ നടന്ന 8-ാമത് സഹകരണ കോൺഗ്രസിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പങ്കെടുത്തിരുന്നു. സഹകരണ കോൺഗ്രസിൽ ഈ വിഷയം അവതരിപ്പിച്ച് ഗൗരവത്തോടുകൂടി ചർച്ച ചെയ്തു. സഹകരണ കോൺഗ്രസിന്റെ ചരിത്രത്തിലാദ്യമായി ഒരു നയം അവതരിപ്പിച്ച് ഞങ്ങൾ ചർച്ച ചെയ്തു. ആ നയത്തിലും ഇതുൾപ്പെടുത്തിയിരുന്നു. കക്ഷി രാഷ്ട്രീയം കൂടാതെ എല്ലാ വിഭാഗത്തിലുംപെട്ട മൂവായിരത്തോളം വരുന്ന ആളുകളുമായും അതിനുമുമ്പ് ജീവനക്കാരുടെ പ്രതിനിധികളുമായും സഹകാരി സമൂഹവുമായും വിശദമായി ചർച്ച ചെയ്തു. നാനാതലങ്ങളിലും ചർച്ചകൾ നടന്നു. സഹകാരി നേതാക്കളെല്ലാംതന്നെ ചർച്ച കഴിഞ്ഞതിനുശേഷം 'കേരള ബാങ്കിനെ ഞങ്ങൾ അങ്ങനെ തള്ളിപ്പറയുന്നില്ല, പക്ഷേ, ഇതൊരു രാഷ്ട്രീയ തീരുമാനമാണ്, ഞങ്ങൾക്ക് എതിർക്കാതിരിക്കാൻ നിർവ്വാഹമില്ല' എന്നുപറയുന്ന അവസ്ഥാ വിശേഷമാണുണ്ടായത്. തങ്ങളുടെ രാഷ്ട്രീയ നേതാക്കളെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെയും ഉപനേതാവിനെയുമൊക്കെ ബോധ്യപ്പെടുത്താൻ ശ്രമിക്കണ മെന്നാണ് ജീവനക്കാരുടെ സംഘടന ആവശ്യപ്പെടുന്നത്. ഇങ്ങനെയൊരു മാറ്റം അനിവാര്യമാണെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും ബോധ്യമുണ്ട്. ഇത് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് അനിവാര്യമാണെന്ന്

എല്ലാവർക്കും കൃത്യമായി അറിയാം. രാഷ്ട്രീയമായ കാഴ്ചപ്പാടിന്റെയും നിലപാടിന്റെയും അടിസ്ഥാനത്തിൽ ഭരണപക്ഷം കൊണ്ടുവരുന്ന തീരുമാനത്തെ എതിർക്കാനുള്ള ഉത്തരവാദിത്വം പ്രതിപക്ഷത്തിനുള്ളതുകൊണ്ട് ഞങ്ങൾ എതിർക്കുകയാണെന്ന നില സ്വീകരിക്കാതെ സംസ്ഥാനത്തിന്റെ വികസനത്തിലും സഹകരണ പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ദൂരവ്യാപകമായ ഫലങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഒരുമിച്ച് ഇത് അംഗീകരിച്ചുകൊണ്ടുപോകുന്നതിനുള്ള സമീപനം പ്രതിപക്ഷം സ്വീകരിക്കണമെന്നാണ് എനിക്ക് വിനയത്തോടുകൂടി പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന്റെ ചർച്ചയിൽ നാലുപേരാണ് പങ്കെടുക്കുന്നത്. ഇനി ഒന്നരമണിക്കൂർ മാത്രമാണുള്ളത്. 15 മിനിട്ടിനുള്ളിൽ ഓരോരുത്തരുടെയും ചർച്ച ഒതുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, I move that

" This House resolves to disapprove The Kerala Co-operative Soieties (Amendment) Ordinance, 2019 (Ordinance No.7 of 2019)" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി, പ്രതിപക്ഷം 'ഏതോ അപ്പക്കഷണത്തിനുവേണ്ടിയാണ് ഈ തത്രപ്പാടൊക്കെ കാണിക്കുന്നതെന്ന് പറഞ്ഞു. പ്രതിപക്ഷത്തിന് അപ്പക്കഷണത്തോടൊന്നും താൽപ്പര്യമില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഏത് 'ഇറച്ചിക്കഷണത്തോടാണ് താൽപ്പര്യമുള്ളത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. പ്രതിപക്ഷത്തിന്റെ ഉത്കണ്ഠ എന്തെന്നാൽ വളരെ നന്നായി പ്രവർത്തിക്കുന്ന ഒരു സംവിധാനത്തെ ഇങ്ങനെ കൊല്ലേണ്ട ആവശ്യമുണ്ടോയെന്നാണ്.

കേരളത്തിന്റെ ചരിത്രം നമുക്കറിയാം. 18-ാം നൂറ്റാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളിലാണ് സഹകരണ പ്രസ്ഥാനത്തിന് ബീജാവാപമുണ്ടായത്. പക്ഷെ, അവിടങ്ങളിലൊന്നും വേരുപിടിക്കാത്ത ഈ സഹകരണ പ്രസ്ഥാനം കേരളത്തിൽ തഴച്ചുവളർന്നത് രാഷ്ട്രീയത്തിനതീതമായി നമുക്കെല്ലാവർക്കും ഒന്നിച്ചുനിൽക്കാൻ കഴിഞ്ഞതുകൊണ്ടാണ്. അതിൽ എല്ലാവരുടെയും സംഭാവനയുണ്ട്. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കുന്നത്, ബാങ്ക് ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഇത്രമാത്രം നീണ്ടയൊരു കാലയളവിലുണ്ടായിട്ടില്ല എന്നാണ്. കേരളത്തിൽ ജില്ലാ ബാങ്കുകളുടെ ഭരണസമിതി പിരിച്ചുവിട്ട് രണ്ട് വർഷമായി ഭരണം അഡ്മിനിസ്ട്രേറ്ററുടെ കീഴിലാണ്. ഇത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ അനുഭവമാണ്. ബിൽ നിയമമാകുന്നതിൽ ഒരു തടസ്സവുമില്ലെന്ന് ക്രമപ്രശ്നമുന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മന്ത്രിയുടെ വിശ്വാസം അദ്ദേഹത്തെ രക്ഷിക്കട്ടെ എന്നുമാത്രമാണ് എനിക്ക് അക്കാര്യത്തിൽ പറയാനുള്ളത്.

ഒരു നിയമം കൊണ്ടുവരുമ്പോൾ അത് സംസ്ഥാനത്തെ രക്ഷിക്കുകയും കൂടുതൽ മെച്ചപ്പെട്ട സംവിധാനത്തിലേക്ക് നയിക്കുകയും ചെയ്യുമെങ്കിൽ ഞങ്ങൾക്കാർക്കും അതിൽ പരാതിയില്ല. പക്ഷെ, ഞങ്ങൾക്ക് മാത്രമല്ല, കേരളത്തിലെ ലക്ഷക്കണക്കിന് സഹകാരികൾക്ക് ചില സംശയങ്ങളുണ്ട്. അതാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി സംശയനിവാരണം നടത്തണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

കേരള സംസ്ഥാന സഹകരണ സംഘം നിയമത്തിൽ ജില്ലാ സഹകരണ ബാങ്കിന്റെ നിർവ്വചനം നീക്കംചെയ്താൽ ആർ.ബി.ഐ. ലൈസൻസുള്ള ജില്ലാ ബാങ്കുകൾ ഇല്ലാതാകുകയില്ല. ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകിയിട്ടുള്ള ആർ.ബി.ഐ. ലൈസൻസ് ബാങ്കുകൾ സറണ്ടർ ചെയ്യുകയും അവയുടെ ലൈസൻസ് ആർ.ബി.ഐ. റദ്ദുചെയ്യുകയും ചെയ്താൽ മാത്രമെ ജില്ലാ സഹകരണ ബാങ്ക് ഇല്ലാതാകുകയുള്ളൂ. നിയമത്തിലെ രണ്ടാം വകുപ്പിലെ ക്ലാസ് (ii)-ലെ ഭേദഗതി ബാങ്കിംഗ് നിയന്ത്രണ നിയമത്തിന്റെ ലംഘനമാണെന്ന സംശയമുണ്ട്. അതിന് മറുപടി നൽകണമെന്നാണ് എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കേരള ബാങ്ക് സംസ്ഥാനത്തെ കാർഷിക വ്യാവസായിക മേഖലയ്ക്ക് കരുത്താകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഒരു വർഷം വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ 25-30 ശതമാനം മാത്രമാണ് നബാർഡ് പുനർവായ്പാ സഹായമായി സംസ്ഥാന സഹകരണ ബാങ്കിലൂടെ സഹകരണ മേഖലയ്ക്ക് ഇപ്പോൾ നൽകിവരുന്നത്. ബാക്കി വായ്പ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപം ഉപയോഗിച്ചും നൽകുന്നു. ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്ന വായ്പക്കാർക്ക് കേന്ദ്ര സർക്കാർ 3 ശതമാനവും സംസ്ഥാന സർക്കാർ 4 ശതമാനവും പലിശ റിബേറ്റ് നൽകിവരുന്നു. യഥാർത്ഥത്തിൽ കുടിശ്ശിക വരുത്താതെ വായ്പ തിരിച്ചടയ്ക്കുന്ന പ്രാഥമിക സംഘങ്ങളിലെ അംഗങ്ങളായ വായ്പക്കാർക്ക് പലിശരഹിത വായ്പയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ ബാങ്ക് ഒഴിവായി സംസ്ഥാന സഹകരണ ബാങ്കും പ്രാഥമിക കാർഷിക വായ്പാസംഘങ്ങളും മാത്രമുള്ള ദ്വിതല സംവിധാനത്തിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ രഹിത വായ്പയായി ഉടരുന്നതിനാൽ പലിശ നേട്ടമൊന്നും ഉണ്ടാകില്ല. മറിച്ച്, ഏതെങ്കിലും ഒരു വർഷം സംസ്ഥാന സഹകരണ ബാങ്കിന്റെ എൻ.പി.എ. വർദ്ധിപ്പിക്കുകയോ മൂലധന പര്യാപ്തത ഇല്ലാതാകുകയോ പ്രവർത്തനഫലം നഷ്ടപ്പെടുകയോ ചെയ്യുന്നപക്ഷം കേരളത്തിന് ഒരു രൂപപോലും നബാർഡിൽനിന്ന് കാർഷിക പുനർവായ്പാ സഹായം ലഭിക്കാതെവരും. എന്നാൽ ത്രിതല സംവിധാനമായിരുന്നുവെങ്കിൽ സംസ്ഥാന സഹകരണ ബാങ്കിന് നബാർഡ് പുനർവായ്പാ സഹായം നിഷേധിക്കപ്പെട്ടാലും ജില്ലാ ബാങ്കുകൾക്ക് നേരിട്ട് നബാർഡ് സഹായം ലഭിക്കുമായിരുന്നു.

മറ്റൊന്ന്, ഒരു ജില്ലയിലുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളോട് ജില്ലാ സഹകരണ ബാങ്ക് കാണിക്കുന്ന സഹാനുഭൂതി കേരള സഹകരണ ബാങ്കിന് സംസ്ഥാനത്തെ 1624 പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി (പി.എ.സി.എസ്.)-യോട് കാണിക്കാൻ സാധിക്കുമോയെന്ന സംശയം കൂടിയുണ്ട്. അതുപോലെ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പി.എ.സി.എസ്. എന്നിവയിലൂടെ കടന്നുവന്ന് കർഷകർക്ക് ലഭിക്കുന്ന കാർഷിക വായ്പയിൽ ഒരു തട്ട് ഒഴിവാകുന്നതിലൂടെ പലിശയിൽ എന്തെങ്കിലും കുറവുണ്ടാകുമോ എന്നതാണ് മറ്റൊരു സംശയം. കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന പി.എ.സി.എസ്. അംഗങ്ങളായ വായ്പക്കാർക്ക് കേന്ദ്രസർക്കാർ നൽകുന്ന 3 ശതമാനം റിബേറ്റും സംസ്ഥാന സർക്കാരിന്റെ 4 ശതമാനം റിബേറ്റും ഉൾപ്പെടെ പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. അതിനാൽ ജില്ലാ ബാങ്ക് ഒഴിവാകുമ്പോൾ പൂജ്യം റേറ്റ് കുറയില്ല. മറ്റൊന്ന്, പി.എ.സി.എസ്. അംഗങ്ങൾക്ക് അവരുടെ ഓഹരി മൂലധനം മൂന്നുവർഷം കഴിഞ്ഞാൽ തിരികെ നൽകണം. എന്നാൽ കേരള ബാങ്കിൽ പി.എ.സി.എസ്. എടുക്കുന്ന ഓഹരി മടക്കിക്കൊടുക്കുകയില്ല. ഇത് ആസ്തി ബാധ്യതയിലെ അസന്തുലിതാവസ്ഥയ്ക്ക് കാരണമാകില്ലേ എന്നതുകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ജില്ലാ ബാങ്കുകളുടെ 803 ശാഖകളിൽ ഒന്നിനും ആർ.ബി.ഐ. അംഗീകാരമില്ലെന്നുള്ളത് നമുക്കെല്ലാവർക്കു മറിയാവുന്നതാണ്. കേരള ബാങ്കാകുമ്പോൾ ശാഖാ ലൈസൻസിംഗ് മാനദണ്ഡ മനുസരിച്ച് എത്ര ശാഖകൾക്കാണ് ലൈസൻസ് ലഭിക്കുന്നതെന്ന കാര്യത്തിൽ വ്യക്തതയുണ്ടാകേണ്ടതുണ്ട്. കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖ തുടങ്ങുവാൻ അപേക്ഷ നൽകി 20 വർഷത്തിലധികമായി കാത്തിരിക്കുന്ന സാഹചര്യത്തിൽ കേരള ബാങ്കിന്റെ ശാഖകളാകുന്ന ജില്ലാ ബാങ്ക് ശാഖകളിൽ 50 ശതമാനത്തിനുപോലും ലൈസൻസ് കിട്ടാൻ സാധ്യതയില്ല. അതുപോലെ, പി.എ.സി.എസ്.-ന്റെ തരളധനവും മിച്ചഫണ്ടും കേരള ബാങ്കിൽ നിക്ഷേപിക്കുമ്പോൾ ജില്ലാ ബാങ്ക് നൽകുന്നതിൽനിന്നും 1.25% പലിശ കുറവായിരിക്കും ലഭിക്കുന്നത്. ഈ പലിശ നഷ്ടം ആരാണ് പരിഹരിക്കുന്നത്. മറ്റൊന്ന്, ജില്ലാ ബാങ്കുകൾ വിവിധ കമ്പനികളുടെ സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഒരു പൊതുവായ സോഫ്റ്റ്‌വെയർ എന്നുണ്ടാകുമെന്നതിനെക്കുറിച്ച് നമുക്കിതുവരെ യാതൊരു വ്യക്തതയുമില്ല. പി.എ.സി.എസ്.-ന് പൊതുവായ അക്കൗണ്ടിംഗ് സമ്പ്രദായവും പൊതുവായ സോഫ്റ്റ്‌വെയറും എപ്പോഴുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കേരള ബാങ്കിന്റെ എ.റ്റി.എം, പി.എ.സി.എസ്.-ന്റെ നിക്ഷേപകർക്ക് ഉപയോഗിക്കാൻ ആർ.ബി.ഐ. സമ്മതിക്കുമോയെന്ന കാര്യത്തിലും വ്യക്തത വേണം. ജില്ലാ

ശാഖകളിൽ പി.എ.സി.എസ്.-ന്റെ ഹ്രസ്വകാല കാർഷിക വായ്പക്കാർ തുടങ്ങിയിട്ടുള്ള മിറർ അക്കൗണ്ടുകളിൽ മറ്റ് ബാങ്കിംഗ് ഇടപാടുകൾ നടത്തുവാൻ ആർ.ബി.ഐ. അനുവദിക്കുമോ എന്ന കാര്യത്തിലും കേരള ബാങ്കിന്റെ രൂപീകരണത്തിലൂടെ കേരളത്തിലെ സഹകരണ മേഖലയിൽ എന്ത് നേട്ടമാണ് അങ്ങ് പ്രതീക്ഷിക്കുന്ന തെന്നും വ്യക്തമാക്കണം. ഇവിടെ മൂന്നിൽരണ്ട് ഭൂരിപക്ഷത്തിന്റെ കാര്യം പറഞ്ഞു. സഹകരണ സംഘങ്ങളുടെ സംയോജനം, പുനഃക്രമീകരണം, വിഘടിപ്പിക്കൽ എന്നിവ ഒരു സാധാരണ പ്രക്രിയയല്ല. സ്ഥാപനത്തിന്റെ നിലനിൽപ്പിനെത്തന്നെ ഇല്ലാതാക്കുന്നതായാൽ, കേരള സഹകരണ നിയമത്തിലെ വകുപ്പ് 14 പ്രകാരം സ്പെഷ്യൽ പൊതുയോഗത്തിൽ മൂന്നിൽരണ്ട് ഭൂരിപക്ഷമുണ്ടെങ്കിൽ മാത്രമേ കൂട്ടിയോജിപ്പിക്കൽ, വിഘടിപ്പിക്കൽ, ആസ്തി ബാധ്യതയുടെ കൈമാറൽ എന്നിവയ്ക്ക് നിയമപരമായ സാധുതയുള്ളൂ. ഇതിന് പ്രത്യേക പൊതുയോഗത്തിൽ ഹാജരായി ട്ടുള്ളവരുടെ മൂന്നിൽരണ്ട് ഭൂരിപക്ഷം വേണമെന്നുള്ളത് ഒട്ടുമിക്കവാറും സംസ്ഥാന നിയമത്തിലും അനുശാസിക്കുന്നുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിവിടെ വ്യക്തമാക്കപ്പെടുകയും ചെയ്തു. പൊതുയോഗത്തിന്റെ തീരുമാനത്തിനുശേഷം ഒരു മാസക്കാലയളവിനുള്ളിൽ അംഗങ്ങൾക്ക് നോട്ടീസ് നൽകേണ്ടതും നോട്ടീസ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ അംഗങ്ങൾക്ക് ഓഹരി, ഡെപ്പോസിറ്റ്, ലോൺ എന്നിവ പിൻവലിക്കാൻ അവസരം കൊടുക്കേണ്ടതുമുണ്ട്. ആ അവസരം ഇവിടെ കൊടുക്കുന്നുണ്ടോയെന്നതാണ് പ്രസക്തമായ ചോദ്യം. കൂട്ടിയോജിപ്പിക്കൽ, വിഘടിപ്പിക്കൽ, ആസ്തി ബാധ്യതയുടെ കൈമാറൽ എന്നിവയ്ക്ക് നിയമസാധുത ലഭിക്കണമെങ്കിൽ അത് അംഗങ്ങൾക്ക് ലഭിക്കേണ്ടതെല്ലാം ലഭിച്ചതിനുശേഷമായിരിക്കണം. കൂട്ടിയോജിപ്പിക്കൽ, വിഘടിപ്പിക്കൽ, ആസ്തി ബാധ്യത കൈമാറൽ എന്നിവ നിർബന്ധമായി രജിസ്ട്രാർക്ക് ചെയ്യാൻ കഴിയുമായിരുന്നു. എന്നാൽ, ഇത്തരം പ്രവൃത്തി നിയമപരമായി ചോദ്യം ചെയ്ത് പഞ്ചാബിൽ വന്നൊരു കേസിന്റെ നിയമതർക്കങ്ങളിൽ രജിസ്ട്രാറുടെ അധികാരം null and void ആയി സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാത്ത കാര്യമല്ലെന്ന് ഞാൻ വിശ്വസിക്കുകയാണ്. കേരള സഹകരണ സംഘം വകുപ്പ് 14-ലെ ഉപവകുപ്പ് 8, 9-ൽ രജിസ്ട്രാറുടെ കമ്പൽസറി പ്രയോഗങ്ങൾ 14-2-2013 മുതൽ എടുത്തുകളഞ്ഞിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു.

കുറെയധികം ആശങ്കകളും പോരായ്മകളുമൊക്കെയുള്ളൊരു ബില്ലാണിത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ കേരളത്തിലെ സഹകരണ പ്രസ്ഥാനമെന്നത് ഏതെങ്കിലുമൊരു പ്രത്യേക വിഭാഗത്തിനുമാത്രം അവകാശപ്പെടാവുന്ന, അവരുടെ കുത്തകയല്ലെന്ന് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. നമ്മളെല്ലാവരും ചോരയും നീരും കൊടുത്ത് കെട്ടിപ്പടുത്തതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം.

അതിനെ കൊല്ലാൻ പല ആളുകളും ശ്രമിച്ചിട്ടുണ്ട്. നോട്ട് നിരോധനത്തിലൂടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ ഉദ്ദേശ്യവും സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ഞെക്കിക്കൊല്ലുക എന്നതായിരുന്നു. ആ സമയത്തും നമുക്കെല്ലാവർക്കും ഒന്നിച്ചു നിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏതെങ്കിലുമൊരു പ്രത്യേക വിഭാഗത്തിന്റെ ആർജ്ജവം കൊണ്ടല്ല അന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനെതിരെയുള്ള നീക്കത്തെ പ്രതിരോധിച്ചത്. ആ സഹകരണ പ്രസ്ഥാനത്തെയാണ് ഇപ്പോൾ ഈ ബില്ലിലൂടെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്നതെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഈ ബിൽ ഇപ്പോഴുള്ള സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുകയില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രതിപക്ഷം ഇതിനെതിരെ ശബ്ദിക്കുന്നത് ഏതെങ്കിലും അപ്പക്കഷണത്തിനുവേണ്ടിയല്ല. എന്നാൽ ഏത് ഇറച്ചിക്കഷണമാണ് ഭരണകക്ഷി ആഗ്രഹിക്കുന്നതെന്നറിയില്ല. അതുകൊണ്ട് ഒരു പുനരാലോചന ഇക്കാര്യത്തിൽ അനിവാര്യമാണെന്നതിൽ യാതൊരു സംശയവുമില്ല. ഈ ബില്ലിനെ ശക്തിയുക്തം എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഈ ബിൽ കൊണ്ടുവരുമ്പോൾ ഇവിടെ ചർച്ച ചെയ്തതുപോലെ യഥാർത്ഥത്തിൽ എസ്.ബി.ഐ., എസ്.ബി.റ്റി. ലയനത്തിനെതിരെ എന്തിനാണ് നിയമസഭയിൽ നമ്മളെല്ലാവരുംകൂടി പ്രമേയം പാസ്സാക്കിയതെന്ന ചോദ്യം മുന്നിലുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളെ നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുകയാണ്. ഇതുമൂലം ഭാവിയിൽ ഒട്ടനവധി ആളുകളുടെ തൊഴിലവസരം നഷ്ടപ്പെടുകയാണ്. ഇപ്പോൾ അയ്യായിരത്തിലധികം ആളുകൾ അധികമായി ജില്ലാ സഹകരണ ബാങ്കിലുണ്ടെന്നാണ് കണക്കുകളിലൂടെ മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുമ്പോൾ ഇവരുടെ ഭാവി എന്താകുമെന്ന കാര്യത്തിൽ യാതൊരു മറുപടിയും ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുന്നില്ല. അവരുടെ ജോലിയൊന്നും നഷ്ടപ്പെടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളിൽ ജോലി ചെയ്യുന്ന ഒട്ടനവധി ആളുകളുണ്ട്. പക്ഷെ, വരുംനാളുകളിൽ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാതാകുന്നതോടുകൂടി ഒട്ടനവധി ചെറുപ്പക്കാരുടെ തൊഴിലവസരം നഷ്ടപ്പെടും. സംസ്ഥാനത്ത് 1602 പ്രാഥമിക സഹകരണ സംഘങ്ങളും 10115 വായ്പേതര സഹകരണ സംഘങ്ങളുമുണ്ട്. ഈ വായ്പേതര സഹകരണ സംഘങ്ങളെ കേരള ബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിൽ മഹാഭൂരിപക്ഷവും യു.ഡി.എഫ്.-ന്റെ ഭരണസമിതി ആയതുകൊണ്ടാണ് ഉൾപ്പെടുത്താത്തത്. ഒരു കാര്യം ചെയ്യുമ്പോൾ എല്ലാം ഒരുപോലെ ചെയ്യണ്ടേ? ഇതുകൂടി ഉൾപ്പെടുത്തണമെന്ന നബാർഡിന്റെ

നിർദ്ദേശം പാലിക്കാതെയാണ് ചെയ്യുന്നത്. മൂന്നിൽരണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനുള്ള പ്രമേയം ജനറൽ ബോഡി മുമ്പാകെ അവതരിപ്പിച്ച് പാസ്സാക്കണമെന്നാണ് നബാർഡിന്റെ നിർദ്ദേശം. പക്ഷേ, കാസർഗോഡ്, തൃശ്ശൂർ, മലപ്പുറം, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ മൂന്നിൽരണ്ട് ഭൂരിപക്ഷമില്ല. യഥാർത്ഥത്തിൽ രാഷ്ട്രീയമായ തീരുമാനമെന്ന നിലയിൽ മാത്രമേ ഇതിനെ കാണാൻ കഴിയുകയുള്ളൂ. 14 ജില്ലാ ബാങ്കും ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇപ്പോൾ റബ്കോ അടക്കമുള്ള സഹകരണ സ്ഥാപനങ്ങൾക്ക് കോടിക്കണക്കിന് രൂപ കൊടുത്തിരിക്കുകയാണ്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും റബ്കോ പോലുള്ള സഹകരണ സംഘങ്ങൾ 238 കോടിയോളം രൂപ ലോണെടുത്തിരിക്കുകയാണ്. റബ്കോ എടുത്തിരിക്കുന്ന ലോണെല്ലാം ഈ സർക്കാർ എഴുതിത്തള്ളും. കാരണം, റബ്കോ ഭരിക്കുന്നത് ഇടതുപക്ഷത്തിന്റെ ഭരണസമിതിയാണ്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് റബ്കോ പോലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് കടംകൊടുത്തതുകൊണ്ടാണ് യഥാർത്ഥത്തിൽ നഷ്ടത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലാഭത്തിൽ പ്രവർത്തിക്കേണ്ടതായിരുന്നു. സഹകരണ ഓഡിറ്റിൽ കണ്ടെത്തിയ ക്രമരഹിതമായി ചെലവഴിച്ച 330 കോടി രൂപയെക്കുറിച്ചൊന്നും മറുപടി പറയുന്നില്ല. ഒരു പുതിയ ബിൽ കൊണ്ടുവരുമ്പോൾ അതിന്റെ ഉദ്ദേശ്യമായി സംസ്ഥാനത്തിന്റെ താല്പര്യമോ പൊതുജനങ്ങളുടെ താല്പര്യമോ ഉണ്ടായിരിക്കണം. എന്നാൽ ഇവിടെ ഇതൊന്നുമില്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചതുപോലെ ഏതോ ഒരു ഇറച്ചിക്കഷണത്തിന്റെ പിന്നാലെയാണ് ഈ സർക്കാർ പോയിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ സംസ്ഥാനത്തിപ്പോൾ ഈ ബില്ലിന്റെ ആവശ്യമില്ല. സഹകരണ സംഘങ്ങളിൽ ആര് അഴിമതി നടത്തിയാലും അവരെയൊക്കെ പിരിച്ചുവിടുന്നതിൽ ഞങ്ങൾക്ക് എതിർപ്പില്ല. എന്നാൽ ഒരഴിമതിയും നടത്താത്ത പല ബാങ്കുകളും ഇപ്പോൾ പിരിച്ചുവിടുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇഷ്ടമില്ലാത്ത ബാങ്കുകളെയും ഭരണസമിതിയെയും പിരിച്ചുവിടുകയാണ്. ശ്രീ. സോളമൻ അലക്സ് പ്രസിഡന്റായിരുന്ന കാർഷിക ഗ്രാമ വികസന ബാങ്ക് പിരിച്ചുവിട്ടു. യു.ഡി.എഫ്.-ന്റെ ഭരണസമിതിയാണ് അവിടെ ഭരിക്കുന്നത്. അങ്ങനെ ഒട്ടനവധി ബാങ്കുകളുണ്ട്. സഹകരണ ബാങ്കുകളെ രാഷ്ട്രീയമായി കാണാറില്ല. കാരണം, എൽ.ഡി.എഫ്. വന്നാലും യു.ഡി.എഫ്. വന്നാലും പരസ്പരം സഹായിച്ചു പോകുന്നൊരു സംവിധാനമാണ് കേരളത്തിൽ എല്ലാക്കാലവുമുണ്ടായിരുന്നത്.

യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചുകൊണ്ടിരുന്നപ്പോൾ എൽ.ഡി.എഫ്.-ന്റെ ഏതെങ്കിലും സഹകരണ സംഘങ്ങൾ പിരിച്ചുവിട്ടിട്ടുണ്ടോ? ഒന്നും പിരിച്ചുവിട്ടിട്ടില്ല. സെക്രട്ടേറിയറ്റ് സൊസൈറ്റിയുടെ സെക്രട്ടറി, പണം അടിച്ചുമാറ്റിയത് കണ്ടെത്തി

റിപ്പോർട്ട് ചെയ്യുകയാണ് ഭരണസമിതി ചെയ്തത്. സെക്രട്ടറിക്കെതിരെ നടപടി എടുക്കേണ്ടതിനുപകരം ഭരണസമിതിയെതന്നെ ബഹുമാനപ്പെട്ട മന്ത്രി പിരിച്ചു വിടുകയാണ് ചെയ്തത്. മോഷണവും അഴിമതിയും മറ്റും നടക്കുമ്പോൾ അതിനെതിരെ നടപടിയെടുക്കണമെന്ന കാര്യത്തിലൊന്നും യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഴുവനും മോഷണമല്ലേ; കവിതപോലും മോഷ്ടിക്കുകയാണ്. സാധാരണ സ്ഥാവരജംഗമ വസ്തുക്കളും സ്വർണ്ണവും പണവുമെല്ലാം മോഷ്ടിക്കാറുണ്ട്. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് കവിതപോലും മോഷ്ടിക്കുകയാണ്. ഇപ്പോൾ ശ്രീമതി ദീപാ നിശാന്ത് ഒരു കവിത മോഷ്ടിച്ചിരിക്കുകയാണ്. കവിത മോഷ്ടിക്കുന്ന ആളുകളെ സംരക്ഷിക്കുകയാണ്. ഒന്നുകിൽ ഇങ്ങനെയുള്ള ആളുകൾ മതിലിൽ പോയി നിന്നാൽ മതി. അല്ലെങ്കിൽ പു.ക.സ. (പുരോഗമന കലാസാഹിത്യ സംഘം)-യിൽ മെമ്പർഷിപ്പ് എടുത്തിട്ട് അവരുടെകൂടെ പോയാൽ മതി. മോഷണം ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണ്. ഈ സഭയിൽ രണ്ട് കവികളുണ്ട്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും ശ്രീ. ജി. സുധാകരനും. രണ്ടുപേരും ഇടയ്ക്കിടയ്ക്ക് കവിത എഴുതാറുണ്ട്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിനോട് കവിത എല്ലാവരും മോഷ്ടിക്കുകയാണോ; എങ്ങനെയാണ് താങ്കൾ കവിത എഴുതുന്നത് എന്ന് രഹസ്യമായി ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു, കവിത എഴുതുന്നത് വലിയ കാര്യമുള്ള കേസ്സല്ല, നമ്മൾ പ്രധാനപ്പെട്ട നാലഞ്ച് കവികളുടെ കവിത എടുത്തുവയ്ക്കണം. ഉദാഹരണത്തിന് മധുസൂദനൻ നായരുടെ നാറാണത്ത് ഭ്രാന്തൻ - "പന്ത്രണ്ട് മക്കളെ പെറ്റൊരമ്മേ നിന്റെ മക്കളിൽ ഞാനാണ് ഭ്രാന്തൻ" എന്നതിൽ "മക്കളിൽ ഞാനാണ് ഭ്രാന്തൻ", അതിൽ ചെറിയൊരു ഭേദഗതി വരുത്തി "മക്കളിൽ ഞാൻ ഭ്രാന്തനല്ല" എന്നുപറഞ്ഞ് കവിത തുടങ്ങിയാൽ മതിയെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ മധുസൂദനൻ നായരെപ്പോലെയുള്ള കവികളുടെ കവിതകൾ കൂട്ടിച്ചേർത്താണ് കവിതയുണ്ടാക്കുന്നത്. ശ്രീ. ജി. സുധാകരനും അങ്ങനെയാണോ കവിത എഴുതുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ, അദ്ദേഹത്തിന് നല്ല മൂഡുള്ള സമയത്ത് പോയി ചോദിക്കണമെന്നും അദ്ദേഹം അങ്ങനെയാണോ കവിത എഴുതുന്നത് എന്നുള്ളത് ക്ലിയറല്ലെന്നും പറഞ്ഞു. ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലഘട്ടങ്ങളിൽ കവിതകൾപോലും മോഷ്ടിക്കപ്പെടുകയാണ്.

ഈ ഗവൺമെന്റിന് ഇപ്പോൾ പുതിയ ഉദ്ഘാടന പരിപാടികളൊന്നുമില്ല. അതുകൊണ്ട് പുതിയ ഒരു പരിപാടി ഇട്ടിരിക്കുകയാണ്, ആർപ്പോ ആർത്തവം. നേരത്തേ കേരളത്തിൽ ആർപ്പോ വിളിച്ചാൽ ഇർറോ... ഇർറോ... എന്നാണ് പറഞ്ഞു കൊണ്ടിരുന്നത്. ഇപ്പോൾ അത് മാറി ആർപ്പോ ആർത്തവം ആയി. എറണാകുളത്ത് നടന്ന സംസ്ഥാനതല പരിപാടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുമെന്ന് 15 മിനിട്ട് മുമ്പുവരെ പറഞ്ഞു. പക്ഷെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നില്ല.

അദ്ദേഹത്തിന്റെ 17 ഉപദേശകരിൽ ആരോ ഒരാൾ അതിന് പോകരുതെന്ന് പറഞ്ഞുകാണും. ഇനി ജില്ലാ തലത്തിലോ താലൂക്ക് തലത്തിലോ വില്ലേജ് തലത്തിലോ വയ്ക്കാം. അപ്പോഴേയ്ക്കും രണ്ടര വർഷം പൂർത്തിയാകും. ഇപ്പോൾ മന്ത്രിമാർക്ക് ഉദ്ഘാടനം ചെയ്യാൻ ഒന്നുമില്ല. കാരണം, ഉമ്മൻ ചാണ്ടി സർക്കാർ തുടങ്ങിവച്ച എല്ലാ പദ്ധതികളും ഉദ്ഘാടനം ചെയ്തു തീർന്നു. ഇനിയിപ്പോൾ പുതിയ പ്രോജക്ടൊന്നുമില്ല. അതിനുപകരമായി ആർപ്പോ ആർത്തവം വന്നിരിക്കുകയാണ്. കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്തത് യഥാർത്ഥത്തിൽ ആരെക്കൊണ്ടാണ്? ഞങ്ങൾ എം.എൽ.എ. -മാരെയും മന്ത്രിമാരെയും എം.പി.-മാരെയുമെല്ലാം ഉദ്ഘാടനത്തിന് വിളിക്കും. ഞാൻ ചെല്ലുമ്പോൾ യഥാർത്ഥ ഉദ്ഘാടനം നടന്നോയെന്ന് ചോദിക്കും. കാരണം ഒരു സ്ഥാപനം തുടങ്ങുമ്പോൾ നിലവിളക്ക് കൊളുത്തുന്നതിനും നാട മുറിക്കുന്നതിനും ഗണപതി ഹോമം നടത്തുന്നതിനും ഉസ്താദുമാരും പള്ളീലച്ചന്മാരും വന്ന് പ്രാർത്ഥന ചൊല്ലുന്നതിനുമെല്ലാം ഒരു സമയമുണ്ട്. അങ്ങനെ ഉദ്ഘാടനം നേരത്തേ നടന്നോ എന്ന് ഞാൻ ചോദിക്കും. അപ്പോൾ ഉദ്ഘാടനം നടന്നുവെന്ന് പറയും. എല്ലായിടത്തും അങ്ങനെയാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ യഥാർത്ഥ ഉദ്ഘാടനം ആരാണ് നടത്തിയത്; ശ്രീ. അമിത് ഷായല്ലേ? പള്ളീലച്ചനെയും മറ്റും കൊണ്ടുവന്ന് നടത്തിക്കുന്നതു പോലെ ശ്രീ. പിണറായി വിജയന് ഏറ്റവും അടുപ്പമുള്ള ശ്രീ. അമിത് ഷായെ കൊണ്ടുവന്ന് ഉദ്ഘാടനം നടത്തിക്കുകയല്ലേ ചെയ്തത്; ഇവിടെ ഇതുപോലെയുള്ള ഏർപ്പാടുകളല്ലേ നടക്കുന്നത്? ഹനുമാൻ മുസ്ലീമാണോ ആദിവാസിയാണോ എന്നുള്ളത് നമ്മുടെ രാജ്യത്ത് വലിയ പ്രശ്നമൊന്നുമല്ല. ഹനുമാൻ വനത്തിൽ താമസിച്ച്, ശ്രീരാമനെ സഹായിക്കാൻ വേണ്ടി ലങ്കയിലേക്ക് പോയി. ഇതെല്ലാം ശരിയാണ്. പക്ഷേ, ഹനുമാന്റെ ജാതിയും മതവും അന്വേഷിക്കേണ്ട കാര്യം നമുക്കില്ലല്ലോ; ഹനുമാൻ ആദിവാസിയാകാനേ സാധ്യതയുള്ളൂ. കാരണം വനത്തിലാണല്ലോ താമസിച്ചിരുന്നത്. ബി.ജെ.പി.-യുടെ ഒരു എം.എൽ.എ. പറയുന്നത് ഹനുമാൻ മുസ്ലീമാണെന്നാണ്. എന്തായാലും മുസ്ലീമാണെന്ന് സമ്മതിച്ചല്ലോ. അയ്യപ്പന്റെ ഏറ്റവും അടുത്ത സുഹൃത്ത് വാവരായിരുന്നു. ശ്രീരാമന്റെ ഏറ്റവും അടുത്ത സുഹൃത്ത് ഹനുമാനാണല്ലോ. പേരുവച്ച് പറഞ്ഞുകഴിഞ്ഞാൽ പലരും പല അവകാശവാദങ്ങളുമായി മുന്നോട്ടുവരും. കാരണം, തിരുവനന്തപുരത്തും തൃശ്ശൂരുമെല്ലാം സിംഗുലർ ഉപയോഗിക്കില്ല, എല്ലാം പ്ലൂറലാണ്. 'ചായകളും കാപ്പികളും കഴിച്ചോ' എന്നാണ് ചോദിക്കുന്നത്. റഷ്യൻ പ്രസിഡന്റായ ഗോർബചേവിനെ 'ഗോർബചോവൻ' എന്നാണ് തിരുവനന്തപുരത്തുകാർ പറയുന്നത്. പേരുവച്ച് നോക്കുമ്പോൾ ഞങ്ങളുടെ ആളായിരുന്ന റഷ്യൻ പ്രസിഡന്റ് എന്ന് വെള്ളാപ്പള്ളി പറയും. ഇതൊന്നും ഇവിടെ ചർച്ച ചെയ്യേണ്ട കാര്യങ്ങളല്ല. സഹകരണവുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഒരു കാര്യംകൂടി ഞാൻ പറയുകയാണ്.

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാനത്ത് ലിംഗസമത്വത്തിന്റെ കാര്യങ്ങളെല്ലാം പറയുന്ന കാലഘട്ടമാണ്. പാർലമെന്റിലും നിയമസഭയിലുമെല്ലാം വനിതാ സംവരണത്തിനുവേണ്ടി എല്ലാ പാർട്ടികളും ഒരുമിച്ച് നിൽക്കുകയാണ്. രാജ്യത്തെ മുഴുവൻ പഞ്ചായത്തുകളിലും വനിതാ സംവരണം 51 ശതമാനം വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായത്തിൽ സഹകരണ മേഖല ഏറ്റവും ശക്തമായി പോകുന്ന സമയമാണിത്. അങ്ങനെയാണെങ്കിൽ ലിംഗസമത്വ സംവരണം ആദ്യമായി നടപ്പിലാക്കേണ്ടത് സഹകരണ ബാങ്കുകളിലല്ലേ; കേരളത്തിലെ സഹകരണ ബാങ്കുകളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 50 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിൽ ഞങ്ങളാരും എതിരല്ല. അതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്താൽ മതി. ഈ ബിൽ കൊണ്ടുവരുന്നതിനുമുമ്പ് യഥാർത്ഥത്തിൽ ആ ബില്ലല്ലേ കൊണ്ടുവരേണ്ടത്. പാർലമെന്റിലും നിയമസഭയിലുമെല്ലാം 50 ശതമാനം സംവരണം കൊണ്ടുവരുമെന്ന് ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞിട്ടുണ്ട്. നമുക്ക് അതിനോടൊന്നും എതിർപ്പില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എന്റെ പേരുപറഞ്ഞ് കവികളെ ചൊറിഞ്ഞതുകൊണ്ട് മാത്രം എഴുന്നേറ്റതാണ്. മോഷണത്തെക്കുറിച്ച് പറഞ്ഞപ്പോൾ ശ്രീമതി ദീപാ നിശാന്ത് ടീച്ചറെക്കുറിച്ച് പറഞ്ഞു. അവർ കവിത മോഷ്ടിച്ച് പ്രസിദ്ധീകരിച്ചു. പക്ഷേ, അവർ ചെയ്ത തെറ്റ് തുറന്നുപറഞ്ഞു. അതുകൊണ്ട് അവരുടെ പേര് വലിച്ചിഴയ്ക്കേണ്ട ആവശ്യമില്ലായിരുന്നു. മറ്റൊരു കാര്യം, ഞാനും ശ്രീ. ജി. സുധാകരനുമെല്ലാം കവിതയെഴുതുന്നത് നല്ല ഹൃദയമുള്ളതുകൊണ്ടാണ്. അത് മറ്റ് കവിതകൾ നോക്കി എഴുതുന്നതല്ല. "എന്റെ ഭ്രാന്തി" എന്ന എന്റെ കവിത ഞാൻ ശ്രീ. ജി. സുധാകരന് വായിക്കാൻ കൊടുത്തപ്പോൾ 'ഇതുപോലെ നല്ലൊരു കവിത ഞാൻ എന്റെ ജീവിതത്തിൽ വായിച്ചിട്ടില്ലെന്ന് ' അദ്ദേഹം പറഞ്ഞു. എന്റെ ഭാര്യയ്ക്കുപോലും ഞാനത് വായിക്കാൻ കൊടുത്തിട്ടില്ല. വായിക്കാൻ കൊടുത്താൽ എന്നെ ഡിവോഴ്സ് ചെയ്യുമോയെന്ന് പേടിച്ച് കൊടുത്തില്ല എന്നതാണ് സത്യം. വളരെ നർമ്മത്തോടുകൂടി ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞതുകൊണ്ട് ഞാൻ വലിയ ആക്ഷേപത്തിലേക്ക് പോകുന്നില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ "എന്റെ ഭ്രാന്തി" എന്ന കവിതയെഴുതിയത് ഭാര്യയെക്കുറിച്ച് ഓർത്തപ്പോഴാണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകൾക്ക് സംവരണം കൊടുക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങ് സംസാരിക്കുന്നതിനിടയിൽ സഹകരണ സംഘം ബില്ലിൽ അത് വരുന്നുണ്ടോയെന്ന് ചോദിക്കുകയുണ്ടായി. യു.ഡി.എഫ്.-ൽ

50 ശതമാനം സംവരണം സ്ത്രീകൾക്ക് കൊടുക്കാൻ തയ്യാറാകുമോ; പാർലമെന്റ് തെരഞ്ഞെടുപ്പ് വരുമ്പോൾ വിജയസാധ്യതയുള്ള ഏതെങ്കിലും സീറ്റിൽ ഇന്നുവരെ ഏതെങ്കിലും സ്ത്രീകളെ നിർത്തിയിട്ടുണ്ടോ; ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കഴിഞ്ഞ തവണ അധികാരത്തിൽ ഇരുന്നപ്പോഴാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം കൊണ്ടുവന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇപ്പോൾ അതിനപ്പുറത്തേക്ക് സ്ത്രീകൾ വന്നിട്ടുണ്ടെന്നും അറിയാം. സ്ത്രീ സംവരണത്തെപ്പറ്റി സംസാരിക്കുമ്പോൾ എനിക്ക് ചോദിക്കാനുള്ളത്, ശബരിമലയിൽ സ്ത്രീകൾക്ക് കയറാമെന്ന സുപ്രീംകോടതി വിധിയെ ധിക്കരിച്ചുകൊണ്ട് സ്ത്രീകൾക്കെതിരായ സമീപനം നിങ്ങൾ സ്വീകരിച്ചുവെന്നുള്ളത് എല്ലാവർക്കും അറിയാം. ഒരു ഏജ് ഗ്രൂപ്പാണെന്ന് പറഞ്ഞാലും ശരി അതെല്ലാം സമ്മതിച്ചു. അതുപോലെ രാഷ്ട്രീയമായിട്ടുള്ള കാര്യത്തിലായാലും രാഷ്ട്രീയ പാർട്ടികളുടെ കാര്യത്തിലായാലും നിങ്ങളുടെ പാർട്ടിയിലും ഇത്തരമൊരു സംവരണം കൊണ്ടുവരാൻ തയ്യാറാകുമോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞങ്ങളുടെ പാർട്ടിയിൽ ബൂത്ത് പ്രസിഡന്റുമാർ ചിലപ്പോൾ പുരുഷനായിരിക്കും ചിലപ്പോൾ സ്ത്രീ ആയിരിക്കും. പക്ഷേ, ഒരു വനിതയെ നിർബന്ധമായും ബൂത്ത് വൈസ്-പ്രസിഡന്റ് ആക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ ഗാന്ധി വന്ന് മറൈൻ ഡ്രൈവിൽ ബൂത്ത് പ്രസിഡന്റുമാരെയും വൈസ് പ്രസിഡന്റുമാരെയും അഭിസംബോധന ചെയ്തു. സി.പി.ഐ(എം)-ന്റെ പി.ബി.-യിൽ ഏതെങ്കിലും വനിതയെ ഉൾപ്പെടുത്തിയിട്ടുണ്ടോ? ഒരാളെ ഉൾപ്പെടുത്തിയത് ശ്രീ. പ്രകാശ് കാരാട്ടിന്റെ ഭാര്യ ആയതുകൊണ്ടാണ്. അവർക്ക് ഒന്നിച്ച് കമ്മിറ്റി കൂടാൻവേണ്ടിയാണ്. അല്ലാതെ ആരെങ്കിലുമുണ്ടോ?

ശബരിമല വിഷയത്തിൽ ഞങ്ങളാരും സ്ത്രീകൾക്ക് എതിരല്ല. സ്ത്രീകളെന്ന് പറഞ്ഞ് അവിടെ വന്നത് ആക്ടിവിസ്റ്റുകളാണ്. ശ്രീ. പി. സി. ജോർജ് ഇന്നലെ പറഞ്ഞതുപോലെ തുണിക്കട വിരോധികളായ കുറേ പെണ്ണുങ്ങളെയും കൊണ്ടല്ലേ നിങ്ങൾ ശബരിമലയിലേക്ക് വന്നത്. അല്ലാതെ വിശ്വാസിയായ ആരുടെയെങ്കിലും കുടുംബത്തിൽ നിന്ന് സ്ത്രീകൾ പോകുമോ? ശ്രീമതി അയിഷാ പോറ്റിയുടെ കുടുംബത്തിൽ നിന്ന് ഏതെങ്കിലും സ്ത്രീകൾ പോകുമോ; വിശ്വാസികളുടെ കുടുംബത്തിൽനിന്ന് ഒരു സ്ത്രീയും ശബരിമലയിൽ പോകില്ല. ചുംബന സമരത്തിൽ പങ്കെടുത്ത പെൺകുട്ടികളെയാണ് ശബരിമലയിലേക്ക് കൊണ്ടുപോയത്. ശബരിമല വിഷയം ഈ രീതിയിലാക്കേണ്ട കാര്യമില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, വിഷയത്തിൽനിന്നും മാറിപ്പോകുകയാണ്. ബില്ലിനുള്ളിൽനിന്ന് സംസാരിക്കാൻ ആവശ്യപ്പെടണം. വളരെ പ്രധാനപ്പെട്ട വിഷയമാണിത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബില്ലിലേയ്ക്ക് വരൂ.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ബില്ലിലേക്ക് വരികയാണ്. വനിതാ സംവരണം 50 ശതമാനം ആക്കണമെന്നുള്ള കാര്യത്തിൽ ശ്രീ. അനിൽ അക്കരയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. വരാൻപോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റിലും യു.ഡി.എഫ്. ജയിക്കും. അതിൽ കുറച്ച് സ്ത്രീകളുമുണ്ടാകും. അതിൽ യാതൊരു സംശയവുമില്ല. ബി.ജെ.പി. അടക്കമുള്ള ആളുകൾ പഠനം നടത്തിയതിന്റെ റിപ്പോർട്ട് വരുന്നുണ്ടല്ലോ. ഇന്ദിരാഗാന്ധിയെയും ശ്രീമതി സോണിയാ ഗാന്ധിയെയും പ്രസിഡന്റാക്കിയ പാർട്ടിയാണിത്. സി.പി.ഐ.(എം)-ൽ ആരെങ്കിലും അഖിലേന്ത്യാ സെക്രട്ടറിയായോ സംസ്ഥാന സെക്രട്ടറിയായോ സ്ത്രീകളെ നിയമിച്ചിട്ടുണ്ടോ? അതുകൊണ്ട് അങ്ങനെ പറയരുത്...(ബഹളം).... ബില്ലിനെക്കുറിച്ച് പറയാൻ സമ്മതിക്കണം. ഇത് വളരെ ഗൗരവമുള്ള ബില്ലല്ലേ? ഇതിനെക്കുറിച്ച് പറയാൻ സമ്മതിക്കേണ്ടേ? കേരളത്തിൽ രണ്ട് പ്രധാനപ്പെട്ട മുന്നണികളാണുള്ളത്. ഒന്ന് എൽ.ഡി.എഫ്.-ഉം മറ്റൊന്ന് യു.ഡി.എഫ്.-ഉം പിന്നെ എൻ.ഡി.എ. പോലുള്ള മുന്നണിയും. തെരഞ്ഞെടുപ്പ് അടുക്കുന്നതോടുകൂടി മുന്നണി വിപുലീകരിക്കാനും ആളെക്കൂട്ടാനുമൊക്കെ നടക്കുകയാണ്. ഇത് സഹകരണമല്ലേ, സഹകരണത്തിന്റെ കാര്യമാണ് ഈ പറയുന്നത്.

ശ്രീ. കെ. രാജൻ: സർ, ......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ, പ്ലീസ്...

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. കെ. രാജൻ പറയുന്നത് വായിക്കാൻ ഞാൻ ഇതര സംസ്ഥാന തൊഴിലാളിയൊന്നുമല്ല. ബില്ലിനെക്കുറിച്ച് എനിക്ക് മനസ്സിൽ തോന്നുന്നത് പറയും. ബംഗാളിൽനിന്ന് വരുന്നവരോട് ഇന്ന കാര്യം ചെയ്യാൻ പറഞ്ഞാൽ ചെയ്യും.

ശ്രീ. കെ. രാജൻ: സർ, ഞാൻ നിങ്ങളോട് ചോദിച്ചത്, നിങ്ങൾ സഹകരിപ്പിക്കാൻ കുറേ ആളുകളെ തീരുമാനിച്ചിട്ടുണ്ടല്ലോ, ശ്രീ. വി. പി. സജീന്ദ്രൻ ഇവിടെ എത്രനേരം പ്രസംഗിച്ചു, കേരള രാഷ്ട്രീയ ചരിത്രത്തിലാദ്യമായി ലോക്സഭാ സ്ഥാനാർത്ഥിയായി ഒരു സ്ത്രീയെ തീരുമാനിച്ചശേഷം അവർ പറ്റില്ല എന്നുപറഞ്ഞത് കോൺഗ്രസിലാണ്. കാസർഗോഡ് സീറ്റിൽ നിങ്ങൾ ഒരു സ്ഥാനാർത്ഥിയെ തീരുമാനിച്ചശേഷം അവർ പറ്റില്ലെന്ന് പറയുന്ന നാണംകെട്ട ചരിത്രമുണ്ടായ ഒരു പാർട്ടിയുടെ എം.എൽ.എ.-യാണ് ഇപ്പോൾ പറയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ആ യാഥാർത്ഥ്യം അറിയാം.

ശ്രീ. പി. ഉബൈദുള്ള: സർ, കാസർഗോഡ് ലോക്സഭാ മണ്ഡലത്തിൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥിയായി ശ്രീമതി ഷാഹിദാ കമാൽ എന്ന വനിതാ സ്ഥാനാർത്ഥി മത്സരിച്ചിട്ടുണ്ട്. ഇപ്പോൾ ശ്രീമതി ഷാഹിദാ കമാൽ നിങ്ങളുടെ കൂടെയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, നമ്മുടെ പാർട്ടിയിൽ സീറ്റ് നൽകുന്നതും മത്സരിക്കുന്നതുമൊക്കെ അവരവരുടെ ഇഷ്ടമാണ്. പാർട്ടി ചിലപ്പോൾ സീറ്റ് നൽകും. മത്സരിക്കണോ വേണ്ടയോ എന്നുള്ളത് അവരാണ് തീരുമാനിക്കുന്നത്. അതൊക്കെ ഓരോരുത്തരുടെ രീതിയാണ്. പക്ഷേ, ശ്രീ. കെ. രാജൻ, നമ്മൾ സീറ്റ് വിൽക്കാറില്ല. തിരുവനന്തപുരത്ത് എങ്ങനെയാണ് മൂന്നാം സ്ഥാനത്തേക്ക് പോയത്; പേമെന്റ് സീറ്റല്ലേ? ശ്രീ. സി. ദിവാകരൻ ഇവിടെ വിഷമിച്ചിരിക്കുകയാണ്. പേമെന്റ് സീറ്റ് ഞങ്ങൾ നൽകാറില്ല. ഞങ്ങൾ യഥാർത്ഥത്തിൽ അർഹതയുള്ളവർക്ക് സീറ്റ് നൽകും. ചിലർ മത്സരിക്കും ചിലർ മത്സരിക്കുകയില്ല. ഇപ്പോൾ ഇടതുപക്ഷത്തിന്റെ സ്ഥിരം പരിപാടിയാണ്, കാശുകാരായിട്ടുള്ളവർ എങ്ങനെ കാശുണ്ടാക്കിയെന്ന് അവർക്കറിയേണ്ട കാര്യമില്ല, പൈസയുണ്ടെങ്കിൽ അത് വാങ്ങി സീറ്റ് നൽകുന്ന ഏർപ്പാടാണ്. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ അങ്ങനെ ഏതൊക്കെ സീറ്റ് നൽകുമെന്നറിയില്ല. നിങ്ങളുടെ പാർട്ടിയിൽ ഭാരവാഹികളായി ധാരാളം ആളുകളുണ്ടല്ലോ;

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ, 18 മിനിട്ട് കഴിഞ്ഞു... പ്ലീസ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എൽ.ഡി.എഫ്.-ൽ ചെറുപ്പം മുതൽ പ്രവർത്തിക്കുന്ന എത്രപേരുണ്ട്; അവർക്ക് സീറ്റ് കൊടുക്കണം. പൈസ കൊണ്ടുവരുമ്പോൾ അതുവാങ്ങി സീറ്റ് നൽകുന്ന രീതിയിലേക്ക് എൽ.ഡി.എഫ്. മാറിയില്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയത്തിലേക്ക് വരൂ.. പ്ലീസ്...(ബഹളം).....

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഈ നിയമസഭയിലുണ്ടല്ലോ....

ശ്രീ. പി. ഉബൈദുള്ള: സർ, സ്ത്രീകൾക്ക് കൂടുതൽ സീറ്റും സൗകര്യങ്ങളുമൊക്കെ ഒരുക്കുന്ന പാർട്ടിയാണെന്നാണ് നിങ്ങൾ പറയുന്നത്. എന്നാൽ സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിത സീറ്റാണ് കഴിഞ്ഞ ലോക്സഭ തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം.) നൽകിയത്. ഒരു ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം വോട്ടിന് തോൽക്കുന്ന മലപ്പുറത്താണ് സൈനബ എന്ന വനിതയെ നിർത്തിയത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട ചെയറിന്റെ അഭ്യർത്ഥന മാനിക്കുകയാണ്. ഈ ബില്ലിൽ ബാക്കിയുള്ളവർക്കുകൂടി സംസാരിക്കാനുണ്ട്. 18 മിനിട്ട് കഴിഞ്ഞു. ഞാൻ വിഷയത്തിലേക്ക് വരികയാണ്. അതുകൊണ്ട് യഥാർത്ഥത്തിൽ ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കേണ്ട യാതൊരു കാര്യവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെതന്നെ കുറച്ചുകൂടി പഠിച്ച് ഈ തീരുമാനത്തിൽനിന്ന് പിൻമാറണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2019 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

'താൻ പിടിച്ച കുഴിയാനയ്ക്ക് തുടൽ വാങ്ങിയിട്ടും' എന്ന് ശാഠ്യം പിടിക്കുന്ന ഒരു കൊച്ചുകുട്ടിയുടെ മാനസികാവസ്ഥയിലേക്ക് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ മാറരുത്. യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് തെറ്റ് തിരുത്തണം. അല്ലെങ്കിൽ ഒടുവിൽ കേരള ബാങ്ക് വെള്ളത്തിൽ വരച്ച രേഖയായി മാറും. കേരള ബാങ്ക് രൂപീകരണം സഹകരണമേഖലയെ പൂർണ്ണമായും തകർക്കുമെന്നുള്ളതു കൊണ്ടാണ് ഞങ്ങൾ 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബില്ലിനെ പൂർണ്ണമായും എതിർക്കുന്നത്. അതിന് ചില കാരണങ്ങൾകൂടി പറയുകയാണ്. മറ്റുള്ളവരും ശ്രീ. വി. ഡി. സതീശൻ അടക്കമുള്ള ആളുകളും ഇതിന്റെ ചില കാര്യങ്ങൾ പറഞ്ഞുവെന്നുള്ളതുകൊണ്ടും സമയത്തിന്റെ പരിമിതി ഉള്ളതുകൊണ്ടും ദീർഘമായി കാര്യങ്ങളിലേക്ക് പോകുന്നില്ല. ഈ ബാങ്ക് വരുന്നതോടുകൂടി സംസ്ഥാനത്ത് നിലവിലുള്ള ത്രിതല ബാങ്കിംഗ് സമ്പ്രദായത്തെ പൂർണ്ണമായും തകർക്കുകയാണ്. കേരളത്തിലെ ത്രിതല ബാങ്കിംഗ് സംവിധാനം ജനങ്ങളുടെ വിശ്വാസമാർജ്ജിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഒന്നാണ്. ആ സംവിധാനത്തെയാണ് കേരള ബാങ്ക് പൂർണ്ണമായും തകർക്കുന്നത്. നിലവിലുള്ള ജില്ലാ ബാങ്കുകൾ കേവലം കേരള ബാങ്കിന്റെ ശാഖകളായി മാത്രം മാറുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പത്തോ മുന്നൂറോ ജില്ലാ ബാങ്ക് ഭരണാധികാരികളുടെ പ്രശ്നമല്ല അത്. അവരൊന്നും അധികാരത്തിനുവേണ്ടി മാത്രം നിൽക്കുന്നവരല്ല. ഇവരൊക്കെ സേവനം ചെയ്യുകയും ഇന്നലെകളിൽ സേവന സന്നദ്ധരായി സഹകരണമേഖലയിൽ പ്രവർത്തിച്ചവരുമാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി മറക്കരുതെന്ന് ഞാൻ സൂചിപ്പിക്കട്ടെ. ഇനി സംഭവിക്കാൻ പോകുന്നത് സഹകരണ ബാങ്കും പ്രാഥമിക സംഘങ്ങളും മാത്രമായി മാറുന്നുവെന്നുള്ളതാണ്. മറ്റൊരു കാര്യം, ഒരു ജനാധിപത്യ വ്യവസ്ഥിതി നമ്മുടെ നാട്ടിലും സഹകരണ മേഖലയിലുമുണ്ട്. കേരള ബാങ്ക് വരുന്നതോടുകൂടി സഹകരണ മേഖലയിലെ ജനാധിപത്യം തച്ചുതകർക്കുന്നു എന്നുള്ളതാണ് മറ്റൊരു പ്രത്യേകത. ഇത് കേവലം സർക്കാരിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി മാത്രം രൂപീകരിക്കുന്ന ഒന്നാണ്. കേരള ബാങ്ക് രൂപീകരണം ലക്ഷക്കണക്കിനാളുകളെ ആശങ്കയിലാക്കിയിരിക്കുകയാണ്. പ്രിയപ്പെട്ട വി. പി. സജീന്ദ്രൻ സൂചിപ്പിച്ചതുപോലെ, സർക്കാരിന്റെ ഈ തീരുമാനം ഈ ബാങ്കിലെ ഇടപാടുകാർ, നിക്ഷേപകർ, ജീവനക്കാർ, സഹകരണ മേഖലയെ ആശ്രയിക്കുന്ന കർഷകർ, ചെറുകിട വ്യാപാരികൾ എന്നീ വിഭാഗങ്ങൾക്കും പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്കും ബുദ്ധിമുട്ട് സൃഷ്ടിച്ചിരിക്കുകയാണ്. റിസർവ് ബാങ്ക്

ഇതുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് നമുക്കറിയാം. അതിലൊരു നിർദ്ദേശമെന്നു പറയുന്നത്, സംസ്ഥാന ജില്ലാ ബാങ്കുകളുടെ കിട്ടാക്കടം അടുത്ത മാർച്ച് 31-നകം പിരിച്ചെടുത്ത് 5 ശതമാനത്തിൽ താഴെയാക്കണം എന്നുള്ളതാണ്. നിലവിൽ സൂചിപ്പിച്ചതുപോലെ സംസ്ഥാന സഹകരണ ബാങ്ക് മുങ്ങുന്ന ഒരു കപ്പലാണ്. അത് 354 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ കണക്കുകൾകൊണ്ട് അത് ലാഭത്തിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാലും 354 കോടി രൂപയുടെ നഷ്ടത്തിലാണ് സംസ്ഥാന സഹകരണ ബാങ്ക് പോകുന്നതെന്ന് അദ്ദേഹത്തിനുമറിയാം. നഷ്ടത്തിലോടുന്ന, മുങ്ങുന്ന കപ്പലിലേയ്ക്കാണ് ലാഭത്തിൽ പോകുന്ന ബാങ്കുകളെ ലയിപ്പിക്കുന്നതെന്നുള്ള യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലുള്ള വായ്പയുടെ 34 ശതമാനവും കിട്ടാക്കടമാണ്. അവ ഒരിക്കലും കിട്ടാൻ പോകുന്നില്ല. അതോടൊപ്പം തന്നെയാണ് ജില്ലാ സഹകരണ ബാങ്കുകൾ. ഇവിടെ ജില്ലാ സഹകരണ ബാങ്കുകൾ ലാഭത്തിലാണെങ്കിലും തൃശ്ശൂർ, കോഴിക്കോട് ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ കടത്തിന്റെ 12 ശതമാനവും കിട്ടാക്കടമാണ്. റിസർവ് ബാങ്ക് പറയുന്ന നിർദ്ദേശങ്ങൾ നമുക്ക് പാലിക്കണമെങ്കിൽ ഒന്നുകിൽ നമ്മൾ വായ്പ, കിട്ടാക്കടം എന്നിവ എഴുതിത്തള്ളണം, അല്ലെങ്കിൽ സർക്കാർ ഗ്യാരണ്ടി നൽകി അത് ഒടുക്കണം. ഈ രണ്ടുകാര്യങ്ങളും ഏറ്റെടുത്തുകഴിഞ്ഞാൽ നിലവിൽ സാമ്പത്തിക പ്രതിസന്ധിയിലായ സർക്കാരിനെ കൂടുതൽ പ്രതിസന്ധിയിലാക്കും. കിഫ്ബിയിൽ നിന്ന് പതിനായിരക്കണക്കിന് കോടി രൂപയുടെ കാര്യങ്ങൾ ചെയ്യുമെന്ന് പറഞ്ഞാൽ കിഫ്ബി എന്നുപറയുന്നതല്ലാതെ അതിൽ ഫണ്ടുണ്ടോ? അപ്പോൾ എങ്ങനെ ഈ സാമ്പത്തിക ബാധ്യത സർക്കാരിന് ഏറ്റെടുക്കാൻ കഴിയും? രണ്ടര വർഷം കഴിഞ്ഞ് യു.ഡി.എഫ്. സംസ്ഥാനം ഭരിക്കുമ്പോൾ സാമ്പത്തിക ബാധ്യതയെല്ലാം ഏറ്റെടുത്ത് മുന്നോട്ടുപോകേണ്ടിവരുമെന്നുള്ള യാഥാർത്ഥ്യമാണ് നിലനിൽക്കുന്നത്. യുവാക്കളുടെയും ഉദ്യോഗാർത്ഥികളുടെയും കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ഇതൊരു പ്രധാന പ്രശ്നമാണ്. കേരള ബാങ്ക് രൂപീകരിക്കുമ്പോൾ നൂറുകണക്കിന് ഉദ്യോഗാർത്ഥികളുടെ സ്വപ്നങ്ങൾക്ക് മുകളിൽ കരിനിഴൽ വീഴാൻ പോകുകയാണ്. നിലവിൽ 984 ശാഖകൾ ജില്ലാ സഹകരണ ബാങ്കുകൾക്കുണ്ട്. ഇപ്പോൾ നിർദ്ദിഷ്ട കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ജില്ലയിൽ ശരാശരി 10 ശാഖകൾ മതിയെന്നാണ് ശിപാർശ. ഇങ്ങനെ 10 ശാഖ വന്നാൽ 140 ശാഖകൾ മാത്രമേ ഉണ്ടാവുകയുള്ളൂ. നിലവിലുള്ള 984 ശാഖകളിൽ ബാക്കിയുള്ളവയുടെ അവസ്ഥയെന്താകും? നിലവിലുള്ള ശാഖകളിലെ ജീവനക്കാരുടെ പുനർവിന്യാസം വലിയൊരു കടമ്പയായി സർക്കാരിന്റെ മുന്നിൽ നിൽക്കുമെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുമൂലം സഹകരണ മേഖലയിൽ വരാൻ പോകുന്ന നിയമനങ്ങളെല്ലാം മരവിപ്പിക്കേണ്ടിവരും.

സഹകരണമേഖലയിൽ 20 വർഷത്തേക്ക് ഒരു നിയമനവും ഉണ്ടാകാൻ പോകുന്നില്ല. നബാർഡിന്റെ മുൻ ചീഫ് ജനറൽ മാനേജർ ശ്രീ. വി. ആർ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായ ഒരു ടാസ്ക്ഫോഴ്സ് സർക്കാർ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള 5050 ജീവനക്കാർ അധികമാണെന്നും പുതിയ നിയമനങ്ങൾ പാടില്ലെന്നുമാണ് അവരുടെ ശിപാർശ. എന്നുപറഞ്ഞാൽ, ഈ ബാങ്ക് രൂപീകരിക്കുമ്പോൾ നിലവിലുള്ള 5050-ഓളം ജീവനക്കാർ ആകാശത്തേക്ക് നോക്കിയിരിക്കേണ്ടി വരും. 2017-ൽ 6000 പേരുടെ പി.എസ്.സി. ക്ലാർക്ക് ആൻഡ് കാഷ്യർ തസ്തികയിലേക്കുള്ള റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഈ 6000 പേരും ജോലി ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ കാത്തിരിക്കുകയാണ്. ഇപ്പോൾ കേവലം 184 പേർക്കുമാത്രമേ ജോലി ലഭിച്ചിട്ടുള്ളൂ. മുമ്പുണ്ടായിരുന്ന റാങ്ക് പട്ടികയിൽനിന്ന് 2010-ൽ 1500 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ഇപ്പോൾ 6000 പേരുടെ ലിസ്റ്റിൽ 184 പേരല്ലാതെ 185-ാമതായിട്ട് ഒരാൾക്കുപോലും ജോലി ലഭിക്കില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിൽ ഒഴിവുകളുണ്ട്. പക്ഷേ, ഈ ജില്ലകളിലെ ഒഴിവുകളിൽ നിയമനം നടത്താതെ ഈ മേഖലയിൽ സർക്കാർ നിയമനനിരോധനം പ്രഖ്യാപിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഇവർ എവിടെ ജോലിക്ക് പോകും?

നിങ്ങൾ ഭരിച്ച ബംഗാളിൽ നിന്നൊക്കെ ലക്ഷക്കണക്കിനാളുകൾ കേരളത്തിലേയക്ക് വരികയാണെന്ന് ഇവിടെ ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞു. അതിൽ ഭൂരിപക്ഷം ആളുകളും എന്റെയും ശ്രീ. വി. പി. സജീന്ദ്രന്റെയും നിയോജക മണ്ഡലങ്ങളിലെ പെരുമ്പാവൂർ, കുന്നത്തുനാട് എന്നിവിടങ്ങളിലാണുള്ളത്. നിരവധി തടി വ്യവസായ കേന്ദ്രങ്ങൾ അവിടെയുണ്ട്. ഒരുലക്ഷം ആളുകൾ ആ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഇവിടെ ജോലി നഷ്ടപ്പെടുന്ന, കിട്ടാതിരിക്കുന്ന ആളുകൾ ഇനി പെരുമ്പാവൂരിൽ വന്നാൽപ്പോലും തടിവ്യവസായ മേഖലയിൽ ജോലി കിട്ടാൻ സാധ്യതയില്ല. കാരണം അവിടെയൊക്കെ നിങ്ങൾ നന്നായി ഭരിച്ചു മുടിച്ച പശ്ചിമബംഗാളിലെ പട്ടിണിപ്പാവങ്ങൾ ആ രംഗം കീഴടക്കിയിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം.

സി.പി.ഐ.(എം)-ന് എന്തു സംഭവിച്ചു? അവിടെ 34 വർഷം തുടർച്ചയായി ഭരണം നടത്തിയ നിങ്ങൾ ശ്രീമതി മമതാ ബാനർജി ഉയർത്തിയ "അമ്മ, ഭൂമി, മനുഷ്യത്വം" എന്ന മുദ്രാവാക്യത്തിൽ കുപ്പുകുത്തിയില്ലേ; ഇനി അവിടെ നിങ്ങൾക്ക് തിരിച്ചുവരാൻ കഴിയുമോ? 23 വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജ്യോതിബസു ഭരിച്ച നാടാണ്, പിന്നീട് ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ ഭരിച്ച നാടാണ്. ഇവിടെയൊക്കെ എങ്ങനെയാണ് സി.പി.ഐ.(എം.) തകർന്നുവെന്നുള്ളത് നിങ്ങൾ മനസ്സിലാക്കേണ്ട കാര്യമാണ്. ഇടതുപക്ഷ നയങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതാണ് തകർച്ചയുടെ കാരണം.

നന്ദിഗ്രാമിലെ കാര്യം നിങ്ങൾക്കറിയാം. കർഷക ഭൂമി കുത്തക മുതലാളിമാർക്ക് വ്യവസായ ആവശ്യങ്ങൾക്ക് പതിച്ചുനൽകി. അതിനെതിരെ വലിയതോതിൽ കർഷക മാർച്ച് നടന്നപ്പോൾ അവിടെ നടന്ന വെടിവയ്പ്പിൽ 14 പേരുടെ ജീവൻ എടുത്തവരാണ് നിങ്ങൾ. അന്ന് നന്ദിഗ്രാം ആണെങ്കിൽ ഇന്ന് ശബരിമലയാണ് പ്രധാനപ്പെട്ട പ്രശ്നം. പക്ഷെ, ഇവിടെ വെടിവയ്പ്പ് നടന്നില്ല. ഇവിടെ കലാപങ്ങൾ ഉണ്ടാകാതെ ഒരു പരിധിവരെ മുന്നോട്ടുപോകാനുള്ള കാരണമെന്ന് പറയുന്നത് സി.പി.ഐ.(എം)-ന്റെയും ബി.ജെ.പി.-യുടേയും ആർ.എസ്.എസ്.-ന്റെയുമൊക്കെ രഹസ്യബന്ധമാണ്. ശ്രീ. വൽസൻ തില്ലങ്കേരിയെപ്പോലെയുള്ള നവ ഉഡായിപ്പ് നായകന്മാരുമായി വർഗ്ഗീയമതിൽ പണിതില്ലായിരുന്നുവെങ്കിൽ ഇവിടെ നന്ദിഗ്രാം ആവർത്തിച്ചേനെയെന്നുള്ളതാണ് യഥാർത്ഥ വസ്തുത. തെറ്റുതിരുത്താൻ സി.പി.ഐ.(എം.) തയ്യാറാകണം. അല്ലെങ്കിൽ സി.പി.ഐ.(എം.) ഇനിയും തകർന്നുപോകും. തെറ്റ് സംഭവിച്ചാൽ തിരുത്തുകയെന്നുള്ളത് ജനാധിപത്യ മര്യാദയാണ്. ശബരിമല വിഷയം കൈകാര്യം ചെയ്തതിൽ ഈ ഗവൺമെന്റിന് തെറ്റ് സംഭവിച്ചിട്ടുണ്ട്. ആ തെറ്റ് നിങ്ങൾ തുറന്ന് പറയുന്നില്ല. ശബരിമല സ്ത്രീ പ്രവേശനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നപ്പോൾ കോൺഗ്രസ് അദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധി അതിനെ ആദ്യം സ്വാഗതം ചെയ്തുവെന്നത് യാഥാർത്ഥ്യമാണ്. പക്ഷേ, നിങ്ങൾ അതിനെ പരിഹസിച്ചു. സ്ത്രീസമത്വം എന്ന രീതിയിൽ ലോകത്തിലാർക്കും സുപ്രീം കോടതി വിധിയെ സ്വാഗതം ചെയ്യാം. പക്ഷേ, ശബരിമലയുമായി ബന്ധപ്പെട്ട വിശ്വാസവും പാരമ്പര്യവും മനസ്സിലാക്കുന്ന മതേതരവാദികൾ പിന്നീട് വിധിയെ ചോദ്യം ചെയ്യുമെന്നുള്ളത് യാഥാർത്ഥ്യമാണ്. 'നാനാത്വത്തിലുള്ള ഏകത്വവും വിശ്വാസവും' അതിന് മുറിവ് സംഭവിക്കാതെയുള്ള വിധി പുറപ്പെടുവിക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതിക്കും അതോടൊപ്പംതന്നെ ഭരണാധികാരികൾക്കും ബാധ്യതയുണ്ട്. ജനാധിപത്യത്തിന് മുകളിലല്ല ഒന്നുമെന്നുള്ളത് എല്ലാപേരും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടാണ് ശബരിമല പ്രശ്നത്തിൽ കെ.പി.സി.സി.-യുടെ നിലപാടിനെ പിന്നീട് ശ്രീ. രാഹുൽ ഗാന്ധി പിന്തുണച്ചത്. നിങ്ങൾക്ക് ദൈവത്തിൽ വിശ്വാസമില്ല.

ഇന്ന് രാവിലെ ശ്രീ. ഒ. രാജഗോപാൽ കൊണ്ടുവന്ന ശ്രദ്ധ ക്ഷണിക്കലിൽ മകരവിളക്കുമായി ബന്ധപ്പെട്ട ചോദ്യം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ അതിലൊരു ന്യായം ഉന്നയിക്കുകയും അതിന് ബഹുമാനപ്പെട്ട സ്പീക്കർ മറുപടി പറയുകയും ചെയ്തപ്പോൾ ഞങ്ങൾക്ക് ഒരുകാര്യം മനസ്സിലായി. ഇത് ബി.ജെ.പി.-യും സി.പി.ഐ.(എം) ഉം തമ്മിലുള്ള ഒരു ഒത്തുകളിയായിരുന്നുവെന്ന് ആ ചോദ്യോത്തരത്തിലൂടെ ഇവിടെ എല്ലാവർക്കും മനസ്സിലായി. നിങ്ങളാരെങ്കിലും അമ്പലത്തിലും മോസ്കിലും പള്ളിയിലും പോകുന്നുണ്ടെങ്കിൽ അത് അധികാരത്തിന്റെ വല്ല അപ്പക്കഷണവും തിന്നാൻ കിട്ടുമോയെന്നു കരുതിമാത്രമാണ്, അതാണ് യഥാർത്ഥ വസ്തുത.

ചുവപ്പിന്റെ നിറം മങ്ങിമങ്ങി വരികയാണ്. ആ നിറം മങ്ങിയാൽ അത് കാവിയായിത്തീരുമെന്നുള്ള യാഥാർത്ഥ്യമാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അങ്ങനെ കാവിയിലേക്കാണ് നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. രണ്ടര വർഷം നിങ്ങൾ ഭരിച്ചല്ലോ, സമാധാനാന്തരീക്ഷം തകർത്തില്ലേ; നിങ്ങൾക്കെങ്ങനെ അതിനുകഴിഞ്ഞു? പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറിന്റെ പ്രസംഗത്തിൽ മന്ത്രിമാർ ഇരിക്കുന്ന കസേരയിൽ ഓരോ പൂച്ചകളെ ഇരുത്തിയിരുന്നെങ്കിൽ 10 എലികളെയെങ്കിലും പിടിച്ചേനെ എന്നാണ് പറഞ്ഞത്. ഒരു പ്രയോജനവും നിങ്ങളെക്കൊണ്ട് ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇപ്പോൾ കേരളത്തിൽ രാജാവും മന്ത്രിമാരുമാണുള്ളത്. രാജാവ് നഗ്നനാണെന്ന് പറയാൻ കഴിവുള്ള ഒരാളെങ്കിലും ഭരണപക്ഷത്തുണ്ടോ? ഇവിടെ ഇരുട്ടിൽ തകർന്നുപോകുന്ന, കണ്ണുരുട്ടലിൽ തകർന്നു പോകുന്ന ഹൃദയമാണ് നിങ്ങൾക്കുള്ളതെന്ന് ഞങ്ങൾ മനസ്സിലാക്കുകയാണ്. ഈ ഗവൺമെന്റ് എവിടെ നിൽക്കുന്നു? തുടങ്ങിയിടത്തുതന്നെ നിൽക്കുകയാണ്. ഒരടിപോലും മുന്നോട്ട് പോകാതെ ഈ ഗവൺമെന്റ് നിൽക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നവകേരള മാർച്ച് നടത്തിയപ്പോൾ നമ്മൾ കണ്ടതെന്താണ്? അദ്ദേഹം കാലുകെട്ടിയ പ്രാവിനെ പറപ്പിക്കുന്ന കാഴ്ച കണ്ടു. മുഖ്യമന്ത്രിയായാൽ നാവുകെട്ടി മന്ത്രിമാരെ ചുമക്കും എന്നാണ് പഴമക്കാർ പറഞ്ഞു കേട്ടിട്ടുള്ളത്. നവകേരള മാർച്ചിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രാവിനെ പറപ്പിക്കുന്നതിനുമുമ്പ് അതിന്റെ കാലുകൾ കെട്ടിയിരുന്നുവെന്നത് ശ്രദ്ധിച്ചില്ല. കാലുകെട്ടിയ പ്രാവിനെ പറപ്പിച്ചു. പ്രാവ് കൂപ്പുകുത്തി താഴേക്ക് വീണു. സ്റ്റേജിലുണ്ടായിരുന്ന ഇവരുടെ പാർട്ടിയിൽപ്പെട്ട ഒരാൾ പ്രാവിന്റെ കെട്ടഴിച്ച് മുഖ്യമന്ത്രിയുടെ കയ്യിൽ കൊടുത്തു. എന്നിട്ടും മുഖ്യമന്ത്രി അതിനെ പറപ്പിക്കാൻ തയ്യാറായില്ല. അപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ 'പറക്കു പ്രാവേ' എന്ന് പറഞ്ഞിട്ടുപോലും ആ പ്രാവ് പറന്നില്ലെന്നുള്ളതാണ് വസ്തുത. ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ സ്റ്റേജിലുണ്ടായിരുന്ന പ്രവർത്തകൻ പ്രാവിന്റെ കാലിലെ കെട്ട് അഴിച്ചുതന്നിട്ടും എന്തുകൊണ്ടാണ് ആ പ്രാവിനെ അങ്ങ് പറപ്പിക്കാത്തത്? അന്നുമുതൽ പറക്കാതെ, സമാധാനമില്ലാത്ത ഒരു പ്രാവിനെപ്പോലെ കേരളം മാറിയെന്നുള്ളതാണ് യാഥാർത്ഥ്യം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി 'പ്രതിപക്ഷം ശാപം ചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്' എന്ന്. അദ്ദേഹത്തിന് അതുവരെ ബോധ്യപ്പെട്ടു തുടങ്ങി. അദ്ദേഹം ചിന്തിക്കാൻ പോകുന്നത് കേരളത്തിലെ ജനങ്ങളെല്ലാം ശാപം ചൊരിഞ്ഞുകൊണ്ടിരിക്കുന്നുവെന്നാണ്. ആ രീതിയിലാണ് ഇവരുടെ പോക്ക്.

ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മഹാത്മാഗാന്ധിജിയുടെ ദാരുണമായ അന്ത്യവുമായി ബന്ധപ്പെട്ട കാര്യം ഉന്നയിക്കുകയുണ്ടായി. മഹാത്മാ ഗാന്ധി 'അമർ രഹേ' എന്ന് വിളിച്ചാൽ ഇന്ത്യയിലെ ഓരോ പുൽക്കൊടിയും അത്

ഏറ്റുവിളിക്കും. അതിൽ രാഷ്ട്രീയമൊന്നുമില്ല. 1948 ജനുവരി 30-ന് ഗാന്ധിജി വെടിയേറ്റ് മരിച്ചു. 71 വർഷം പിന്നിട്ട് 72-ാം രക്തസാക്ഷിദിനം നമ്മൾ ആചരിച്ചു കൊണ്ടിരിക്കുകയാണ്. ഗാന്ധിജി മരിച്ചത് രാജ്യത്തിനുവേണ്ടിയാണ്, നമുക്കു വേണ്ടിയാണ്. ഡൽഹിയിൽ ബിർളാ മന്ദിരത്തിലെ പ്രാർത്ഥനാ യോഗത്തിൽ പങ്കെടുക്കാനെത്തിയ ഗാന്ധിജിക്കുനേരെ ഹിന്ദു മഹാസഭാ പ്രവർത്തകൻ, നാഥൂറാം വിനായക് ഗോഡ്സെ വെടിയുതിർക്കുകയായിരുന്നു. ഇക്കഴിഞ്ഞ ദിവസം ഗാന്ധിജിയുടെ കോലമുണ്ടാക്കി അതിൽ വെടി ഉതിർക്കുന്നു, അതിൽ നിന്ന് രക്തം ഒഴുകുന്നു, രണ്ടാമതും ഗാന്ധിജിയെ വെടിവയ്ക്കുകയാണ് ഹിന്ദു മഹാസഭ. എത്ര മോശമായ അവസ്ഥയാണിത്. ഹിന്ദു മഹാസഭ ദേശീയ സെക്രട്ടറി പൂജ ശകുൻ പാണ്ഡേയുടെ നേതൃത്വത്തിലാണ് ഗാന്ധിജിയെ അവഹേളിച്ച് രക്തസാക്ഷി ദിനം ആഘോഷിച്ചത്. നമുക്കിത് സഹിക്കാൻ കഴിയുന്ന ഒന്നല്ല. ഇതിൽ ശക്തമായ നടപടികളുണ്ടാകണം. ഇവർക്കെങ്ങനെ കഴിയുന്നു? യു.പി-യും കേന്ദ്രവും ഭരിക്കുന്നത് ബി.ജെ.പി-യാണ്. അതുകൊണ്ടുമാത്രമാണ് ഈ രീതിയിൽ ഹിന്ദു മഹാസഭയുടെ ദേശീയ സെക്രട്ടറിക്ക് അതിനുള്ള ശക്തിയും വീര്യവുമുണ്ടായത്. അതിനെതിരെ ശക്തമായി പ്രതിഷേധിക്കണം.

ബി.ജെ.പി.-യുടെ അജണ്ടയെന്താണ്? വർഗ്ഗീയതയാണ്. ഏറ്റവും കൂടുതൽ വർഗ്ഗീയമായി ചിന്തിച്ച് മുന്നോട്ടുപോകുന്ന ഒരു സംസ്ഥാനമായി ഉത്തർപ്രദേശ് മാറിയിരിക്കുകയാണ്. ഉത്തർപ്രദേശിനെക്കുറിച്ച് പറയുമ്പോൾ, ഭാരതത്തിന്റെ ചരിത്രത്തിൽ പരാമർശിക്കപ്പെട്ട നിരവധി സ്ഥലങ്ങൾ അവിടെയുണ്ട്. ഇന്ത്യൻ നെപ്പോളിയൻ എന്നറിയപ്പെടുന്ന സമുദ്രഗുപ്തന്റെ സ്തൂപം അവിടെയാണ്. ഹർഷവർദ്ധന്റെ ആസ്ഥാനമായ കാനൂജ്, സിക്കന്ദർ ലോധി പണികഴിപ്പിക്കുകയും നൂറ്റാണ്ടുകളായി മുഗൾ സാമ്രാജ്യത്തിന്റെ ആസ്ഥാനമായി തീരുകയും ചെയ്ത ആഗ്ര, പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമായ താജ്മഹൽ, തീർത്ഥാടന കേന്ദ്രമായ കാശി, ഒന്നാം സ്വാതന്ത്ര്യസമരം തുടങ്ങിയ മീററ്റ് ഇതെല്ലാം യു.പി-യിലാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ പ്രധാനമന്ത്രിമാരായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ലാൽ ബഹദൂർ ശാസ്ത്രി, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി, ചരൺസിംഗ്, വി. പി. സിംഗ്, ചന്ദ്രശേഖർ, അടൽ ബിഹാരി വാജ്പേയി എന്നിവരെല്ലാം അവിടെനിന്നും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായിരുന്നു. പക്ഷെ, ഇവർക്കെങ്ങനെ ഗാന്ധിജിയെ വീണ്ടും നിറയൊഴിക്കാനുള്ള ധൈര്യം വന്നു? അത് വർഗ്ഗീയത ഉണർത്തണമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ്. താജ്മഹലിനെപ്പറ്റി ബി.ജെ.പി. എം.എൽ.എ. ആയ സംഗീത് സോം പറഞ്ഞത് എന്താണ്? കേട്ടാൽ സംഗീതം തുളുമ്പുന്ന പേരാണ്. ബി.ജെ.പി.-യുടെ ആ വർഗ്ഗീയ എം.എൽ.എ. പറഞ്ഞത്, താജ്മഹൽ രാജ്യദ്രോഹി നിർമ്മിച്ചതാണെന്നും അത് ഇന്ത്യൻ സംസ്കാരത്തിന് അപമാനമാണെന്നുമാണ്. ഉത്തർപ്രദേശ് പുറത്തിറക്കിയ ടൂറിസം ബുക്ക്ലെറ്റിൽനിന്നും അവർ താജ്മഹലിനെ ഒഴിവാക്കിയില്ലേ?

വിദേശത്ത് നിന്നുവരുന്ന അതിഥികൾക്ക് താജ്മഹലിന്റെ രൂപം കൊടുക്കരുതെന്ന് പറഞ്ഞ വർഗ്ഗീയവാദികളായ ബി.ജെ.പി. നേതാക്കളെ നമുക്ക് എതിർക്കേണ്ടത് അത്യാവശ്യമാണ്.

പാറ്റ്നയിൽ ഗോവധം ആരോപിച്ച് ബുലന്ദ്ശഹർ ആൾക്കൂട്ട ആക്രമണത്തിൽ പോലീസ് ഇൻസ്പെക്ടറായ സുബോധ്കുമാർ സിംഗും ഒരു യുവാവും കൊല്ലപ്പെട്ടു. പരിക്കേറ്റ സുബോധ്കുമാറിനെയും മറ്റൊരു പോലീസുകാരനെയും ആശുപത്രിയിൽ കൊണ്ടുപോകും വഴിയാണ് അക്രമികൾ പോലീസ് വാൻ തടഞ്ഞുനിർത്തി സുബോധ്കുമാറിനെ വെടിവച്ചുകൊന്നത്. ബി.ജെ.പി. എം.എൽ.എ. ആയ സഞ്ജയ് ശർമ്മ പറഞ്ഞത്, 'നിങ്ങൾ രണ്ടുപേർ മരിച്ചതിനെക്കുറിച്ച് മാത്രം ചിന്തിക്കുന്നു. പക്ഷെ, 21 പശുക്കൾ ചത്തത് നിങ്ങൾ കണ്ടില്ലേ' എന്നാണ്. മനുഷ്യജീവനെക്കാൾ വലുതാണ് പശുവിന്റെ ജീവൻ എന്നുപറഞ്ഞ് പോകുന്ന ബി.ജെ.പി-യെ വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒറ്റപ്പെടുത്തേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ദാദ്രിയൊക്കെ നമ്മുടെ മുന്നിൽ മഹാസംഭവമായി, വേദനയായി കിടക്കുകയാണ്. ജാലിയൻവാലാബാഗ് മറ്റൊരു വേദനയായി കിടക്കുകയാണ്. ഈ രാജ്യത്തിനുവേണ്ടി ജീവൻ ബലികഴിപ്പിച്ചിട്ടുണ്ടെങ്കിൽ അത് ദേശസ്നേഹികളായ കോൺഗ്രസ് നേതാക്കന്മാർ മാത്രമാണ്; ഈ രാജ്യത്തെ ഒറ്റിക്കൊടുക്കാത്തവർ മാത്രമാണ്. അതുകൊണ്ടാണ് 1919 ഏപ്രിൽ 13-ന് ജാലിയൻവാലാബാഗിൽ ഇരുപതിനായിരത്തോളം കോൺഗ്രസ് രക്തമുള്ള പൂർവ്വികന്മാർ ഒത്തുകൂടിയപ്പോൾ നിറയൊഴിച്ചത്. ആ സംഭവമൊക്കെ നമ്മുടെ മനസ്സിലുണ്ട്. പക്ഷെ, അതിന് നേതൃത്വം കൊടുത്ത ജനറൽ ഡയറിനെ 1940 മാർച്ച് വരെ കാത്തിരുന്ന് രാജ്യസ്നേഹിയായ ഉധംസിംഗ് (Udham Singh) വെടിവച്ചുകൊന്ന നാടാണിതെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. രക്തസാക്ഷികളുടെ രാജാവായ ഉധംസിംഗ് നമ്മുടെ മുന്നിൽ രാജ്യസ്നേഹത്തിന്റെ പ്രതീകമായി നിൽക്കുകയാണ്.

കോൺഗ്രസ്സിന് രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ മുന്നേറ്റമാണ് ഛത്തീസ്ഗഢിലും മദ്ധ്യപ്രദേശിലും പഞ്ചാബിലും രാജസ്ഥാനിലും കാണാൻ കഴിഞ്ഞത്. വരാൻ പോകുന്ന പാർലമെന്റ് ഇലക്ഷനിൽ നമുക്കൊരുമിച്ച് മുന്നേറാൻ കഴിയണം. കോൺഗ്രസ് അതിൽ വിജയിക്കണം. എ.ഐ.സി.സി.യുടെ പ്രസിഡന്റായ ബഹുമാന്യനായ രാഹുൽ ഗാന്ധി ദുബായ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പതിനായിരക്കണക്കിന് ആളുകളോടല്ല, ലോകത്തോട്, ഇന്ത്യയോട് പറഞ്ഞ ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. അദ്ദേഹം പറഞ്ഞത് "മരണം വരെ എന്റെ വാതിലുകൾ, എന്റെ കാതുകൾ, എന്റെ ഹൃദയം ഇന്ത്യക്കായി തുറന്നിരിക്കും" എന്നാണ്. അതാണ് ശ്രീ. രാഹുൽ ഗാന്ധി. ശ്രീ. രാഹുൽ ഗാന്ധിക്ക് രാജ്യം കയ്യടിച്ച്, ആർപ്പുവിളിച്ച്, മുദ്രാവാക്യം വിളിച്ച് പോകുമ്പോൾ, ഈ രാജ്യദ്രോഹികൾ നാഥൂറാം ഗോഡ്സെ

എന്ന ലോകം വെറുക്കപ്പെട്ടവന്റെ മുദ്രാവാക്യവും പ്രതിമയിൽ മാലയും ചാർത്തി രാജ്യത്തെ അപമാനിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ കോൺഗ്രസ്സിന്റെ വലിയ മുന്നേറ്റം നമുക്ക് കാണാൻ കഴിയും. ആ മുന്നേറ്റം വരുന്ന പാർലമെന്റ് ഇലക്ഷനിൽ പ്രതിഫലിക്കുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി യു. പ്രതിഭയ്ക്കുവേണ്ടി ശ്രീ. എ. പ്രദീപ്കുമാർ: സർ, 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ വിശദമായും സമഗ്രമായും ബില്ലിന്റെ ആവശ്യകത സഭയെ ബോധ്യപ്പെടുത്തുന്ന വിധത്തിൽ എല്ലാ കാര്യങ്ങളും ഭംഗിയായി പറഞ്ഞതാണ്. നമുക്ക് ഈ പ്രക്രിയ വളരെ വേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. കേരള ബാങ്ക് രൂപീകരണത്തിനുവേണ്ടിയുള്ള 1969-ലെ കേരള സഹകരണ സംഘം ആക്ട് നമ്മുടെ നാട് കൊതിക്കുന്ന വിധത്തിൽ ബാങ്ക് രൂപീകരണം അനായാസമാക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നത്. അതിന്റെ ഉദ്ദേശ്യം വളരെ ക്ലിയറാണ്. അതിനായി രണ്ട് ഭേദഗതികളാണ് വരുന്നത്. രണ്ട് സംഘങ്ങൾക്ക് പരസ്പരം ലയിക്കാൻ, അതിന്റെ ആസ്തിവകകൾ പരസ്പരം കൈമാറ്റം ചെയ്യാൻ ആ സംഘത്തിന്റെ ജനറൽ ബോഡിയുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നാണ്. അത് കേവലഭൂരിപക്ഷമാക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞതാണ്. ഇപ്പറഞ്ഞ ബാങ്ക് ഭരണ സമിതികളുടെയൊക്കെ തെരഞ്ഞെടുപ്പിന് കേവല ഭൂരിപക്ഷമാണ് മാനദണ്ഡമായി ഉപയോഗിക്കുന്നത്. അതിൽ യാതൊരു തരത്തിലുമുള്ള അനൗചിത്യമില്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുകയുമാണ്.

അതോടൊപ്പം 14-ാം വകുപ്പിനോടൊപ്പം 14(എ) വകുപ്പും നിലവിലെ ആക്ടിലെ 10 (ബി)-ക്കുശേഷം 10 (സി) എന്ന അദ്ധ്യായം കൂടി കൂട്ടിച്ചേർക്കുകയാണ്. അതേത്തുടർന്ന് രൂപംകൊള്ളുന്ന ബാങ്കിംഗ് പ്രവർത്തനങ്ങളെയൊക്കെ കുറേക്കൂടി ഫലപ്രദമാക്കാൻ സഹായിക്കുന്ന നിർദ്ദേശങ്ങളാണ് അതിലുള്ളത്. സഭ ബിൽ പാസ്സാക്കിയതിനുശേഷം ജില്ലാ ബാങ്കുകളുടെ പൊതുയോഗം ചേർന്ന് അവർ തീരുമാനം കൈക്കൊണ്ട് നടപ്പിലാക്കപ്പെടേണ്ടതുണ്ട്. അക്കാര്യങ്ങളൊക്കെ നടപ്പിലാക്കാൻ രജിസ്ട്രാർക്ക് ഉത്തരവ് കൊടുക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള ബാങ്കിന്റെ രൂപീകരണത്തെ പ്രതിപക്ഷം ശക്തമായി എതിർത്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുതന്നെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ നിരന്തരം ഇടപെട്ട് എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി; അംഗങ്ങളും എതിർത്തു. കെ.പി.സി.സി. പ്രസിഡന്റ് ഈ ബാങ്ക് രൂപീകരണ

ത്തിനെതിരെ കോടതിയിൽ പോകുമെന്ന പ്രസ്താവന നടത്തിയിരുന്നു. മാതൃഭൂമി പത്രത്തിൽ നേരത്തെ വന്ന പ്രസ്താവന എന്റെ കയ്യിലുണ്ട്. (പത്രം നോക്കി വായിച്ചു) സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനെതിരെ എല്ലാ കോടതിയിലും ചോദ്യം ചെയ്യുമെന്ന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ പ്രസ്താവിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു കോടതിയിൽ ചോദ്യം ചെയ്താൽ പോരെ. എല്ലാ കോടതിയിലും ഒരേ സമയം ചോദ്യം ചെയ്യണമെന്നുള്ളതറിയില്ല. അതിന് കാരണമായി അദ്ദേഹം പറഞ്ഞത്, സാമ്പത്തികത്തകർച്ച നേരിടുന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾക്ക് പണം കണ്ടെത്താനുള്ള ഉപായമായാണ് കേരള ബാങ്ക് രൂപീകരിക്കുന്നതെന്നാണ്. പ്രളയക്കെടുതിയും സാമ്പത്തിക ബുദ്ധിമുട്ടും വന്നത് ഇപ്പോഴാണ്. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. കേരളത്തിന്റെ രാഷ്ട്രീയമോ, ചരിത്രമോ, സംഭവങ്ങളോ ഒന്നും മനസ്സിലാകാത്ത നിലയിലാണ് അദ്ദേഹം സംസാരിക്കുന്നത്. ബാങ്കിനെയും ബാങ്കിംഗിനെക്കുറിച്ചും അറിയില്ലെന്ന് തോന്നുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യമാണെന്ന് എല്ലാർക്കുമറിയാം. ആ തെരഞ്ഞെടുപ്പിൽ ഞങ്ങൾ വിജയിച്ച് വന്നപ്പോൾ ഞങ്ങൾ ജനവിധി അംഗീകരിക്കുന്നുവെന്നാണ് നിങ്ങളെല്ലാവരും പറഞ്ഞത്. ജനവിധി അംഗീകരിക്കുന്നുണ്ടെങ്കിൽ, ജനങ്ങൾ ഞങ്ങളെ തെരഞ്ഞെടുത്തത് ഇക്കാര്യംകൂടി ചെയ്യാനാണെന്ന് നിങ്ങൾ മനസ്സിലാക്കണ്ടേ; പ്രകടനപത്രികയിൽ പറഞ്ഞ ഓരോ കാര്യവും നടപ്പിലാക്കാനുള്ളതല്ലേ; അതിനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കില്ലേ; ഞങ്ങൾ അധികാരത്തിൽ വന്നാൽ കേരള ബാങ്ക് രൂപീകരിക്കുമെന്ന് പറഞ്ഞിട്ടില്ലേ; അപ്പോൾ ഞങ്ങൾ പറഞ്ഞതും നിങ്ങൾ മറന്നു, നിങ്ങൾ പറഞ്ഞതും നിങ്ങൾ മറന്നു. ഇപ്പോൾ ഒന്നും ഓർമ്മയില്ല. ആ ഓർമ്മ ഉണ്ടായിരുന്നുവെങ്കിൽ നിങ്ങളിന്ന് ഈ നിലപാട് സ്വീകരിക്കുമായിരുന്നില്ല. ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതുപോലെ സർക്കാരിന്റെ ദൈനംദിന ചെലവുകൾക്ക് പണം കണ്ടെത്താനല്ല ബാങ്ക് രൂപീകരിക്കുന്നത്. അങ്ങനെ സർക്കാരിന്റെ ദൈനംദിന ചെലവുകൾക്ക് പണം കണ്ടെത്തുന്നതിനും എടുക്കുന്നതിനും ഈ ബാങ്കുകൊണ്ട് കഴിയില്ല. ഇത് ആർ.ബി.ഐ.-യുടെ കർശന നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മറ്റേതൊരു പൊതുമേഖലാ ബാങ്കിനെയുംപോലെ പ്രവർത്തിക്കാൻ പോകുകയാണ്.

ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയാണ് ടൂറിസം വകുപ്പുംകൂടി കൈകാര്യം ചെയ്യുന്നത്. അവിടെ നിത്യനിദാന ചെലവിനായി പണം ആവശ്യമായി വന്നാൽ പെട്ടെന്ന് ഈ ബാങ്കിൽനിന്ന് വ്യവസ്ഥകളൊന്നുമില്ലാതെ പണം എടുക്കാൻ കഴിയുമോ; അങ്ങനെ പറ്റില്ല. മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും പൊതുമേഖലാ

ബാങ്കുകളിൽനിന്നുമൊക്കെ നമ്മുടെ നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതുപോലെ കുറേക്കൂടി ഫലപ്രദമായി ഉപയോഗിക്കാനാകുമെന്നേയുള്ളൂ.

12 NOON]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർക്കാരിന്റെ ഇഷ്ടാനിഷ്ടമനുസരിച്ച് ദുരുപയോഗം ചെയ്യാവുന്ന സംവിധാനമാണ് ബാങ്കെന്ന് പറയുന്നത് ശരിയല്ല. ബാങ്കിംഗും ബാങ്കും എന്താണെന്ന് അറിയാത്തതിന്റെ ഭാഗമായിട്ടാണ് കെ.പി.സി.സി. പ്രസിഡന്റ് അങ്ങനെ പറഞ്ഞത്. ഈ സഭയിലിരിക്കുന്ന അംഗങ്ങൾ അക്കാര്യങ്ങൾ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേരള ബാങ്കിന്റെ രൂപീകരണവുമായി വ്യവസ്ഥകൾക്ക് വിധേയമായി മുന്നോട്ടുപോകുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എല്ലാ തരത്തിലുള്ള അംഗീകാരവും ഇതിനകം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ 19 വ്യവസ്ഥകൾ പറഞ്ഞിരിക്കുന്നു. അത് ഓരോന്നും ഗവൺമെന്റ് പൂർത്തിയാക്കേണ്ടതാണ്. ഇപ്പോൾ കൊണ്ടുവരുന്ന അമെന്റ്മെന്റിന്റെ ഭാഗമായി ജില്ലാ ബാങ്കുകളുടെയും മറ്റും ജനറൽ ബോഡി ചേർന്ന് കൈക്കൊള്ളേണ്ട തീരുമാനം ഉൾപ്പെടെയുള്ള ഒന്നുരണ്ട് കാര്യങ്ങളൊഴിച്ചാൽ റിസർവ് ബാങ്ക് പറഞ്ഞിട്ടുള്ള 19 നിബന്ധനകളിൽ 98 ശതമാനവും ഗവൺമെന്റ് പൂർത്തിയാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ വളരെ വേഗത്തിൽ മുന്നോട്ടുപോകാൻ കഴിയുന്നതാണ്.

ബാങ്ക് രൂപീകരണം തടയുംവിധത്തിലുള്ള കോടതി ഉത്തരവുകളൊന്നും ഉണ്ടാകാൻ പാടില്ലെന്ന് 19 നിബന്ധനകളിൽ റിസർവ് ബാങ്ക് പറഞ്ഞിട്ടുണ്ട്. കോടതിയുടെ അങ്ങനെയുള്ള ഇടപെടലുകളൊന്നും ഉണ്ടായിട്ടില്ല. പക്ഷെ കോടതിയിൽ പോയി ഇത് തടസ്സപ്പെടുത്താനാകുമോയെന്ന് നോക്കിയിട്ടുണ്ട്. കെ.പി.സി.സി. പ്രസിഡന്റ് കോടതിയിൽ പോകുമെന്ന് പറഞ്ഞെങ്കിലും നേരിട്ട് പോകാതെ അദ്ദേഹം ഏർപ്പെടുത്തിയ ആളുകൾ പോയി ആകാവുന്ന വിധത്തിലൊക്കെ തടസ്സപ്പെടുത്താൻ നോക്കി. പക്ഷെ, കോടതി അത് നിരാകരിച്ചതുകൊണ്ട് ഇതിന് വേറെ തടസ്സങ്ങളൊന്നുമില്ല.

നബാർഡിന്റെ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. പല സംഘങ്ങൾക്കും കൊടുക്കേണ്ടെന്നാണ് നബാർഡ് പറഞ്ഞത്. അത്തരം സംഘങ്ങൾക്ക് അംഗത്വമുണ്ട്. പക്ഷേ, വോട്ടവകാശമില്ല. അതിന്റെ ന്യായമെന്താണെന്ന് ഇവിടെ പറയുകയുണ്ടായി. പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സംഘങ്ങളാണ് ഇതിന്റെ വോട്ടവകാശമുള്ള മെമ്പർമാരായി വരുന്നത്. റിസർവ് ബാങ്കിനുതാഴെയാണ് നബാർഡ്. റിസർവ്

ബാങ്ക് അക്കാര്യം പറഞ്ഞിട്ടില്ല. അതുകൊണ്ട് റിസർവ് ബാങ്ക് പറയാത്ത കാര്യം നബാർഡിന്റെ പേരുംപറഞ്ഞ് ഏറ്റെടുക്കേണ്ട ആവശ്യമില്ല. പ്രത്യേകിച്ച് തടസ്സങ്ങൾ കൊണ്ടുവരേണ്ട കാര്യമൊന്നുമില്ലെന്നാണ് എനിക്ക് തോന്നുന്നത്.

കേരളത്തിന്റെ പുരോഗതിയിൽ സുപ്രധാനമായൊരു ചുവടുവയ്പാണ് കേരള ബാങ്കിന്റെ രൂപീകരണം. ബാങ്ക് ദേശസാൽക്കരണം നടക്കുന്ന കാലഘട്ടത്തിൽ പാർലമെന്റിലുണ്ടായിരുന്ന ആളുകളൊക്കെ അഭിമാനപൂർവ്വം ആ കാര്യത്തെക്കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു. അതൊരു ചരിത്രസംഭവമായിരുന്നു. അതുപോലെ കേരള ബാങ്ക് രൂപീകരണമെന്ന സുപ്രധാന സംഭവം നടക്കുന്ന ഈ സമയത്ത് സഭയുടെ ഭാഗമായി ഇതിൽ അംഗങ്ങളായിരുന്ന, പല നിലയിൽ ഭാഗഭാക്കായ, എല്ലാവർക്കും അഭിമാനിക്കാനുള്ള കാര്യമാണിത്. അതുകൊണ്ട് രാഷ്ട്രീയ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ ഇതിന് തടസ്സം നിൽക്കരുതെന്ന അഭ്യർത്ഥനയുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അക്കാദമിക്കലായി പരിശോധിച്ചാലുള്ള അപകടമാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇതിൽ രാഷ്ട്രീയമൊന്നുമില്ല. ഇന്ത്യയിലെ എല്ലാ പൊതുമേഖലാ ബാങ്കുകളും ഇന്ന് ഭീമമായ നഷ്ടത്തിലാണ്. ഒരു ബാങ്കിനും മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയാണ്. മൂലധന പര്യാപ്തത (Capital Adequacy) ഇല്ലാത്തതാണ് ഒന്നാമത്തെ പ്രശ്നം. രണ്ട്, എൻ.പി.എ. വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റുതന്നെ ബാങ്കിലേക്ക് കൂടുതൽ പണം ഇൻജക്റ്റ് ചെയ്യുകയാണ്. ബാങ്കിന് മുന്നോട്ടുപോകാൻ കഴിയുന്നില്ല. ആ നിലയിലേക്ക് കേരളത്തിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളും ജില്ലാ ബാങ്കുകളും എത്തുമെന്നുള്ളത് ഭാവിയിൽ വലിയ അപകടമുണ്ടാക്കാൻ പോകുന്ന കാര്യമാണ്. ഇന്ത്യൻ ബാങ്കുകളുടെ സ്ഥിതിതന്നെ അപകടത്തിലാണ്. അപ്പോൾ നമ്മൾ ഒരു ഷെഡ്യൂൾഡ് ബാങ്ക് രൂപീകരിച്ചാൽ അതിന്റെ നിലനിൽപ്പ് അപകടത്തിലാകുന്ന സ്ഥിതിവിശേഷത്തിലേക്ക് എത്തുകയും തന്മൂലം സഹകരണ മേഖലയിൽ വൻതകർച്ച നേരിടുകയും ചെയ്യുമെന്നുള്ള ആശങ്കയാണ് ഞങ്ങൾ രേഖപ്പെടുത്തുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അങ്ങയുടെ ആശങ്കയ്ക്ക് പശ്ചാത്തലമായി പറഞ്ഞ കാര്യങ്ങൾ ശരിയാണ്. അവിടെത്തന്നെയാണ് ഈ ബാങ്കിന്റെ സാധ്യതകൾ എന്നാണ് എന്റെ അഭിപ്രായം. ഇന്ത്യയിലെ ഷെഡ്യൂൾഡ് ബാങ്കുകളും ദേശസാൽകൃത ബാങ്കുകളുമൊക്കെ വലിയ നഷ്ടത്തിലും പ്രതിസന്ധിയിലുമായത് എന്തുകൊണ്ടാണ്? നിരന്തരമായി ഞങ്ങളൊക്കെ അതിനെ നേരത്തെ വിമർശിച്ചുകൊണ്ടിരുന്നതാണ്. അക്കാലത്ത് നിങ്ങൾ അധികാരത്തിലുള്ളപ്പോൾ അതൊന്നും ചെവിക്കൊണ്ടില്ല. ഇപ്പോഴെങ്കിലും അത് തിരിച്ചറിയാനായത് നല്ലതാണ്.

ആഗോളവത്കരണ നയങ്ങൾ നടപ്പിലാക്കാൻ തുടങ്ങിയ തൊണ്ണൂറുകൾക്കുശേഷം ബാങ്കിംഗ്/എൽ.ഐ.സി. സെക്ടറുൾപ്പെടെയുള്ള ധനകാര്യ മേഖലകളിലാണ് ആദ്യമായി പരിഷ്കാരത്തിന് തുടക്കമിട്ടത്. അതിന്റെ ഭാഗമായിട്ടാണ് നരസിംഹം കമ്മിറ്റി റിപ്പോർട്ടൊക്കെ വരുന്നത്. സമ്പൂർണ്ണ ഉദാരവൽക്കരണം, ബാങ്കിംഗ് സെക്ടറിൽ സ്വകാര്യമൂലധനം കൊണ്ടുവരാനുള്ള വാതായനങ്ങൾ തുറന്നുകൊടുക്കുന്ന സമീപനം, ഇതൊക്കെ കോൺഗ്രസ് (യു.പി.എ.) സർക്കാരിന്റെ ഭരണകാലത്തുതന്നെ ഉണ്ടായതല്ലേ? നിങ്ങൾ കൈക്കൊണ്ട നയങ്ങൾ സർവ്വസംഹാര ഭാവത്തിലാണ് ഇപ്പോൾ ബി.ജെ.പി. നടപ്പിലാക്കുന്നത്. അതിന്റെ ബീജാവാപം ചെയ്തവരാണെന്നുള്ളതുകൊണ്ട് നിങ്ങൾക്കതിനെ ധാർമ്മികമായി പലപ്പോഴും എതിർക്കാനാവുന്നില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പാർലമെന്റിൽവച്ച നരസിംഹം കമ്മിറ്റി റിപ്പോർട്ടിന്റെ ചർച്ചയിൽ ഞാനും പങ്കെടുത്തതാണ്. പക്ഷെ, ഇന്ത്യയിലെ ബാങ്കുകളുടെ സ്ഥിതി എന്താണ്? സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പ്രൈം ബാങ്കാണ്. ആ ബാങ്കിന്റെ മൂലധന പര്യാപ്തത 3 ശതമാനത്തിൽ താഴെയായിരുന്നു. അങ്ങനെയുള്ള ബാങ്കുകൾക്കൊന്നും ഇന്റർനാഷണൽ ഓപ്പറേഷൻസ്പോലും നടത്താൻ കഴിയാത്ത സ്ഥിതിയായിരുന്നു. മൂലധന പര്യാപ്തത 8 ശതമാനമാക്കാൻ വേണ്ടിയാണ് ഓപ്പൺ മാർക്കറ്റിലേക്ക് പോകേണ്ടിവന്നത്. എന്നിട്ടുപോലും ബാങ്കുകളുടെ എൻ.പി.എ. വർദ്ധിച്ചുകൊണ്ടിരിക്കുന്നു, മറ്റ് പല രീതിയിൽ പ്രശ്നങ്ങൾ നേരിടുന്നു. ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും നേരിടുന്ന പ്രശ്നം ലോകത്തെമ്പാടുമുള്ളതാണ്. ഇന്ത്യയിൽ അത് വളരെ ഗുരുതരമായി വന്നപ്പോഴാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടലുണ്ടായത്. ആ നിലയിലേക്ക് കേരള ബാങ്കും മാറും. ഇപ്പോഴത്തെ സ്ഥിതി എന്താണ്? റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ ബാങ്കുകൾ ഇപ്പോൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. അവ ലൈസൻസുള്ള ബാങ്കുകളാണ്. നന്നായി പ്രവർത്തിക്കുന്ന ഈ ബാങ്കുകളെ ഷെഡ്യൂൾഡ് ബാങ്ക് ആക്കിയാലുണ്ടാകുന്ന അപകടത്തെയാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, കേന്ദ്ര സർക്കാരിന്റെ നയത്തിനും റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾക്കും വിധേയമായി ഷെഡ്യൂൾഡ് ബാങ്കുകളും ദേശസാൽകൃത ബാങ്കുകളും പ്രവർത്തിക്കുന്ന രീതിയിലല്ല ഈ ബാങ്ക് പ്രവർത്തിക്കാൻ പോകുന്നത്. അതിൽ നയപരമായ വ്യത്യാസമുണ്ട്. ഇപ്പോൾ എൻ.പി.എ. വർദ്ധിക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. അതിന്റെ കാരണം, ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ കൊടുത്തിരിക്കുന്ന വായ്പയുടെ ഏതാണ്ട് 56 ശതമാനവും വൻകിട കോർപ്പറേറ്റുകൾക്കാണ് നൽകിയിട്ടുള്ളത്. അതിൽ 86 ശതമാനവും നിഷ്ക്രിയ ആസ്തിയായി മാറിയിരിക്കുന്നു. അതാണ് ഇതിനെ പ്രതിസന്ധിയിലേക്കെത്തിച്ചത്. അല്ലാതെ പാവപ്പെട്ട കർഷകന് വായ്പ കൊടുത്തിട്ടല്ല പ്രതിസന്ധിയുണ്ടായത്. ഇപ്പോൾ രൂപീകരിക്കുന്ന ബാങ്ക്

അത്തരം കോർപ്പറേറ്റുകൾക്ക് വായ്പ കൊടുക്കേണ്ടെന്ന സമീപനം സ്വീകരിച്ചാൽ പോരേ? സംസ്ഥാനത്തെ സാധാരണ കർഷകനേയും ചെറുകിട വ്യാപാരിയേയും നാടിന്റെ വികസന പദ്ധതികളേയുമൊക്കെ സഹായിക്കുകയെന്ന കാഴ്ചപ്പാടുമായി മുന്നോട്ട് പോയാൽ പോരേ? അക്കാദമിക് ആണെന്ന് അങ്ങ് പറഞ്ഞു. അതുതന്നെയാണ് ഞാനും പറയുന്നത്. ഏത് പാർട്ടി ഭരിച്ചാലും, തൊണ്ണൂറുകൾക്കുശേഷം, നമ്മുടെ രാജ്യത്ത് വിശേഷിച്ച് ധനകാര്യ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തികനയമാണ് ഈ പ്രതിസന്ധിയിലേക്ക് ബാങ്കുകളെ എത്തിച്ചതെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. മൂലധന പര്യാപ്തത പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റുതന്നെ പണം പമ്പ് ചെയ്യേണ്ടി വരുന്നു. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി അല്ലെങ്കിൽ ഇന്റർനാഷണലായിട്ടുള്ള ഒരു ഏജൻസിയാണ് മൂഡീസ് (Moody's Corporation). അവർ നടത്തിയിട്ടുള്ള പഠനത്തിൽ 95000 കോടി രൂപയോളം പമ്പ് ചെയ്തിട്ടുവേണം ഇതിനെ സ്റ്റെബിലൈസ് ചെയ്ത് നിലനിർത്താൻ. അങ്ങ് നേരത്തെ 70000 കോടി രൂപയെന്ന് പറഞ്ഞു. ഇവിടെ നയം വളരെ ബോധപൂർവ്വം രൂപീകരിച്ചതാണ്. അതിന്റെ ഉദ്ദേശ്യം സർക്കാർ പൂർണ്ണമായും പണം കൊടുത്ത് ഈ പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനുപകരം അതിനെ പൂർണ്ണമായും സ്വകാര്യവൽക്കരിക്കണം. നല്ല നിലയിൽ നെറ്റ്‌വർക്കിംഗും ഇൻഫ്രാസ്ട്രക്ചറുമായൊക്കെ കൊണ്ടുവന്നിട്ടുള്ള ഇന്ത്യയിലെ ഈ ബാങ്കുകളെ അതിവേഗതയിൽ അതിന്റെ ഗതികേടിലേക്കെത്തിച്ച് സ്വകാര്യ മുതലാളിമാരുടെ അല്ലെങ്കിൽ മൾട്ടി നാഷണൽ കോർപ്പറേറ്റ്സിന്റെ, ട്രാൻസ്നാഷണൽ കമ്പനികളുടെ കൈകളിലേക്ക് എത്തിച്ചുകൊടുക്കുക എന്ന ആസൂത്രിതമായ നയത്തിന്റെ പരിണിതഫലമാണ് ഇപ്പോൾ ആ മേഖല അനുഭവിക്കുന്ന ദുരന്തമെന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കോൺഗ്രസ്സ് ഇനിയെങ്കിലും അധികാരത്തിൽ വന്നാൽ ഈ നയം പുനഃപരിശോധിക്കുമോയെന്നാണ് അങ്ങ് പറയേണ്ടത്? ശ്രീ. മൻമോഹൻ സിംഗും നരസിംഹറാവുമൊക്കെ തുടങ്ങിവച്ച നയം പുനഃപരിശോധിക്കുമോ? പുനഃപരിശോധിക്കണമെന്നാണ് ഞങ്ങളെല്ലാം ആഗ്രഹിക്കുന്നത്. എങ്കിൽ മാത്രമേ കോൺഗ്രസ്സിനും നമ്മുടെ രാജ്യത്തിനും അധികാരത്തിൽ വന്നാൽ ഭാവിയുണ്ടാകുകയുള്ളൂ. അധികാരത്തിൽ വരാൻ പോകുന്നില്ലായെന്നുള്ള രാഷ്ട്രീയം വേറെ. ..... (....ബഹളം.....) ഇവിടെ അതല്ല ഡിസ്കസ് ചെയ്യുന്നത്. പക്ഷെ, ഇലക്ഷനുമുമ്പ് ഓരോരുത്തരും പറയുന്നുണ്ടല്ലോ.....

<u>മി. സ്പീക്കർ:</u> പ്ലീസ്...... അദ്ദേഹം എത്ര ശാന്തമായിട്ടാണ് പറയുന്നത്. നിങ്ങൾ എന്താണ് ഇങ്ങനെ ബഹളം വയ്ക്കുന്നത്?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ ഇവിടെ ഗൗരവമായിട്ടുള്ള വിഷയം ചർച്ച ചെയ്യുകയാണ്. അദ്ദേഹം വളരെ ഉത്തരവാദിത്വത്തോടുകൂടി ആ പ്രശ്നത്തിലിടപെട്ട് ഞങ്ങളെ ചർച്ച ചെയ്യാൻ സഹായിക്കുകയാണ് വേണ്ടത്. (....ബഹളം.....) അങ്ങ്

പറഞ്ഞ ബാങ്കിംഗ് സെക്ടറിലുള്ള ഈ പ്രതിസന്ധി തന്നെയാണ് നമ്മുടെ ഓപ്പർച്യൂണിറ്റി എന്നാണ് മനസ്സിലാക്കേണ്ടത്. ജില്ലാ ബാങ്കുകളുടെ ഇന്നത്തെ സ്ഥിതിയും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഇപ്പോഴുള്ള അവസ്ഥയും വച്ച് നോക്കുമ്പോൾ നമുക്ക് ബാങ്കിംഗ് സെക്ടറിൽ ഫലപ്രദമായി ഇടപെടാനോ ആഗോളവൽക്കരണ നയങ്ങൾ സൃഷ്ടിച്ച ആഘാതത്തിനെതിരെ ഒരു ബദലായി ഉയർന്നുനിൽക്കാനോ കഴിയില്ല. ബദലായി ഉയർന്നുനിൽക്കാൻ കഴിയുന്ന വിധത്തിലുള്ള റീ-സ്ട്രക്ചറിംഗ് ഇവിടെ കൊണ്ടുവരാനാണ് ഗവൺമെന്റ് യഥാർത്ഥത്തിൽ ഉദ്ദേശി ക്കുന്നത്. അത് ആ നിലയിൽ മനസ്സിലാക്കണം. ഈ സംയോജനത്തിലൂടെ നമ്മുടെ സാമ്പത്തികവും ഘടനാപരവുമായിട്ടുള്ള ശക്തി കുറേക്കൂടി വർദ്ധിക്കും.

ഇന്ന് നമ്മുടെ ചെറുപ്പക്കാരൊന്നും കോ-ഓപ്പറേറ്റീവ് ബാങ്കുകളിലേക്കല്ല വരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഇവിടെ പറഞ്ഞു. ICICI, HDFC, CITY BANK തുടങ്ങിയ ന്യൂജനറേഷൻ ബാങ്കുകളുടെ പിന്നാലെ പോകുകയാണ്. കാരണം, അവർ അവിടെ കൊള്ള നടത്തുന്നു. പക്ഷെ, ആകർഷണീയമായ സേവനം കൊടുക്കുന്നു, ടെക്നോളജി ഉപയോഗിക്കുന്നു. നമ്മൾ അത്തരത്തിലുള്ള ടെക്നോളജി കൊണ്ടുവരണം; മികച്ച സേവനം വേണം; മെച്ചപ്പെട്ട നിലയിലുള്ള പ്രൊഫഷണലിസം വേണം. അതിന് ഇപ്പോഴുള്ള സാമ്പത്തിക സ്ഥിതിവച്ച് സാധിക്കില്ല.

ജില്ലാ ബാങ്കുകളുടെ സ്ഥിതിയെപ്പറ്റി ഇവിടെ പറഞ്ഞു. പലതും പ്രശ്നത്തിലാണ്. തിരുവനന്തപുരം ജില്ലാ ബാങ്ക് 500 കോടി രൂപയോളം കടത്തിലാണ്. ഭൂരിപക്ഷവും യു.ഡി.എഫ്. ഭരണസമിതി ആണെന്നാണ് എനിക്ക് തോന്നുന്നത്. യു.ഡി.എഫ്. ഭരിച്ചതുകൊണ്ട് മാത്രമാണെന്നല്ല ഞാൻ ഉദ്ദേശിച്ചത്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് വിഷമങ്ങളുണ്ടായിട്ടുണ്ട്. അതിന് കടബാധ്യതയും പ്രശ്നങ്ങളുമില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ പ്രശ്നം എല്ലാ ബാങ്കുകൾക്കുമുണ്ട്. കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ കൃത്രിമമായി ലാഭം കാണിച്ചുവെന്നാണ് ഓഡിറ്റിലൂടെ മനസ്സിലാകുന്നത്. കൃത്രിമമുണ്ടെന്ന് കണ്ട് ഓഡിറ്റ് റിപ്പോർട്ട് റീ-ഓഡിറ്റിന് വിധേയമാക്കുകയാണ്. പല ബാങ്കുകൾക്കും ഇതുപോലെ പ്രതിസന്ധിയുണ്ട്. ഈ ദുർബലാവസ്ഥയിൽനിന്നും കേരളത്തിന് സ്വന്തമായി ഒരു സ്ട്രോംഗ് ബാങ്ക് എന്ന നിലയിൽ ഇതിനെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. ഇത്തരത്തിൽ ശക്തമായൊരു ബാങ്ക് എന്ന വികാരമുണ്ടാകുമെന്ന് പറയുന്നതുപോലെ, 14 ജില്ലകൾക്കും ജില്ലയുടെ സ്വന്തം ബാങ്ക് എന്ന വികാരമുണ്ടാകില്ലേ എന്നാണ് അങ്ങ് പറഞ്ഞത്. അങ്ങനെ വികാരമുണ്ടാകാൻ പാടില്ല. ഒരു കവിതയിൽ പറയുന്നതുപോലെ,

'ഭാരതമെന്ന പേർ കേട്ടാൽ

അഭിമാനപൂരിതമാകണം അന്തഃരംഗം

കേരളമെന്നു കേട്ടാലോ തിളയ്ക്കണം

ചോര നമുക്ക് ഞരമ്പുകളിൽ'

ആ രണ്ട് വികാരങ്ങളേയുള്ളൂ. അല്ലാതെ മലപ്പുറം വികാരം, മലബാർ വികാരം, തിരുവിതാംകൂർ വികാരം എന്നൊക്കെ പറഞ്ഞാൽ അത് അപകടത്തിലേക്ക് നയിക്കും.

മി. സ്പീക്കർ: മണ്ഡലമെന്ന് കേട്ടാലും തിളയ്ക്കരുത്.

ശ്രീ. എം. ഉമ്മർ: സർ, ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കറക്ട് ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ എസ്.ബി.ടി. എന്നുപറയുമ്പോൾ നമുക്ക് നമ്മുടേതായ ഒരു വികാരമുണ്ടെന്ന് പറഞ്ഞു. അതൊരു പ്രാദേശിക വികാരമാണ്. കേരളത്തിന്റേതായ വിശാലമായ അടിസ്ഥാനത്തിൽ നോക്കുമ്പോൾ പ്രാദേശികമായി ആ വികാരമുണ്ടാകാൻ പാടില്ല. അങ്ങനെ നോക്കുമ്പോൾ ഓരോ ജില്ലയ്ക്കും അങ്ങനെയുള്ള ജില്ലാ വികാരമുണ്ടാകില്ലേയെന്നാണ് ഞാൻ ചോദിച്ചത്. അതല്ലാതെ മലപ്പുറം വികാരമെന്നല്ല. ഉദാഹരണത്തിന് മലപ്പുറം ഒരു ജില്ല, കാസർഗോഡ് ഒരു ജില്ല, കണ്ണൂർ ജില്ലയിലെ ബാങ്ക് നഷ്ടത്തിലായതുകൊണ്ട് ചിലപ്പോൾ അവർക്ക് ആ വികാരമുണ്ടാകണമെന്നില്ല. മലപ്പുറം ജില്ലയിലെയും പാലക്കാട് ജില്ലയിലെയും ബാങ്ക് വളരെ ലാഭത്തിൽ പോകുകയാണ്. ഓരോ ജില്ലാ ബാങ്കുകളും തികഞ്ഞ അച്ചടക്കത്തോടുകൂടി നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായി ആ ബാങ്കുകൾ ലാഭമുണ്ടാക്കി വരികയാണ്. മാത്രമല്ല, കേരളത്തിന്റെ പൊതുവികാരമെന്ന് പറയുമ്പോൾ, അധികാര വികേന്ദ്രീകരണമെടുത്തു നോക്കിയാൽ ചില സ്റ്റേറ്റുകൾ ഓപ്റ്റ് ചെയ്തത് ടൂ ടയർ സിസ്റ്റമാണ്. സംസ്ഥാനത്ത് പഞ്ചായത്തീരാജ് വന്നപ്പോൾ, ചില സ്റ്റേറ്റുകളിൽ ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞാൽ ജില്ലാ പഞ്ചായത്തുകളേയുള്ളൂ, അതിനിടയിൽ ബ്ലോക്ക് പഞ്ചായത്തില്ല. അതേസമയം നമ്മൾ തെരഞ്ഞെടുത്തത് ത്രീ ടയർ സിസ്റ്റമാണ്. അതിൽ അധികാര വികേന്ദ്രീകരണമാണുള്ളത്. സ്റ്റേറ്റ് ബാങ്ക്, ജില്ലാ ബാങ്ക്, പ്രൈമറി ബാങ്ക് എന്നിങ്ങനെയാണ് നമ്മുടെ വികേന്ദ്രീകരണം. ജില്ലാ ബാങ്കുകൾ വളരെ നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് ഭരണഘടനാ ഭേദഗതി വളരെ സിമ്പിളായി പറയുകയുണ്ടായി. ഇതുതന്നെയാണ് ശ്രീ. നരേന്ദ്ര മോദിയും പറയുന്നത്. ഭരണഘടനാ ഭേദഗതി, ഫണ്ടമെന്റൽ റൈറ്റ്സ്... ഒരു ദിവസം രാവിലെ (....ബഹളം.....) .....അങ്ങ് വഴങ്ങിത്തന്നതല്ലേ ഞാനൊന്നു പറയട്ടെ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ വഴങ്ങി, അങ്ങ് നല്ലൊരു പ്രസംഗവും നടത്തി. ഇനി ഞാൻ പറയട്ടെ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് കൺക്ലൂഡ് ചെയ്യാനുള്ള സമയം കൊടുക്കണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അങ്ങ് പറഞ്ഞതുപോലെ ഈ പ്രതിസന്ധിയിലും ജനങ്ങളെ പിഴിഞ്ഞ് പരിഹാരമുണ്ടാക്കാനാണ് മറ്റ് ബാങ്കുകളെല്ലാം ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ഇപ്പോൾ എ.ടി.എം. പ്രത്യേക ചാർജ് ഈടാക്കുന്നു. പത്തിനം പുതിയ ഫീസുകളാണ് എസ്.ബി.ഐ. കൊണ്ടുവന്നത്. അതിൽ ആളുകളുടെ പ്രതിഷേധമൊക്കെ വന്നപ്പോൾ ഒരിനത്തിൽ മാറ്റം വരുത്തി. അത് അവരുടെ രീതിയാണ്. കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിലൂടെ ഇത്തരം സാഹചര്യം നിലനിൽക്കുമ്പോഴും നമുക്ക് കുറേയധികം മുന്നേറ്റവും മെച്ചവും സൃഷ്ടിക്കാനാകും. അതിൽ നേരത്തെ ഇവിടെ പറഞ്ഞ ടെക്നോളജി കൊണ്ടുവരുന്ന കാര്യത്തിൽ ഇപ്പോൾ ബാങ്കുകൾക്ക് മാത്രമായി ധനപരമായിട്ടുള്ള ശേഷിയില്ല. ഇത് സംയോജിക്കുന്നതിന്റെ ഭാഗമായി അത്തരത്തിലുള്ള ശേഷിയുണ്ടാകും. നന്നായി പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് ആ നിലയിൽ ഇന്ന് നമ്മുടെ മാർക്കറ്റിൽ ഇടപെടാനുള്ള കഴിവില്ല. അത് സാധ്യമാകണമെങ്കിൽ വില കൂടിയ സാങ്കേതികവിദ്യകൾ നടപ്പിലാക്കേണ്ടി വരും. നാഷണൽ പേമെന്റ് സിസ്റ്റത്തിലേക്ക് വരാൻ വിലകൂടിയ സോഫ്റ്റ്‌വെയറൊക്കെ വേണം. അത് ജില്ലാ ബാങ്കും സ്റ്റേറ്റ് ബാങ്കും മാത്രം വിചാരിച്ചാൽ നടക്കില്ല. ഇതിന്റെ സംയോജനത്തിലൂടെ സാമ്പത്തികവും ഭരണപരവുമൊക്കെയായിട്ടുള്ള ശേഷിയും ശക്തിയും സംഭരിച്ചു കൊണ്ടുമാത്രമേ അതിന് സാധിക്കുകയുള്ളൂ. ആ നിലയിലുള്ള ഒരു സദുദ്ദേശ്യമാണ് ഇതിനകത്തുള്ളത്. നമ്മുടെ സഹകരണ ബാങ്കിന്റെ വ്യാപ്തിയും സ്വീകാര്യതയുമൊക്കെ ഉപയോഗിച്ചുകൊണ്ടേ ഇതിന്റെ സ്വാധീനം എല്ലാ ഗ്രാമങ്ങളിലും ജനങ്ങൾക്ക് സേവനം ആവശ്യമുള്ള എല്ലായിടത്തും എത്തിക്കാൻ സാധിക്കുകയുള്ളൂ.

ഇവിടെ, ബ്രാഞ്ചുകൾ കുറയുകയല്ല, കൂടുകയാണ് ചെയ്യുന്നത്. നേരത്തെ അങ്ങനെയൊരു ആശങ്ക ഇവിടെ പ്രകടിപ്പിച്ചു. അതുവഴി ബിസിനസ്സ് വർദ്ധനവിലേക്ക് പോകാനാകും. ആധുനികമായിട്ടുള്ള ഏറ്റവും മികച്ച സേവനങ്ങളും സൗകര്യങ്ങളും ജനങ്ങൾക്ക് ഇതുവഴി നൽകാൻ കഴിയും. എൻ.ആർ.ഐ. നിക്ഷേപവും വിദേശനാണ്യ നിക്ഷേപവുമെല്ലാംതന്നെ നമുക്ക് .....(....ബഹളം.....) ഞാൻ വഴങ്ങുന്നില്ല. അവസാനിപ്പിക്കാൻ പോകുകയാണ്.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള, ഇന്ന് വെള്ളിയാഴ്ചയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, നേരത്തെ ത്രീ ടയർ സിസ്റ്റത്തിന്റെ പവിത്രതയെക്കുറിച്ച് അങ്ങ് പറഞ്ഞു. ത്രീ ടയർ സിസ്റ്റത്തിന് എതിരായിട്ടുള്ള നിലപാട് ദേശീയതലത്തിൽ തന്നെയാണ് അംഗീകരിച്ചത്. അതല്ല, ടൂ ടയറാണ് ഫലപ്രദമെന്ന് ദേശീയതലത്തിൽ അംഗീകരിച്ചത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള

ഗവൺമെന്റാണ്. ഇന്ദിരാ ഗാന്ധിയുടെ ഭരണകാലത്താണെന്നാണ് എനിക്ക് തോന്നുന്നത്. കോൺഗ്രസ്സ് ഗവൺമെന്റിന്റെ ഭരണകാലത്താണ്, നയപരമായിത്തന്നെ അത് ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടത്. അതിന്റെ പശ്ചാത്തലത്തിലാണ് കേരളം എല്ലാ കാര്യത്തിലുമെന്നപോലെ ഇതിലും വഴികാട്ടി മുന്നോട്ടു പോകുന്നത്. ഛത്തീസ്ഗഢ്, പഞ്ചാബ് തുടങ്ങിയ പതിനൊന്നോളം സംസ്ഥാനങ്ങൾ നമ്മുടെ സംസ്ഥാനത്തെ മാതൃകയാക്കി പോകുകയാണ്. എന്നാൽ നയപരമായി ടൂ ടയർ സിസ്റ്റമാണ് ഏറ്റവും ഇഫക്ടീവെന്നുള്ളത് നേരത്തേതന്നെ ദേശീയതലത്തിൽ ചർച്ച ചെയ്യപ്പെട്ടതാണ്. ഇതിന്റെ ഭാഗമായി പ്രൈമറി അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് പലിശയിനത്തിൽ വലിയ തോതിലുള്ള ആശ്വാസമുണ്ടാകും; നല്ല നിലയിൽ ബിസിനസ്സ് ചെയ്യാൻ സാധിക്കും; അവരുടെ സാഹചര്യങ്ങൾ ഇംപ്രൂവ് ചെയ്യാനും സാധിക്കും.

ഇപ്പോൾ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് വായ്പയെടുത്ത് ജില്ലാ ബാങ്ക് അതിന് മുകളിൽ പലിശ ചുമത്തി താഴോട്ട് കൊടുക്കുന്നതിനുപകരം ഒറ്റത്തട്ടാകുമ്പോൾ വലിയ ആശ്വാസമുണ്ടാകും. നമ്മൾ കൈവരിക്കുന്ന സാങ്കേതികജ്ഞാനവും വിദ്യയുമൊക്കെ ഈ പ്രൈമറി സംഘങ്ങൾക്ക് അനായാസേന സ്വായത്തമാക്കാനാവില്ല. അപ്പോൾ ശക്തമായൊരു ബാങ്കുണ്ടാകുമ്പോൾ അവർക്ക് ആ സൗകര്യങ്ങൾ കൊടുക്കാൻ സാധിക്കും. ഇങ്ങനെയുള്ള ധാരാളം നേട്ടങ്ങളുണ്ട്. അതുകൊണ്ട് നിങ്ങൾ ദയവുചെയ്ത് ഇതിനെ എതിർക്കരുത്. രാഷ്ട്രീയമെന്ന് പറയുന്നത് മഹത്തായ ഒരു കാര്യമാണ്. നല്ല കാര്യങ്ങൾക്കുവേണ്ടി എപ്പോഴും യോജിച്ച് നിൽക്കേണ്ടതാണ്. രാഷ്ട്രീയത്തിനതീതമായ വികസന നിലപാട് എന്നതിനോട് എനിക്ക് യോജിപ്പില്ല; രാഷ്ട്രീയത്തിന് വിധേയമാണ്. എൽ.ഡി.എഫ്.ന്റെ രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായാണ് ഈ ആശയം മുന്നോട്ടുവച്ച് യാഥാർത്ഥ്യമാക്കാൻ പോകുന്നത്. യു.ഡി.എഫ്-ഉം നമ്മുടെ നാടിന്റെ ഭാവിയെക്കരുതി രാഷ്ട്രീയമായി തീരുമാനിച്ചാണ് ഇതിനെ പിന്തുണയ്ക്കേണ്ടത്. രാഷ്ട്രീയത്തിനതീതമായ പിന്തുണയോ രാഷ്ട്രീയമില്ലാത്ത പിന്തുണയോ അല്ല. നമ്മളെല്ലാം രാഷ്ട്രീയമായി ഈ നാടിനെ നയിക്കാൻ നിയോഗിക്കപ്പെട്ടവരാണ്. വികസനം പറയുമ്പോൾ എല്ലാവരും രാഷ്ട്രീയത്തിനതീതമായ വികസനം എന്നുപറയും. അപ്പോൾ രാഷ്ട്രീയമെന്തോ മോശപ്പെട്ട കാര്യമാണെന്നും വികസനത്തിനെതിരായ ഒന്നാണെന്നും കരുതേണ്ടിവരും. അങ്ങനെയല്ല, രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് എല്ലാ വികസനങ്ങളും ഇവിടെ ഉണ്ടായത്. ഇന്ന് ഇന്ത്യ കൈവരിച്ച എല്ലാ നേട്ടങ്ങൾക്കും ആധാരശിലയിട്ട ജവഹർലാൽ നെഹ്റുവിന്റെ 'പഞ്ചവൽസര പദ്ധതി' അന്നത്തെ കോൺഗ്രസ്സിന്റെ രാഷ്ട്രീയമായ തീരുമാനമാണ്. കേരളത്തെ ഇന്നത്തെ നിലയിലേക്ക് വികസിപ്പിച്ച ഇ.എം.എസ്. ഗവൺമെന്റിന്റെ 'ഭൂപരിഷ്കരണം' അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമാണ്. അപ്പോൾ രാഷ്ട്രീയത്തിന്

അതീതമായിട്ടല്ല ഒരു വികസനക്കുതിപ്പുണ്ടായത്. അതുകൊണ്ട് എൽ.ഡി.എഫ്.-ന്റെ രാഷ്ട്രീയ തീരുമാനത്തിന്റെ ഭാഗമായി കേരളത്തിന്റെ സമ്പദ്ഘടനയുടെ പുരോഗതിയിൽ സുപ്രധാനമായ ചുവടുവയ്പ്പാണ് കേരള ബാങ്കിന്റെ രൂപീകരണം. നാടിന്റെ ഭാവിയെക്കരുതി യു.ഡി.എഫ്. രാഷ്ട്രീയമായിത്തന്നെ തീരുമാനിച്ച് ഇതിനെ പിന്തുണയ്ക്കണമെന്ന അഭ്യർത്ഥനയോടെ നിർത്തുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, നമ്മുടെ രാജ്യത്തെ സഹകരണ മേഖലയുടെ ചരിത്രത്തിലെ അവിസ്മരണീയമായ മാറ്റത്തിനാണ് കേരളം നേതൃത്വം കൊടുക്കാൻ പോകുന്നത്. യൂറോപ്പിലാണ് സഹകരണ പ്രസ്ഥാനം ആവിർഭവിച്ചതെങ്കിലും കേരളത്തോളം ശക്തമായൊരു സഹകരണ പ്രസ്ഥാനം ഇന്ത്യയിൽ ഒരിടത്തും നമുക്ക് കാണാൻ സാധിക്കുകയില്ല. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കക്ഷിരാഷ്ട്രീയത്തിനതീതമായി നമ്മുടെ മുന്നിൽ സഞ്ചരിച്ച സഹകാരികളുടെ ഒരു തലമുറയുണ്ട്. സ്വാതന്ത്ര്യസമര പ്രസ്ഥാനവും അതിന്റെ ഭാഗമായിട്ടെല്ലാം ഉയർന്നുവന്ന ഒരു തലമുറ, അവർ സഹകരണത്തിന്റെ സാധ്യതകളെ സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗപ്പെടുത്താൻ ശ്രമിച്ചതിന്റെ ഭാഗമായാണ് ഇന്ത്യയ്ക്കുതന്നെ മാതൃകയാകുന്ന സഹകരണ പ്രസ്ഥാനത്തെ രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് സാധിച്ചത്. നമ്മുടെ മേഖല ചെന്നെത്താത്ത ഒരിടവുമില്ല. അതുകൊണ്ടുതന്നെ കേരളത്തെ സംബന്ധിച്ച് ഏതൊരു മാറ്റവും ഗൗരവതരമായ ചർച്ചകൾക്ക് വിഷയമാകുക സ്വാഭാവികമാണ്. അതുകൊണ്ട് പ്രതിപക്ഷ കക്ഷികൾ ഉന്നയിക്കുന്ന ആശങ്കകൾ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. ഗവൺമെന്റ് അങ്ങനെ തന്നെയാണ് കാണുന്നത്. പക്ഷെ, അത്തരം ആശങ്കകൾക്ക് കാര്യമായ അടിസ്ഥാനമില്ലെന്ന് മനസ്സിലാക്കണമെന്നാണ് എനിക്ക് വിനയത്തോടുകൂടി അപേക്ഷിക്കാനുള്ളത്.

ഇവിടെ രാഷ്ട്രീയം എന്ന വാക്ക് ധാരാളമായി ഉപയോഗിക്കുന്നുണ്ട്. രാഷ്ട്രീയം എന്ന പദത്തെ നമ്മൾ രാഷ്ട്രത്തിനും നാടിനും സമൂഹത്തിനും വേണ്ടിയുള്ളതാണെന്ന് അർത്ഥമാക്കിയാൽ യാതൊരു തരത്തിലുമുള്ള പ്രശ്നവുമില്ല. കേരളത്തിൽ സഹകരണ മേഖലയിൽ അനിവാര്യമായിട്ടുള്ളൊരു മാറ്റത്തിന് നമ്മുടെ സംസ്ഥാന നിയമസഭ നേതൃത്വം കൊടുക്കുകയാണ്, കേരളം നേതൃത്വം കൊടുക്കുകയാണ്. കേരളത്തിന്റെ പിന്നാലെ, ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പലരും ചൂണ്ടിക്കാണിച്ചതുപോലെ, ഇന്ത്യയിലെ വലുതും ചെറുതുമായിട്ടുള്ള വിവിധ സംസ്ഥാനങ്ങൾ വളരെ വേഗതയിൽ നമുക്ക് മുന്നിൽത്തന്നെ കടന്നുപോകാൻ ശ്രമിക്കുകയാണോയെന്ന് തോന്നിക്കുന്ന മട്ടിൽ ടൂ ടയർ സിസ്റ്റത്തിലേക്ക് മാറുന്നതിനുള്ള പരിശ്രമത്തിലേർപ്പെട്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്.

ഇവിടെ പ്രധാനമായും രണ്ടുമൂന്ന് ആശങ്കകളാണ് ഉയർന്നുവന്നിട്ടുള്ളത്. ഒന്ന്, ഇന്ത്യയിലെ ദേശസാൽകൃത ബാങ്കുകളിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിരന്തരം സംസാരിച്ചത്. അത് നിശ്ചയമായും ശരിയാണ്. നമ്മുടെ രാജ്യത്തുണ്ടായ വലിയൊരു നയംമാറ്റത്തിന്റെ ഫലമായിരുന്നു അതെന്ന യാഥാർത്ഥ്യം ഇന്ന് പ്രതിപക്ഷം ഉൾക്കൊള്ളുന്നുണ്ട്. നമ്മുടെ രാജ്യത്തെ ദേശസാൽകൃത, പൊതുമേഖലാ ബാങ്കുകൾ നഷ്ടത്തിലാകുന്നതിനുകാരണം യു.പി.എ. ഗവൺമെന്റ് തുടങ്ങിവച്ച ബാങ്കിംഗ് നയമാണെന്ന കാര്യം നമുക്ക് മറക്കാൻ സാധിക്കുകയില്ല. അതിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് നിരവധി പ്രക്ഷോഭങ്ങളും സമരങ്ങളും ബാങ്കിംഗ് മേഖലയിൽ മാത്രമല്ല, അല്ലാതെയും നടത്തിയിട്ടുണ്ട്. വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് വഴിവിട്ട സഹായം നൽകി തുടങ്ങിവച്ച നയം ബി.ജെ.പി. ഗവൺമെന്റ് സർവ്വ സംഹാരിയായ തരത്തിൽ ഇന്ന് സ്വീകരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കോടാനുകോടി രൂപയാണ് ഇത്തരം ബാങ്കുകളിൽനിന്നും വൻകിട കോർപ്പറേറ്റുകൾക്ക് നൽകുന്നത്. അത് കൃഷിക്കാർക്ക് നൽകുന്നില്ല. കർഷകന് സഹായമില്ല, വായ്പയില്ല. കൃഷിക്കാരെ സഹായിക്കാൻ രൂപീകരിച്ച ബാങ്കുകൾ ആ ധർമ്മം മറന്ന് പ്രവർത്തിക്കുകയാണ്. വൻകിട കോർപ്പറേറ്റുകൾക്ക് രാജ്യത്തെ ജനങ്ങളുടെ പണം ഇഷ്ടംപോലെ കൊള്ളയടിക്കുന്നതിനുള്ള സൗകര്യവും നാട് വിട്ട് വിദേശരാജ്യങ്ങളിൽപ്പോയി സുഖവാസമനുഭവിക്കുന്നതിനുള്ള അവസരവും ഒരുക്കിക്കൊടുക്കുന്ന സമീപനത്തിൽ നിന്നും ഉയർന്നുവരുന്ന ഉത്കണ്ഠയാണ് യഥാർത്ഥത്തിൽ ഇവിടെ പ്രകടമാകുന്നതെങ്കിൽ അത്തരത്തിലുള്ള യാതൊരു ഉത്കണ്ഠയ്ക്കും കേരളബാങ്ക് കാരണമല്ലെന്ന് വളരെ വിനയത്തോടുകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സഹകരണ നിയമത്തിന്റെ സത്തയ്ക്കും നിബന്ധനകൾക്കും അനുസരിച്ചുതന്നെ ഈ പുതിയ ബാങ്ക് പ്രവർത്തിക്കണമെന്നതാണ് ആർ.ബി.ഐ-യുടെ ഒന്നാമത്തെ കണ്ടീഷൻ. സഹകരണ നിയമത്തിന്റെയുള്ളിൽ നിന്നുകൊണ്ടുമാത്രമെ ഈ ബാങ്കിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു തന്നെ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്ന മറ്റ് ബാങ്കുകളെപ്പോലെ ദിശാബോധമില്ലാതെ വൻകടം കൊടുക്കലിലേക്കും അടിസ്ഥാന വികസനവുമായി ബന്ധമില്ലാത്ത മേഖലകളിലേക്കുമുള്ള ധനം തിരിച്ചുവിടലിലേക്കും ഈ ബാങ്കിന് പോകാൻ സാധിക്കുകയില്ല. PACS-നും അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കുംകൂടി നേരിട്ട് പ്രയോജനവും അധികാര അവകാശങ്ങളുമുള്ള ഒരു സഹകരണ ബാങ്കായിരിക്കും കേരള ബാങ്ക്. അല്ലാതെ ഇന്നിപ്പോൾ പ്രവർത്തിക്കുന്ന മറ്റ് ബാങ്കുകൾ പോലെയായിരിക്കില്ല.

മൂലധന വിനിയോഗം, കൊടുക്കൽ വാങ്ങലുകൾ എന്നിവ സഹകരണ അടിത്തറയിൽ നിന്നുകൊണ്ടുതന്നെയായിരിക്കും കാര്യങ്ങൾ നിർവ്വഹിക്കുന്നത്. അക്കാര്യത്തിൽ യാതൊരുവിധത്തിലുള്ള സംശയവും അങ്ങേക്ക് ആവശ്യമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ ആവർത്തിച്ച പറയുന്നൊരു കാര്യം, സംസ്ഥാന സഹകരണ ബാങ്ക് നഷ്ടത്തിലാണെന്നുള്ള പ്രചരണമാണ്, അത് ശരിയല്ല. കഴിഞ്ഞ രണ്ട് വർഷമായി സംസ്ഥാന സഹകരണ ബാങ്കുകൾ ലാഭകരമായി പ്രവർത്തിക്കുകയാണ്. സഞ്ചിതനഷ്ടം വലിയ തോതിൽ കുറച്ചുകൊണ്ടുവരാൻ സാധിച്ചുവെന്ന ആശ്വാസവുമുണ്ട്. പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴിച്ച് ബാക്കി 13 ജില്ലാ സഹകരണ ബാങ്കുകളും ലാഭകരമായി പ്രവർത്തിക്കുകയാണ്. അത്തരമൊരു തെറ്റിദ്ധാരണ ആർക്കും വേണ്ട. സമയം വേണ്ടത്രയില്ലാത്തതുകൊണ്ട് കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല.

ജില്ലാ ബാങ്കുകൾ സ്വന്തംനിലയിൽ നിന്നാൽ നല്ലനിലയിൽ മുന്നോട്ട് പോകാൻ സാധിക്കുമെന്ന് പറയുന്നത് ശരിയല്ല എന്നുള്ളതിന് നമ്മുടെ മുന്നിൽത്തന്നെ ഉദാഹരണങ്ങളുണ്ട്. ഒരുപാട് കാലം ഇതുപോലെ നിലനിന്നുപോകാൻ സാധിക്കുകയില്ല. നോട്ട് നിരോധനകാലം നമുക്ക് ഓർമ്മയുള്ളതാണ്. നിരോധിച്ച നോട്ടുകൾ സ്വീകരിക്കാൻ ഡി.സി.ബി.-കളെ അനുവദിച്ചില്ലെന്ന കാര്യം നമ്മൾ മറക്കരുത്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെക്കുറിച്ച് നോട്ട് നിരോധന കാലയളവിൽ കേന്ദ്ര ഗവൺമെന്റും കേന്ദ്ര ഏജൻസികളും ആർ.ബി.ഐ.-യും ബന്ധപ്പെട്ട ഓർഗനൈസേഷനുകളും നടത്തിയ ദുഷ്പ്രചാരവേല എത്രമാത്രം വലുതായിരുന്നുവെന്നത് മലപ്പുറത്തെ സ്നേഹിതന്മാരും നമ്മളും മനസ്സിലാക്കേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റും സംസ്ഥാനത്തെ ഇതര സഹകരണ പ്രസ്ഥാനങ്ങളും ഒറ്റക്കെട്ടായി നിന്നാണ് ആ കടുത്ത അന്യായങ്ങളെയും ആക്ഷേപങ്ങളെയും നേരിട്ടത്. കേന്ദ്ര ഗവൺമെന്റിന്റെ ഫിനാൻഷ്യൽ വിംഗിന്റെ ഒരു പരിശോധന മലപ്പുറം ജില്ലാ ബാങ്കിന്റെ ഏതാണ്ട് എല്ലാ ബ്രാഞ്ചുകളിലും ഒരേ ദിവസം നടത്തി. പരിശോധനയിൽ അനാവശ്യമായ കള്ളപ്പണമൊന്നും കണ്ടെത്താൻ അവർക്ക് സാധിച്ചില്ല. പക്ഷേ, പരിശോധനയുടെ കാര്യമാണ് വ്യാപകമായി അവർ പ്രചരിപ്പിച്ചത്. ഇക്കാര്യം ടെലിവിഷനിൽ വലിയ വാർത്തയായി വന്നപ്പോൾ, അവിടെ കള്ളപ്പണമുണ്ടായിരുന്നുവെന്ന വ്യാജപ്രചരണം നടത്തുകയായിരുന്നു. അതെല്ലാം ഓർക്കുന്നത് നല്ലതായിരിക്കും.

<u>മി. സ്പീക്കർ</u>: അങ്ങേക്ക് ഇനി രണ്ട് മിനിറ്റ് സമയമേയുള്ളൂ. അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഒരു തട്ട് ഒഴിവാകുമ്പോൾ പലിശയിൽ ഇളവുണ്ടാകും. അതുകൊണ്ട് പ്രായോഗികമായി പലിശയിൽ ഇളവ് നൽകാൻ സാധിക്കുകയില്ല. ജില്ലാ സഹകരണ ബാങ്കുകളുടെ 803 ശാഖകൾക്ക് ലൈസൻസ് കിട്ടുമോയെന്ന ചോദ്യം ഉന്നയിച്ചു. ശാഖകൾക്ക് ലൈസൻസിന് അപേക്ഷിക്കുവാൻ ആർ.ബി.ഐ.-യിൽ നിന്നും നിർദ്ദേശമുണ്ട്, ലൈസൻസ് ലഭിക്കും. അതുപോലെ

കോമൺ സോഫ്റ്റ്വെയർ എന്ന് നടപ്പിലാക്കുമെന്ന് ചോദിച്ചു, അതിന്റെ നടപടികൾ പുരോഗമിക്കുന്നുണ്ട്. നടപടിക്രമങ്ങൾക്കനുസരിച്ചുതന്നെ പുതിയ സോഫ്റ്റ്വെയർ താമസമില്ലാതെ നിലവിൽ വരും. മൂന്നിൽരണ്ട് ഭൂരിപക്ഷത്തെ സംബന്ധിച്ച് ചിലർ പറഞ്ഞു. ആക്ടിലെ പ്രൊവിഷന്റെ ആവർത്തനമാണത്. ആർ.ബി.ഐ. നിർദ്ദേശമായി അതിനെ കാണാൻ സാധിക്കുകയില്ല. എക്സിറ്റ് പാസ്സും അനുവദിച്ചിട്ടുണ്ട്. ജില്ലാ പരിഗണന സോണൽ ഓഫീസുകൾ വഴി പരിഹരിക്കാൻ സാധിക്കും. ഇവിടെ സംവരണത്തെയും ലിംഗസമത്വത്തെയും സംബന്ധിച്ച് സംസാരിച്ചു. ഇപ്പോൾത്തന്നെ സഹകരണ ബോർഡിൽ സംവരണമുണ്ട്. സംവരണമില്ലാതെ തന്നെ സഹകരണ സംഘങ്ങളിൽ നിരവധി വനിതകൾ പ്രവർത്തിക്കുന്നുണ്ട്, ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയെന്ന് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ വളരെ പതിഞ്ഞ സ്വരത്തിലാണ് പ്രസംഗിച്ചതെങ്കിലും രണ്ടരവർഷം കഴിഞ്ഞ് ഒരു ഗവൺമെന്റ് വരുമ്പോൾ ആ ഗവൺമെന്റിന് താങ്ങേണ്ടിവരുന്ന സാമ്പത്തിക ബാധ്യതയെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞു. അങ്ങനെ വിഷമിക്കേണ്ട കാര്യമില്ല.

മി. സ്പീക്കർ: പ്ലീസ്......... സമയമായി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, രണ്ടര വർഷം കഴിഞ്ഞ് വരുന്ന സർക്കാർ ഇപ്പോൾ വരുത്തിവയ്ക്കുന്ന സാമ്പത്തികബാധ്യതകളുടെ ഭാരം പേറേണ്ടിവരുമോയെന്നൊന്നും അങ്ങ് വിഷമിക്കേണ്ട കാര്യമില്ല. അത് ഞങ്ങൾ തന്നെ കൈകാര്യം ചെയ്തോളാം. നല്ല പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റിനെ സ്വീകരിക്കാതിരിക്കാൻ സമൂഹത്തിന് സാധിക്കുകയില്ല. അതുകൊണ്ട് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അക്കാര്യത്തിൽ വിഷമിക്കേണ്ട യാതൊരു കാര്യവുമില്ല. ഞങ്ങളുടെ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരും. എന്തെങ്കിലും സാമ്പത്തിക പ്രശ്നങ്ങളുണ്ടെങ്കിൽ അത് ഞങ്ങൾതന്നെ പരിഹരിക്കും എന്ന കാര്യത്തിൽ ഒരു വിഷമവും വേണ്ട. കൂടുതൽ കാര്യങ്ങളിലേക്ക് പോകുന്നില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ നിരാകരണപ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങയുടെ '1(എ)' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച '1 (എ)' നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പ്രദീപ്കുമാർ അങ്ങയുടെ '2(ബി)' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച '2(ബി)' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു;

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ഫെബ്രുവരി 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)